SEPTEMBER 2024
Volume 56
Issue 12

26 റാംപ് (RAMP)
എം.എസ്.എം. ഇകൾക്കുള്ള
കേന്ദ്ര സർക്കാർ പദ്ധതി

ഓണാശംസകൾ...

# വ്യവസായ കേരളം

VYAVASAYA KERALAM



# കരവിരുതിന്റെ ഊടും പാവും


LASER
PRINTING
KONICA MINOLTA
xerox
RISO
EVOLIS
COLOUR AND BLACK
PRODUCTION MACHINE
(13X19 AND 13X46" BANNER SIZE)
FRAME | T-SHIRT | MUG | PVC CARD | PILLOW ETC.,
BARCODE AND NUMBER PRINTING
KT Digital House
A Complete digital solution
Orphanage Road MUKKAM | ktdigitalmkm@gmail.com
8086 1000 75 | 8086 1000 85

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

സെപ്റ്റംബർ 2024 പുസ്തകം 56 ലക്കം 12
SEPTEMBER 2024 Volume 56 Issue 12

# ഉള്ളടക്കം

06 **സെബിയുടെ വിശ്വാസ്യതയും ഇന്ത്യൻ ഓഹരി വിപണിയുടെ നിലനിൽപും**
ആഷിക്ക്. കെ.പി

12 **ഓണത്തിന് കുടുംബശ്രീയുടെ 'ഫ്രഷ് ബൈറ്റ്സ്' ചിപ്സ്**
ഇന്ദു കെ പി

14 **കാർഷിക മേഖലയും സർക്കാർ പദ്ധതികളും ഉദയസൂര്യ വ്യവസായവും**
ജി. കൃഷ്ണപിള്ള

22 **കരവിരുതിന്റെ ഊടും പാവും**
എഴുമാവിൽ രവീന്ദ്രനാഥ്

26 **റാംപ് (RAMP) - എം.എസ്.എം.ഇകൾക്കുള്ള കേന്ദ്ര സർക്കാർ പദ്ധതി**

30 **ഓഗ്മെന്റഡ് റിയാലിറ്റിയും ബിസിനസ്സ് സാധ്യതകളും**
ലോറൻസ് മാത്യു

36 **അപ്സെല്ലിംഗും ക്രോസ് സെല്ലിംഗും, റേസർ ആന്റ് ബ്ലേഡ്സ് പിന്നെ ഡീകൊയ് ഇഫെക്റ്റും**
ഡോ. സുധീർ ബാബു

42 **ആക്രി ബിസിനസ് ചെറുകിട സംരംഭകർക്ക് ധാരാളം അവസരങ്ങൾ**
റ്റി. എസ്. ചന്ദ്രൻ

48 **ജില്ലാ പംക്തി / കൊല്ലം**









# മുഖക്കുറിപ്പ്

**ശ്രീ. എസ്. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**വ്യവസായ കേരളം**

**ചീഫ് എഡിറ്റർ**
**ശ്രീ. എസ്. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ,
വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബിജു പി.ബി.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ: 6238302158**
**ഇമെയിൽ-**
vyavasayakeralam@gmail.com
**വെബ്സൈറ്റ്-**
https://vyavasayakeralam.industry.kerala.gov.in
www.keralaindustry.org
www.industry.kerala.gov.in

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
സിമിചന്ദ്രൻ വി.ആർ.,
സാജൻ പി.സി.,
ക്ലാരമ്മ ജെയിംസ്,
അനിത എസ്.,
സംസം എസ്.,
ഡോണാമോൾ ഈനാസ്,
അരുൺ എസ്.,
ബേബി. വൈ.
രാമകൃഷ്ണൻ എഴുത്തച്ചൻ

ലേഖകരുടെ അഭിപ്രായങ്ങൾ
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമാണ്.

# കേരള ബ്രാൻഡ്

**സംസ്ഥാനത്ത്** പ്രവർത്തിക്കുന്ന സംരംഭങ്ങളെ കേരള ബ്രാൻഡ് ലഭിക്കുന്ന ഗുണനിലവാരത്തിലേക്ക് ഉയർത്തുകയെന്നതാണ് വ്യവസായ വകുപ്പ് ഏറ്റെടുക്കുന്ന ദൗത്യം. ഗുണനിലവാരത്തിലും ധാർമ്മികതയിലും വിട്ടുവീഴ്ചയില്ലാത്ത ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്ന സംരംഭങ്ങളാണ് നാടിന് ആവശ്യമെന്നും ഇത് സാധ്യമാകുന്നതോടെ കേരള ബ്രാൻഡ് അന്താരാഷ്ട്ര തലത്തിൽ ഉയർത്തപ്പെടുമെന്നും അന്താരാഷ്ട്ര സംരംഭക ദിനത്തോടനുബന്ധിച്ച് ആഗസ്റ്റ് 21 ന് വ്യവസായ സംരംഭങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ കേരള ബ്രാൻഡ് സർട്ടിഫിക്കറ്റ് നൽകുന്ന ചടങ്ങ് ഉദ്ഘാടന ചെയ്തുകൊണ്ട് ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് അഭിപ്രായപ്പെട്ടു.

കേരളം ലോകമറിയുന്ന ഒരു ബ്രാൻഡാണ്. ഇത് ലോകത്തിനു മുന്നിൽ ഉത്പന്നങ്ങളുടെ മാർക്കറ്റിങ്ങിലും പ്രയോജനപ്പെടുത്താനാകുമെന്നതാണ് കേരള ബ്രാൻഡിലൂടെ സാധ്യമാകുന്നത്. ഉത്പന്നങ്ങളുടെ ഗുണനിലവാരത്തിന് ഇപ്പോൾ ആളുകൾ വലിയ പ്രാധാന്യം നൽകുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു. അതുകൊണ്ടു തന്നെ ഗുണനിലവാരവും ധാർമ്മികതയും പുലർത്തുന്ന കേരള ബ്രാൻഡിന് വലിയ സാധ്യതയാണ് വിപണിയിലുള്ളത്. കോവിഡിന് ശേഷം ആരോഗ്യ കാര്യങ്ങളിലും ജീവിതശൈലിയിലും വലിയ ഉത്കണ്ഠ സമൂഹത്തിനുണ്ട്. അവർ വൻകിട ബ്രാൻഡുകൾക്ക് പിറകെ പോകാതെ മായം ചേർക്കാത്തതും ഗുണനിലവാരം പുലർത്തുന്നതുമായ പ്രാദേശിക ഉത്പന്നങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

കേരളത്തിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങൾക്കും നൽകുന്ന സേവനങ്ങൾക്കും ആഗോള ഗുണനിലവാരം കൊണ്ടുവരികയും അന്താരാഷ്ട്ര വിപണിയിലെ വിപണന സാധ്യത കൂട്ടുകയും പൊതുവായ ഒരു ബ്രാൻഡ് സൃഷ്ടിച്ചെടുക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ബ്രാൻഡ്. വ്യവസായ വാണിജ്യ വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തിക്കുകയും താലൂക്ക് തല സെലക്ഷൻ കമ്മിറ്റി അംഗീകരിക്കുകയും ചെയ്ത ആറ് വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകൾക്കാണ് ആദ്യഘട്ടത്തിൽ കേരള ബ്രാൻഡ് രജിസ്ട്രേഷൻ നൽകിയത്. എം ആർ എൽ കുട്ടനാടൻ കോക്കനട്ട് ഓയിൽ (ആലപ്പുഴ), കെഡിസൺ എക്സ്പെല്ലേഴ്സ് (കോട്ടയം) വരാപെട്ടി കോക്കനട്ട് ഓയിൽ (എറണാകുളം), കെ എം ഓയിൽ ഇൻഡസ്ട്രീസ്, അഞ്ചരക്കണ്ടി എഫ് എസ് സി ബാങ്ക് ലിമിറ്റഡിന്റെ സഹകാരി ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രോസസിംഗ് പ്ലാന്റ് (കണ്ണൂർ), കളത്ര ഓയിൽ മിൽസ് (കാസർകോട്) എന്നിവയാണ് ഈ സ്ഥാപനങ്ങൾ.

സാധാരണക്കാരായ സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും അവരുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താനുമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും വ്യവസായ സംരംഭങ്ങളിലൂടെ സംസ്ഥാനത്തെ തൊഴിലവസരങ്ങളും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുകയെന്നതും കേരള ബ്രാൻഡ് നൽകുന്നതിലൂടെ കമ്പോളത്തിലെ അധാർമ്മികത ഒഴിവാക്കാൻ സാധിക്കുമെന്നും, തെരഞ്ഞെടുത്ത 14 ഓളം ഉത്പന്നങ്ങൾ എത്രയും വേഗം വിപണിയിലേക്ക് കൊണ്ടുവരാനും കേരള ബ്രാൻഡ് നൽകാനും തീരുമാനിച്ചിട്ടുണ്ടെന്നും ചടങ്ങിൽ അധ്യക്ഷത വഹിച്ച വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ. പി. എം മുഹമ്മദ് ഹനീഷ് അഭിപ്രായപ്പെട്ടു.

4ഒരു സംസ്ഥാനം ഉത്പന്നങ്ങൾക്ക് ബ്രാൻഡ് നൽകുന്ന പദ്ധതി രാജ്യത്തിനു തന്നെ മാതൃകയാണ്. പദ്ധതിയുടെ ആദ്യഘട്ടമായി കേരളത്തിന്റെ തനത് ഉത്പന്നം എന്ന നിലയിലാണ് ബ്രാൻഡ് സർട്ടിഫിക്കേഷൻ നൽകുന്നതിനായി വെളിച്ചെണ്ണ പരിഗണിച്ചത്. കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നേടുന്ന ഉൽപന്നങ്ങൾക്ക് ആഭ്യന്തര, അന്തർദേശീയ തലങ്ങളിൽ മെയ്ഡ് ഇൻ കേരള എന്ന തനതായ ബ്രാൻഡ് നാമത്തിൽ വിപണനം ചെയ്യാനാകും. www.keralabrand.industry.gov.in എന്ന പോർട്ടലിൽ സംരംഭങ്ങൾക്ക് കേരള ബ്രാൻഡിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.■

ഒപ്പ്
**ചീഫ് എഡിറ്റർ**



ശ്രീ. പി. രാജീവ്
വ്യവസായം, വാണിജ്യം,
നിയമം, കയർ വകുപ്പ് മന്ത്രി

# ഇന്റർനാഷണൽ റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺഫറൻസ്

**ആർട്ടിഫിഷ്യൽ** ഇന്റലിജൻസ് കോൺക്ലേവ് വലിയ വിജയം നേടിയതിന് ശേഷം നൂതന വ്യവസായ രംഗത്ത് വലിയ കുതിപ്പ് തുടരാനാണ് കേരളം ശ്രമിക്കുന്നത്. കേരളം ലക്ഷ്യമിടുന്ന 22 മുൻഗണനാ മേഖലകളിൽ വലിയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി 12 സെക്ടറൽ കോൺക്ലേവുകൾ സംഘടിപ്പിക്കുകയാണ് ഇപ്പോൾ വ്യവസായ വകുപ്പ്. ഇതിന്റെ ഭാഗമായി കേരളത്തിലെ ആദ്യ ഇന്റർനാഷണൽ റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺഫറൻസ് കൊച്ചിയിൽ സംഘടിപ്പിച്ചു. റോബോട്ടിക്സ് മേഖലകളിൽ ലോകത്തെ ഏത് മാറ്റങ്ങളും മറ്റേത് സംസ്ഥാനങ്ങളേക്കാളും ഉപയോഗപ്പെടുത്താൻ സാധിക്കുന്ന സാഹചര്യം കേരളത്തിലാണുള്ളത്. മികച്ച മാനവവിഭവശേഷിയും മറ്റ് സൗകര്യങ്ങളും ലഭ്യമാണെന്നതിനാൽ ഈ മേഖലയിൽ വലിയ മുന്നേറ്റമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. നിരവധി അന്താരാഷ്ട്ര കമ്പനികൾ ഉൾപ്പെടെ പങ്കെടുത്ത കോൺക്ലേവ് ദേശീയ മാധ്യമങ്ങളിലടക്കം വലിയ വാർത്തയായി മാറി. തൃശ്ശൂർ ജില്ലയിൽ കേരളത്തിലെ ആദ്യ റോബോട്ടിക്സ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള ചുവടുവെപ്പ് ഈ കോൺക്ലേവിലൂടെ സാധ്യമായി. ഒപ്പം റോബോട്ടിക്സ് മേഖലയിൽ തെരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ടപ്പുകൾക്ക് കെ എസ് ഐ ഡി സി വഴി ഇക്വിറ്റി നിക്ഷേപം നടത്തുന്നതിനും സ്റ്റാർട്ടപ്പുകൾക്കുള്ള സ്കെയിൽ അപ്പ് ലോൺ സഹായം 1 കോടിയിൽ നിന്ന് 2 കോടി ആയി ഉയർത്തുന്നതിനും കോൺക്ലേവിൽ തീരുമാനിച്ചു.

റോബോട്ടിക്സ് മേഖലയിൽ ഇൻഡസ്ട്രി-അക്കാദമിയ സഹകരണത്തിന്റെ ഭാഗമായി നൂതന റോബോട്ടിക് വാണിജ്യവൽക്കരണ ഗവേഷണ കേന്ദ്രം, ഹ്യൂമണോയിഡ് റോബോട്ട് ഗവേഷണ കേന്ദ്രം എന്നിവ സ്ഥാപിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നുണ്ട്. റോബോട്ടിക് സൊല്യൂഷൻ വികസനത്തിൽ നിക്ഷേപം ആകർഷിക്കുന്നതിനായി കൃഷി, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, ടൂറിസം, ഡിസാസ്റ്റർ മാനേജ്മെന്റ്, ലോജിസ്റ്റിക്സ് തുടങ്ങിയ മേഖലകളിലെ റോബോട്ടിക്സ് പദ്ധതികളുടെ സാധ്യതകൾ ഉയർത്തിക്കാട്ടി അന്താരാഷ്ട്ര എക്സ്പോകളും നിക്ഷേപ റോഡ് ഷോകളും സംഘടിപ്പിക്കുന്നതിനും കേരളം ലക്ഷ്യമിടുന്നുണ്ട്.

കേരളത്തിന് പുറത്തും നമ്മുടെ നാട്ടിൽ സംഭവിക്കുന്ന നിക്ഷേപക സൗഹൃദമായ മാറ്റങ്ങൾ പരിചയപ്പെടുത്തുകയെന്നത് ഇവിടേക്ക് നിക്ഷേപം കടന്നുവരുന്നതിന് അത്യാവശ്യമായ ഘടകമാണ്. ഇതിന്റെ ഭാഗമായി കോൺഫെഡറേഷൻ ഓഫ് ഇന്ത്യ ഇൻഡസ്ട്രിയുമായി ചേർന്നുകൊണ്ട് സംഘടിപ്പിച്ച പരിപാടിയാണ് ഇൻവെസ്റ്റേഴ്സ് റോഡ് ഷോ. 2025 ജനുവരിയിൽ കേരളത്തിൽ സംഘടിപ്പിക്കുന്ന ആഗോള നിക്ഷേപക സംഗമത്തിന് മുന്നോടിയായി വ്യവസായ പ്രമുഖരുമായും നിക്ഷേപകരുമായും നടത്തുന്ന കൂടിക്കാഴ്ചകളിൽ ആദ്യത്തേതായിരുന്നു ഇത്. സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെക്കുറിച്ചും സർക്കാരിന്റെ വ്യാവസായിക-വാണിജ്യ നയങ്ങളെ സംബന്ധിച്ചും യോഗത്തിൽ വളരെ മികച്ച അഭിപ്രായങ്ങൾ കേൾക്കാൻ സാധിച്ചു. എയ്റോസ്പേസ്, പ്രതിരോധം, നിർമ്മിതബുദ്ധി, റോബോട്ടിക്സ്, ജൈവസാങ്കേതിക വിദ്യ, ഇലക്ട്രോണിക് വാഹനങ്ങൾ, ഇലക്ട്രോണിക്സ് ഡിസൈനും ഉത്പാദനവും, ഭക്ഷ്യ സംസ്കരണം, വിവരസാങ്കേതിക വിദ്യ, ലോജിസ്റ്റിക്സ്, മാരിടൈം, കപ്പൽനിർമ്മാണം, മെഡിക്കൽ ഉപകരണങ്ങൾ, പാക്കേജിംഗ്, ഗവേഷണ-വികസനം, പുനരുപയോഗിക്കാവുന്ന ഊർജ്ജ സ്രോതസുകൾ, മാലിന്യ സംസ്കരണവും പുനരുപയോഗവും തുടങ്ങിയ മേഖലകളെ കേന്ദ്രീകരിച്ചായിരുന്നു ആശയവിനിമയം.

നിക്ഷേപകരെ ആകർഷിക്കുന്നതിനായി നടത്തുന്ന പരിപാടികൾ ഫലം കാണുന്നുണ്ടോ എന്ന ചോദ്യം പലപ്പോഴും ഉയരുന്നതിനാൽ ആ ചോദ്യത്തിനുള്ള ഒരു ഉദാഹരണം കൂടി പങ്കുവെക്കുകയാണ്. ലോകത്തിലെ മുൻനിര വാഹന സോഫ്റ്റ്‌വെയർ നിർമ്മാണ കമ്പനിയായ ആക്സിയ ടെക്നോളജീസ് ആഗസ്ത് മാസത്തിൽ തിരുവനന്തപുരത്ത് അവരുടെ ആഗോള ഹെഡ്ക്വാർട്ടേഴ്സും R&D കേന്ദ്രവും സ്ഥാപിച്ചു. ഡിജിറ്റൽ കോക്ക്പിറ്റുകൾ, ഡിസ്പ്ലേകൾ, ഇലക്ട്രിക് ഗതാഗത സംവിധാനങ്ങൾ, ടെലിമാറ്റിക്സ് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സവിശേഷ സോഫ്റ്റ്‌വെയർ നിർമ്മിക്കുന്ന ആക്സിയ നിലവിൽ ബി എം ഡബ്ല്യു ഉൾപ്പെടെയുള്ള ആഗോള കമ്പനികൾക്ക് ആവശ്യമായ സഹായങ്ങൾ നൽകിവരികയാണ്. തിരുവനന്തപുരത്ത് ഓട്ടോമോട്ടീവ് ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങൾക്ക് പുത്തനൂർജ്ജം പകരുന്ന ഈ തുടക്കത്തിന് കൂടുതൽ കരുത്തുപകരുന്നതിനായി ഈ വർഷം നവംബറിൽ തിരുവനന്തപുരത്ത് ഓട്ടോമോട്ടീവ് ഇൻവെസ്റ്റേഴ്സ് കോൺക്ലേവ് സംഘടിപ്പിക്കാനും സർക്കാർ ലക്ഷ്യമിടുന്നുണ്ട്. ■



ആഷിക്ക്. കെ. പി




# സെബിയുടെ വിശ്വാസ്യതയും ഇന്ത്യൻ ഓഹരി വിപണിയുടെ നിലനിൽപും

1992 ലെ ഹർഷദ് മേത്ത ഓഹരി കുംഭകോണവും തുടർന്നുണ്ടായ പ്രശ്നങ്ങളും സാധാരണക്കാർ ഉൾപ്പെടെ വലിയ ഒരു വിഭാഗത്തിന് ഓഹരി വിപണിയിൽ വലിയ നഷ്ടവും ജീവഹാനിയും സംഭവിച്ചതിന്റെ പശ്ചാത്തലത്തിലാണ് 1992 April 12 ന് സെക്യൂരിറ്റി എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) എന്ന ഓഹരി നിയന്ത്രണ ഏജൻസി ഒരു സ്റ്റാറ്റ്യൂട്ടറി ബോർഡ് ആയി വരുന്നത്. സെബി രൂപീകരിക്കുമ്പോൾ കോർപ്പറേറ്റുകൾക്ക് ഒരിക്കലും ഇടപെടാൻ കഴിയാത്ത രീതിയിൽ സുതാര്യവും തികച്ചും നിയന്ത്രണ സ്വഭാവത്തിലുള്ളതുമായ നിയന്ത്രണ ഏജൻസിയായും രാഷ്ട്രീയത്തിന് അതീതമായ സ്ഥാപനവും ആയിരിക്കണമെന്ന വ്യവസ്ഥ ഉണ്ടായിരുന്നു.

1992 നു മുമ്പ് ഇന്ത്യയിൽ ഒരു നിയന്ത്രണ ഏജൻസിയും ഓഹരി വിപണി മേഖലയിൽ ഇല്ലായിരുന്നു. പൂർണമായ ചൂതാട്ടവും ഊഹക്കച്ചവടവും ആയിരുന്നു ആ കാലങ്ങളിൽ ഉണ്ടായിരുന്നത്. ഏറെയും കടലാസു കമ്പനികൾ. ഓഹരികളുടെ വില ഉയർത്താനും താഴ്ത്താനും കഴിയുന്ന ബുൾ - ബിയർ ബ്രോക്കർമാരുടെ കാലം. ഇതിന്റെ

പശ്ചാത്തലത്തിൽ ആയിരുന്നു ബാങ്ക് ഉൾപ്പെടെയുള്ള നിരവധി ഏജൻസികളുടെ പിൻബലത്താൽ ഹർഷദ് മേത്ത ഉൾപ്പടെയുള്ളവർ നടത്തിയ ഓഹരി കുംഭകോണവും അതുണ്ടാക്കിയ സാമ്പത്തിക തട്ടിപ്പുകളും. ഒരു അംഗീകൃത നിയന്ത്രണ ഏജൻസി ഇല്ലാത്തതുകൊണ്ടുതന്നെ ഓഹരി വിപണി അനിയന്ത്രിതവും അഴിമതി നിറഞ്ഞതും ചൂതാട്ട തുല്യവും ആയിരുന്നു ആ കാലങ്ങളിൽ. അതുകൊണ്ടാണ് ഒരു കൃത്യമായ നിയന്ത്രണ ഏജൻസി ആവശ്യമാണ് എന്ന തലത്തിൽ എത്തിച്ചേർന്നതും 1988 ൽ സെബിയെ സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള ബോർഡായി മാറ്റുന്നതും.

വിപുലമായ അധികാരം ഉള്ള സാമ്പത്തിക നിയന്ത്രണ ഏജൻസിയാണ് ഇന്ന് സെബി. ലോകത്തിലെ തന്നെ വലിയ ഓഹരി വിപണികളിൽ ഒന്നായ ഇന്ത്യൻ ഓഹരികളെയും ഇന്ത്യൻ കോർപ്പറേറ്റുകളെയും നിയന്ത്രിക്കുന്ന ഏജൻസി എന്ന നിലയ്ക്ക് സെബി ഇന്ത്യയിലെ ഏറ്റവും വലിയതും ഏറ്റവും പ്രധാനപ്പെട്ടതുമായ ഒരു നിയന്ത്രിത ഏജൻസിയാണ്.

സെബിയുടെ പ്രധാനപ്പെട്ട അധികാരങ്ങൾ ഓഹരി വിപണിയെ സസൂക്ഷ്മം വിലയിരുത്തുകയും സ്റ്റോക്ക് എക്സ്ചേഞ്ചുകളുടെ പ്രവർത്തനത്തെ അവലോകനം ചെയ്യുകയും ആണ്. സെബിയിൽ രജിസ്റ്റർ ചെയ്യാത്ത ഒരു ഓഹരി ബ്രോക്കർമാർക്കോ സബ്ബ് ബ്രോക്കർമാർക്കോ പോർട്ട്ഫോളിയോ മാനേജർ മാർക്കോ ഓഹരി കമ്പോളത്തിൽ ഇടപെടാൻ നിയമപരമായി അർഹതയില്ല എന്നും, എല്ലാ പൊതുമേഖല കമ്പനികളും പൊതു കമ്പനികളും പ്രോസ്പെക്ടസ് ഇറക്കി മൂലധനം സ്വീകരിക്കുന്നുണ്ടെങ്കിൽ സെബിയുടെ രജിസ്ട്രേഷൻ ആവശ്യമാണ് എന്നും കൃത്യമായ വ്യവസ്ഥ സെബി നിഷ്കർഷിക്കുന്നു. ഇത് ലംഘിക്കുകയാണെങ്കിൽ തടവുശിക്ഷ ഉൾപ്പെടെയുള്ള സിവിൽ ക്രിമിനൽ കുറ്റത്തിന് കാരണമാകും എന്നത് കൊണ്ട് തന്നെ ഇന്ത്യൻ ഓഹരി വിപണിക്ക് സുതാര്യവും ശാസ്ത്രീയമായ ഒരു അടിത്തറയുമാണ് സെബിയിലൂടെ പിന്നീട് ഉണ്ടായത്. സ്ഥാപനത്തിനുള്ളിൽ ഉള്ള ഓഹരി വിൽപന, ഓഹരി കച്ചവടം എന്നിവ നിയന്ത്രിച്ചുകൊണ്ട് ഓഹരി വിപണിയെ പൂർണ്ണമായും സുതാര്യമാക്കാൻ ഉള്ള മുഖ്യ ചുമതല സെബിക്കുണ്ട്. അതുപോലെതന്നെ ഏതെങ്കിലും ഒരു ഓഹരി ഉടമയ്ക്ക് ഉണ്ടാകുന്ന പരാതികളോ പ്രശ്നങ്ങളോ അല്ലെങ്കിൽ അപേക്ഷയോ നേരിട്ട് സ്വീകരിച്ചു കൃത്യമായ മറുപടി നൽകുകയും ഉത്തരവാദികളായവരെ ശിക്ഷിക്കുകയും മറ്റു തീരുമാനമെടുക്കുകയും ചെയ്യാനുള്ള അധികാരവും സെബിക്കുണ്ട്.

വിപണിയെ സൂക്ഷ്മമായി അവലോകനം ചെയ്തു സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റും ലാഭനഷ്ട സ്റ്റേറ്റ്മെന്റുകളും കൃത്യമായി സാമ്പത്തിക വർഷാവസാനം പുറത്തിറക്കാൻ കമ്പനികൾ നിർബന്ധിതമായി. ഓഹരിയിൽ നിക്ഷേപിച്ച ഓരോ ഓഹരി ഉടമയ്ക്കും കമ്പനിയുടെ പൂർണ്ണ വിവരങ്ങൾ ഓൺലൈനായി ഇ മെയിൽ ലഭിക്കാനും സെബിയുടെ ഇടപെടൽ കാരണമായി. ഡീമാറ്റ് അക്കൗണ്ടുകളിൽ കൂടി മാത്രമേ ഓഹരി കച്ചവടം സാധ്യമാവും എന്നതുകൊണ്ട് തന്നെ നികുതി വെട്ടിപ്പോ കള്ളപ്പണം ഇടപാടുകളോ ഓഹരി കച്ചവടത്തിൽ പൂർണ്ണമായി ഇല്ലാതാക്കാൻ കഴിഞ്ഞു. ലാഭ നഷ്ട സ്റ്റേറ്റ്മെന്റിനും സ്ഥാപനത്തിന്റെ ബിസിനസ്സിനും അനുസരിച്ച് ഓഹരി വില ആനുപാതികമായി കൂടുകയോ കുറയുകയോ ചെയ്യുന്നില്ലെങ്കിൽ അത് വിലയിരുത്തി കാരണം കണ്ടെത്തി പൊതുജനങ്ങളെ

**വിപുലമായ അധികാരം ഉള്ള സാമ്പത്തിക നിയന്ത്രണ ഏജൻസിയാണ് ഇന്ന് സെബി. ലോകത്തിലെ തന്നെ വലിയ ഓഹരി വിപണികളിൽ ഒന്നായ ഇന്ത്യൻ ഓഹരികളെയും ഇന്ത്യൻ കോർപ്പറേറ്റുകളെയും നിയന്ത്രിക്കുന്ന ഏജൻസി എന്ന നിലയ്ക്ക് സെബി ഇന്ത്യയിലെ ഏറ്റവും വലിയതും ഏറ്റവും പ്രധാനപ്പെട്ടതുമായ ഒരു നിയന്ത്രിത ഏജൻസിയാണ്.**

അറിയിച്ചുകൊണ്ട് ഓഹരി വിപണിയിൽ ഉള്ള എല്ലാ കൃത്രിമ അഴിമതികളെയും തടയാൻ വിപുലമായ അധികാരങ്ങളും സംവിധാനങ്ങളും സെബിക്കുണ്ട്. 1992 സെക്യൂരിറ്റി കോൺട്രാക്ട് റെഗുലേഷൻ ആക്ട് 1956 ലെ ധനകാര്യ നിയന്ത്രണ ആക്ട് തുടങ്ങിയ ധാരാളം സെക്യൂരിറ്റി നിയമങ്ങൾ ഇന്നും വലിയ അധികാരങ്ങളും നിയന്ത്രണങ്ങളും സെബിക്ക് നൽകുന്നുണ്ട്. ഇന്ത്യൻ ഓഹരി വിപണിയിലെ പ്രാരംഭ ഓഹരി ഇറക്കൽ കൃത്യമായി നിയന്ത്രിക്കുകയും മ്യൂച്ചൽ ഫണ്ടുകളുടെയും മറ്റും ഇറക്കൽ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ആണ് എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക കൂടി സെബിയുടെ വിപുലമായ അധികാരങ്ങളാണ്. ഇങ്ങനെ ഇന്ത്യൻ സാമ്പത്തിക രംഗത്ത് അതിൻറെ നിയന്ത്രണത്തിനും വളർച്ചയ്ക്കും ഉതകുന്ന രീതിയിൽ കൃത്യമായി ഇടപെടാനും നേരിട്ട് തന്നെ കൈകാര്യം ചെയ്യാനും കഴിയുന്ന ഒരു സ്ഥാപനമായാണ് സെബി പ്രവർത്തിക്കുന്നത്. ഒരുപക്ഷേ ആഗോള സാമ്പത്തിക മാന്ദ്യവും തുടർന്നുണ്ടായ പ്രശ്നങ്ങളുമൊക്കെ നിലനിൽക്കുമ്പോഴും ഇന്ത്യൻ ഓഹരി വിപണിയും സാമ്പത്തിക മേഖലയും തകരാതെ പിടിച്ചു നിൽക്കുകയും ഇന്ന് ഇന്ത്യൻ ഓഹരി വിപണി ലോകത്തിലെ മറ്റെല്ലാ ഓഹരി വിപണികളെക്കാളും വളരെയേറെ മുന്നിൽ നിൽക്കുന്ന സുശക്തമായ സാമ്പത്തിക സ്ഥാപനങ്ങൾ ആയി മാറിയതും സെബിയുടെ ഈ വിപുലമായ പ്രവർത്തനങ്ങൾ കൊണ്ടുതന്നെയാണ്. സാധാരണക്കാരന്റെ ജീവിത മാർഗമായ ചെറിയ ചെറിയ ഓഹരി നിക്ഷേപം ആണ് ഓരോ കമ്പനികളുടെയും പ്രവർത്തനങ്ങളുടെ അടിസ്ഥാനവും ഊർജ്ജവും. ഇന്ന് സാമ്പത്തിക മേഖലയിൽ ഓഹരി വിപണി ഉണ്ടാക്കുന്ന ഇടപെടലുകൾ വ്യത്യസ്തവും വൈവിധ്യവുമാണ്. ദേശീയ പെൻഷൻ പദ്ധതി അടക്കം ഒട്ടേറെ പദ്ധതികളും ഇൻഷുറൻസുകളും ഒക്കെ ഓഹരി വിപണികളുമായി നേരിട്ടും അല്ലാതെയും ബന്ധപ്പെട്ടു കൊണ്ടിരിക്കുന്നു. ഓഹരി വിപണിയിൽ ഉണ്ടാകുന്ന ഏതൊരു തകർച്ചയും ഇന്ത്യയുടെ സാമ്പത്തിക സ്വസ്ഥതയെ പ്രതികൂലമായി ബാധിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈയൊരു പശ്ചാത്തലത്തിലാണ് ഹിൻഡൻബർഗ് റിപ്പോർട്ടിനെയും അതിനെ അടിസ്ഥാനമാക്കി സെബി ചെയർപേഴ്സണ് എതിരെയുള്ള കോലാഹലങ്ങളെയും കാണേണ്ടത്.

ഏറെക്കുറെ ഇത്തരം അധികാരങ്ങൾ ഒക്കെ കൃത്യമായി നടപ്പിലാക്കി കൊണ്ടിരിക്കുമ്പോൾ ആണ് സെബി ഇന്ന് വലിയ ഒരു ആക്ഷേപത്തെ നേരിട്ടുകൊണ്ടിരിക്കുന്നത്. അത് സെബി ചെയർപേഴ്സനു നേരെതന്നെ ആയ ആക്ഷേപം ആയതുകൊണ്ട് വലിയ വാർത്ത പ്രാധാന്യമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഹിൻഡൻബർഗ് അക്കമിട്ട് കൊണ്ട് ഇത്തരം ആക്ഷേപങ്ങൾ ഉന്നയിച്ചിട്ടും അത്തരം ആക്ഷേപങ്ങൾക്ക് യാതൊരു മറുപടിയും സെബിയുടെ പക്കലോ സെബി ചെയർപേഴ്സന്റെ പക്കലോ ധനകാര്യ വകുപ്പിന്റെ കീഴിലോ കേന്ദ്രത്തിന്റെ കീഴിലോ ഇല്ല എന്നുള്ളതും സാധാരണക്കാർ ഉൾപ്പെടെ എല്ലാവർക്കും വലിയ അസ്വസ്ഥതകളും ആശങ്കയും ഉണ്ടാക്കുന്നുണ്ട്.

**ദേശീയ പെൻഷൻ പദ്ധതി അടക്കം ഒട്ടേറെ പദ്ധതികളും ഇൻഷുറൻസുകളും ഒക്കെ ഓഹരി വിപണികളുമായി നേരിട്ടും അല്ലാതെയും ബന്ധപ്പെട്ടു കൊണ്ടിരിക്കുന്നു. ഓഹരി വിപണിയിൽ ഉണ്ടാകുന്ന ഏതൊരു തകർച്ചയും ഇന്ത്യയുടെ സാമ്പത്തിക സ്വസ്ഥതയെ പ്രതികൂലമായി ബാധിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈയൊരു പശ്ചാത്തലത്തിലാണ് ഹിൻഡൻബർഗ് റിപ്പോർട്ടിനെയും അതിനെ അടിസ്ഥാനമാക്കി സെബി ചെയർപേഴ്സണ് എതിരെയുള്ള കോലാഹലങ്ങളെയും കാണേണ്ടത്.**

HINDENBURG RESEARCH



2023 ജനുവരിയിൽ പുറത്തിറക്കിയ ഹിൻഡൻബർഗ് റിപ്പോർട്ടിന്റെ പശ്ചാത്തലത്തിലാണ് സെബി ചെയർപേഴ്സണിനും ഇന്ത്യയിലെ പ്രമുഖ കോർപ്പറേറ്റ് ആയ അദാനി ഗ്രൂപ്പിന് എതിരെയും ആക്ഷേപം വരുന്നത്. ഇല്ലാത്ത ഓഹരികൾ പെരിപ്പിച്ച് കാട്ടുകയും ഓഹരി കമ്പോളത്തിൽ വലിയ ഇടപെടലുകൾ നടത്തുകയും സ്റ്റോക്ക് മാനിപുലേഷനും മറ്റും നടത്തിക്കൊണ്ട് അദാനി ഗ്രൂപ്പ് നടത്തിയ അവിഹിത ഓഹരി കമ്പോള ഇടപെടലുകൾ നടന്നിട്ടും സെബി ചെയർപേഴ്സൺ അത് മൂടിവെച്ചു എന്ന് റിപ്പോർട്ടിൽ പ്രതിപാദിക്കുന്നു. അദാനി ഗ്രൂപ്പിൻറെ ഓഹരികളെ ഉയർത്തിക്കാട്ടുകയും ഇല്ലാത്ത നിക്ഷേപങ്ങളെ പെരുപ്പിച്ചു കാട്ടുകയും ചെയ്തുകൊണ്ട് അനധികൃതമായ ഇടപെടൽ നടത്തുകയും അതേസമയം അത് കണ്ടുപിടിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ട ഇന്ത്യയിലെ പ്രമുഖ സ്ഥാപനമായ സെബിയുടെ ചെയർപേഴ്സൺ തന്നെ അതിൽ കക്ഷിയാണ് എന്നതും അതിൽ വലിയ ആക്ഷേപമായി നിലനിൽക്കുകയാണ്. അത് സെബി ചെയർപേഴ്സനെ മാത്രമല്ല ഇന്ത്യയുടെ ഏറ്റവും പ്രധാനപ്പെട്ട ധനകാര്യ നിയന്ത്രണ ഏജൻസിയായ സെബിയെ തന്നെ മുൾമുനയിൽ നിർത്തുന്ന ഒന്നാണ്.

ആരോപിക്കപ്പെടുന്നവയ്ക്കൊന്നും ഉത്തരം പറയാൻ സെബി ചെയർപേഴ്സണു കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് വസ്തുത.

## താഴെപ്പറയുന്ന ആരോപണങ്ങളാണ് ഇപ്പോഴും ഉത്തരം കിട്ടാതെ നിലനിൽക്കുന്നത്

1. ഹിൻഡൻബർഗ് സൂചിപ്പിച്ചതുപോലെ സെബി അദാനി ഗ്രൂപ്പിനെ നിയന്ത്രിക്കുകയോ ഓഹരി മാനിപ്പുലേഷനിൽ ഇടപെടുകയോ ചെയ്തിട്ടില്ല

2. സെബി ചെയർപേഴ്സണ് അദാനി ഗ്രൂപ്പുമായി നേരത്തെ വലിയ ബന്ധവും അവിഹിത ഇടപാടുകളും ഉണ്ടായിരുന്നു

3. സെബി മറ്റ് കോർപ്പറേറ്റ് സ്ഥാപനങ്ങളെ ചെയ്യുന്നതുപോലെ ബാലൻസ് ഷീറ്റ് പ്രോഫിറ്റ് ലോസ് ട്രീറ്റ്മെന്റ് സാമ്പത്തിക ഇടപാടുകളുടെ മറ്റു കാര്യങ്ങൾ എന്നിവ പുറത്തുവിടാൻ അദാനി ഗ്രൂപ്പിന്റെ മേൽ സമ്മർദ്ദം ചെലുത്തിയിട്ടില്ല.

അതുകൊണ്ടുതന്നെ ഇത്തരം കാര്യങ്ങൾ ഇപ്പോഴും സുതാര്യമായി പൊതുജനങ്ങൾക്ക് ലഭിച്ചിട്ടില്ല.

കേവലം നിസ്സാരമായ ആരോപണങ്ങൾ അല്ല ഇതൊന്നും. കാരണം ലോകത്തിലെ ഏറ്റവും വലിയ ഓഹരി വിപണിയായ ഇന്ത്യയിൽ ഏറ്റവും വലിയ കോർപ്പറേറ്റ് സ്ഥാപനങ്ങളിൽ ഒന്നായ അദാനി ഗ്രൂപ്പിന്റെ മേൽ ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ

**മറ്റു സ്ഥാപനങ്ങളെ കൈകാര്യം ചെയ്യുന്ന രീതിയിൽ എന്തുകൊണ്ട് അദാനി ഗ്രൂപ്പിനെ കൈകാര്യം ചെയ്തില്ല എന്നത് വളരെ പ്രധാന പ്പെട്ട ഒന്നുതന്നെയാണ്. എന്നാൽ സെബി അവകാശപ്പെടുന്നത് അദാനി ഗ്രൂപ്പിനെതിരെ കൃത്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട് എന്നാണ്. അതിനപ്പുറം ചെയ്യേണ്ടത് സെബി അല്ല എന്നും സെബിയുടെ അധികാരപരിധിക്ക് അപ്പുറം കടന്ന് ഒന്നും ചെയ്യാൻ കഴിയില്ല എന്നുമുള്ള നിസ്സാരമായ മറുപടിയാണ്.**




സാമ്പത്തിക നിയന്ത്രിത ഏജൻസിയായ സെബി യുടെ നിയന്ത്രണങ്ങളോ കൈകടത്തലുകളോ ഇല്ലാതെ വരുന്നു എന്നത് ഗുരുതരമായ ഒരു പ്രശ്നം തന്നെയാണ്. ഒരു ചെറിയ സാമ്പത്തിക അസ്ഥിരതയോ രാഷ്ട്രീയ മാറ്റങ്ങളും പോലും തകിടം മറിക്കുകയോ ഇളകിയാടുകയോ ചെയ്യുന്ന ഓഹരി കമ്പോളത്തിൽ എന്തെങ്കിലും ചാഞ്ചാട്ടം വന്നാൽ അത് ഇന്ത്യയുടെ ധനകാര്യ വ്യവസ്ഥയെ തന്നെ വലിയ അളവിൽ ബാധിക്കുന്ന ഒന്നാണ്. ലക്ഷക്കണക്കിന് ആളുകൾ വീടും കിടപ്പാടവും പോലും വിറ്റ് ബാങ്കുകളിൽ പോലും നിക്ഷേപി ക്കാതെ ഓഹരി കമ്പോളത്തിൽ നിക്ഷേപിക്കുന്ന കാഴ്ച 1992 നുശേഷം നമുക്ക് കാണാൻ കഴിയും. സെബിയുടെ നിയന്ത്രണവും കമ്പനികളുടെ പ്രവർത്തനങ്ങളിലും ധനപരമായ ഇടപാടുകളിലും ഉള്ള സെബിയുടെ സൂക്ഷ്മമായ വിലയിരുത്തി ലുമാണ് ഓഹരി വിപണിയിൽ ഉണ്ടായ ഈ വലിയ മുന്നേറ്റവും നിക്ഷേപവും. മ്യൂച്ചൽ ഫണ്ടുകളിലും ലാർജ് ക്യാപ്പ് സ്മാൾ ക്യാപ്പ് എന്നീ വ്യത്യാസമി ല്ലാതെ ഓഹരി കമ്പോളങ്ങളിലും 20 മുതൽ 40 ശതമാനം വരെ ലാഭം അവകാശപ്പെടാൻ ഇന്ത്യൻ ഓഹരികൾക്ക് ഘട്ടം ഘട്ടമായി കഴിഞ്ഞത് ഇന്ത്യയുടെ സാമ്പത്തിക പ്രവർത്തനങ്ങളിലും കോർപ്പറേറ്റ് പ്രവർത്തനങ്ങളിലും സെബി നടത്തുന്ന ഇടപെടലുകളും വിലയിരുത്തലകളും ജനങ്ങളുടെ ഇടയിൽ സ്വാധീനം ചെലുത്തിയത് കൊണ്ടാണ്. അതിന് ഒരു കോട്ടം തെറ്റിയാൽ ഇന്ത്യൻ സാമ്പത്തിക മേഖല അതിവേഗം അടിപതറും എന്നുള്ളത് തന്നെയാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. യഥാർത്ഥത്തിൽ ഈ ആക്ഷേപം ഉന്നയിക്കപ്പെടുന്ന സമയത്ത് തന്നെ ഇടപെടാൻ സെബി ശ്രമിക്കേണ്ടതായിരുന്നു എന്നാൽ നിഗൂഢമായ മൗനമാണ് സെബി ചെയർപേഴ്സന്റെ ഭാഗത്തുനിന്ന് ഉണ്ടായത്.

മറ്റു സ്ഥാപനങ്ങളെ കൈകാര്യം ചെയ്യുന്ന രീതിയിൽ എന്തുകൊണ്ട് അദാനി ഗ്രൂപ്പിനെ കൈകാര്യം ചെയ്തില്ല എന്നത് വളരെ പ്രധാനപ്പെട്ട ഒന്നുതന്നെയാണ്. എന്നാൽ സെബി അവകാശ പ്പെടുന്നത് അദാനി ഗ്രൂപ്പിനെതിരെ കൃത്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട് എന്നാണ്. അതിനപ്പുറം ചെയ്യേണ്ടത് സെബി അല്ല എന്നും സെബിയുടെ അധികാരപരിധിക്ക് അപ്പുറം കടന്ന് ഒന്നും ചെയ്യാൻ കഴിയില്ല എന്നുമുള്ള നിസ്സാരമായ മറുപടിയാണ്.




## മൂന്നു ചോദ്യങ്ങളാണ് പ്രധാനമായും പാർലമെന്റിൽ ഉന്നയിക്കപ്പെട്ടത്

1. എന്തുകൊണ്ട് ഇത്രയും കൃത്യമായ ആരോപണങ്ങൾ സെബിക്കെതിരെ ആരോപിച്ചിട്ടും സെബി ചെയർപേഴ്സൺ രാജിവയ്ക്കുന്നില്ല

2. ഓഹരി വിപണിയിൽ പെരുപ്പിച്ചു കാട്ടൽ നടന്നു എന്ന് കൃത്യമായി ഹിൻഡൻ ബർഗ് റിപ്പോർട്ട് വന്നിട്ടും അദാനി ഗ്രൂപ്പിനെതിരെ വെളിപ്പെടുത്തിയിട്ടും അതിനെതിരെ ഒരു അന്വേഷണവും നടത്താത്തത് എന്തുകൊണ്ട്. സാധാരണക്കാരന്റെയും പെൻഷൻ കാരന്റെയും വലിയ പണം ജീവിതമാർഗം എന്നിവ ഇത്തരം അവിഹിതബന്ധങ്ങളിലൂടെയും പെരുപ്പിച്ചു കാട്ടിലൂടെയും നഷ്ടപ്പെട്ടു പോയാൽ ആരാണ് അതിന് ഉത്തരവാദി ?

3. കേന്ദ്രസർക്കാർ എന്തുകൊണ്ടാണ് ഇത്തരം ആക്ഷേപങ്ങൾക്കെതിരെ ഒരു വിരലും അനക്കാത്തത്? എന്തുകൊണ്ട് ഇന്ത്യയിലെ പരമോന്നത നീതിപീഠം ഇത്രയും വലിയ ആക്ഷേപം ഉന്നയിച്ചിട്ടും സ്വമേധയാ കേസെടുക്കുന്നില്ല?

ഒരു നാടിന്റെ ധനകാര്യ നിയന്ത്രണത്തിൽ മുഖ്യ പങ്കുവഹിക്കേണ്ട ഒരു സ്ഥാപനം, സാധാരണക്കാരന് താങ്ങും തണലുമായി നിൽക്കേണ്ട ഒരു ഏജൻസിയുടെ തലപ്പത്ത് ഇത്തരത്തിലുള്ള കോർപ്പറേറ്റ് സഹായികളെ കൊണ്ടിരുത്തുകയും അതിലൂടെ ഓഹരി വിപണിയിൽ യഥേഷ്ടം കുത്തകകൾക്ക് ഇടപെടാൻ കഴിയുകയും ചെയ്യുമെന്ന അവസ്ഥ ഉണ്ടായാൽ അത് ഇന്ത്യൻ ഓഹരി വിപണിയെ മാത്രമല്ല ഇന്ത്യയുടെ സാമ്പത്തിക മേഖലയെ മൊത്തം തകർത്തു തരിപ്പണമാക്കും എന്നതിൽ യാതൊരു സംശയവുമില്ല.



ഇന്ദു കെ പി

# ഓണത്തിന് കുടുംബശ്രീയുടെ 'ഫ്രഷ് ബൈറ്റ്സ്' ചിപ്സ്




ഇത്തവണ ഓണാഘോഷത്തിന് മാറ്റേകാൻ കുടുംബശ്രീയുടെ ബ്രാൻഡഡ് ചിപ്സും ശർക്കര വരട്ടിയും വിപണിയിൽ. 'ഫ്രഷ് ബൈറ്റ്സ്' എന്ന പേരിലാണ് ഇവ ബ്രാൻഡ് ചെയ്ത് പുറത്തിറങ്ങിയത്. സംസ്ഥാനത്തുടനീളമുള്ള മുന്നൂറോളം യൂണിറ്റുകളിൽ നിന്നായി 700 ഓളം കുടുംബശ്രീ സംരംഭകർ ആണ് പ്രവർത്തനത്തിന്റെ ഭാഗമായത്. ഉത്പന്നങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനവും പ്രോഡക്ട് ലോഞ്ചും തൃശൂരിൽ മന്ത്രി എം ബി രാജേഷ് നിർവഹിച്ചു.

കോർപ്പറേറ്റ് ബ്രാന്റുകളോട് കിടപിടിക്കുന്ന രീതിയിലാണ് കുടുംബശ്രീ ഉത്പന്നം വിപണിയിൽ എത്തിക്കുന്നതെന്ന് മന്ത്രി എം ബിരാജേഷ് പറഞ്ഞു. ഇതിനായി





**കുടുംബശ്രീ പുറത്തിറക്കുന്ന ഉത്പന്നങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനവും പ്രോഡക്ട് ലോഞ്ചും മന്ത്രി എം ബി രാജേഷ് നിർവഹിക്കുന്നു**

മികച്ച ഗുണനിലവാരത്തോടെയുള്ള ഉത്പാദനം, പാക്കിങ് എന്നിവയിൽ ഏകീകൃത മാനദണ്ഡങ്ങൾ പുലർത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. ഓണക്കാലത്തിനോടനുബന്ധിച്ച് ഉത്പന്നങ്ങൾ പൊതുവിപണിയിൽ എത്തിക്കുന്നത് വഴി കൂടുതൽ വ്യാപാര സാധ്യതകളും ലക്ഷ്യമിടുന്നു. സമാന സ്വഭാവമുള്ള യൂണിറ്റുകളെ സംയോജിപ്പിച്ച് ജില്ലാതലത്തിൽ ക്ലസ്റ്ററുകൾ രൂപീകരിച്ചാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. സംരംഭക മേഖലയിൽ ഒട്ടേറെ മാതൃകയാകുന്ന പദ്ധതികളാണ് കുടുംബശ്രീ വിജയകരമായി നടപ്പാക്കിയത്. ജനകീയ ഹോട്ടൽ പദ്ധതി മുഖേന മിതമായ നിരക്കിൽ ഭക്ഷണം ലഭ്യമാക്കുന്നു. പദ്ധതിക്ക് സർക്കാർ സബ്സിഡി തുക പൂർണമായും നൽകി കഴിഞ്ഞു. തുടർന്ന് കുടുംബശ്രീ പ്രീമിയം ഹോട്ടൽ പദ്ധതിയും ലഞ്ച് ബെൽ സംവിധാനവും ആരംഭിച്ചു. ഈ പദ്ധതികൾ സംസ്ഥാന വ്യാപകമായി എല്ലാ ജില്ലകളിൽ നടപ്പാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.



2024-25 വർഷത്തിൽ മൂന്ന് ലക്ഷം ഉപജീവന പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച കെ-ലിഫ്റ്റ് പദ്ധതിയുടെ ഭാഗമായാണ് 'ഫ്രഷ് ബൈറ്റ്സ് ബ്രാൻഡിങ്' നടത്തിയത്. ഇതിനായി എല്ലാ ജില്ലകളിലെയും മികച്ച ചിപ്സ്, ശർക്കര വരട്ടി ഉത്പാദന യൂണിറ്റുകളെ കണ്ടെത്തി രണ്ടു ഘട്ടങ്ങളിലായി കായംകുളം കൃഷി വിജ്ഞാൻ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പരിശീലനവും പൂർത്തിയാക്കിയിരുന്നു. പരിപാടിയിൽ റവന്യൂ മന്ത്രി കെ രാജൻ അധ്യക്ഷനായി. ഓണത്തിന് മുഴുവൻ കുടുംബങ്ങളിലേക്കും കുടുംബശ്രീ ഉത്പന്നങ്ങൾ എത്തിക്കാൻ കഴിയുമെന്നും സ്ത്രീശാക്തീകരണത്തിന്റെ അടയാളപ്പെടുത്തലായി കുടുംബശ്രീ മാറിയെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

കുടുംബശ്രീ സംസ്ഥാന മിഷൻ നോൺ ഫാം ലൈവ്ലിഹുഡ് പ്രോഗ്രാം ഓഫീസർ എ എസ് ശ്രീകാന്ത് പദ്ധതി വിശദീകരിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി എസ് പ്രിൻസ്, തൃശൂർ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് എസ് വസന്തലാൽ, ആളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും കുടുംബശ്രീ ഗവേണിങ് ബോഡി അംഗവുമായ കെ ആർ ജോജോ, കുടുംബശ്രീ ജില്ലാ മിഷൻ ഓർഡിനേറ്റർ ടി എം റജീന, സി ഡി എസ് ചെയർപേഴ്സൺമാരായ സത്യഭാമ വിജയൻ, റെജുല കൃഷ്ണകുമാർ, തൃശൂർ കറി പൗഡർ കൺസോർഷൻ പ്രസിഡന്റ് കെ എൻ ഓമന, കുടുംബശ്രീ ഫുഡ് പ്രോസസിങ് ആൻഡ് മാർക്കറ്റിങ് ക്ലസ്റ്റർ പ്രസിഡന്റ് സ്മിത സത്യദേവ്, ഫാം ലൈവ്ലിഹുഡ് പ്രോഗ്രാം ഓഫീസർ ഡോ. എസ് ഷാനവാസ് തുടങ്ങിയവർ സംസാരിച്ചു.



ജി. കൃഷ്ണപിള്ള

# കാർഷിക മേഖലയും സർക്കാർ പദ്ധതികളും ഉദയസൂര്യ വ്യവസായവും

"എനിക്ക് ഒരേ ഒരു സംസ്കാരം മാത്രമേ അറിയൂ അത് കൃഷിയാണ്" എന്ന സർദാർ പട്ടേലിന്റെ വാക്കുകൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ കാർഷിക മേഖലയുടെ പ്രാധാന്യം വെളിപ്പെടുത്തുന്നു. എന്നാൽ ഇന്ത്യൻ കർഷകരെ കുറിച്ച് ഓർക്കുമ്പോൾ മനസ്സിൽ തെളിഞ്ഞുവന്നിരുന്ന ചിത്രം "ഇന്ത്യൻ കർഷകൻ കടത്തിൽ ജനിച്ച്, കടത്തിൽ ജീവിച്ച്, കടത്തിൽ മരിക്കുന്നു"എന്നതാണ്. പ്രതികൂലമായ കാലാവസ്ഥ, കാർഷിക വിളകൾക്ക് ന്യായമായ വില ലഭിക്കാത്തത്, ജലസേചനത്തിന്റെയും അടിസ്ഥാന സൗകര്യങ്ങളുടെയും അപര്യാപ്തത,യന്ത്രവത്കരണത്തിന്റെ അഭാവം, കുറഞ്ഞ ഉൽപാദനക്ഷമതയുള്ള വിത്തിനങ്ങൾ മുതലായവയെല്ലാം കാർഷിക മേഖലയുടെ പുരോഗതിക്ക് പ്രതിബന്ധങ്ങൾ സൃഷ്ടിച്ചിരുന്നു. 1960 കളിൽ ഇന്ത്യയിൽ ഹരിതവിപ്ലവത്തിന് തുടക്കം കുറിച്ചു. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ, യന്ത്രവൽക്കരണം, ജലസേചന സൗകര്യങ്ങൾ, കീടനാശിനികളുടെ ഉപയോഗം എന്നിവയിലൂടെ ഇന്ത്യയിലെ കൃഷി കൂടുതൽ ആധുനികവത്കരിക്കപ്പെട്ടു. ഗോതമ്പ്,



അരി എന്നീ ഭക്ഷ്യധാന്യങ്ങളായിരുന്നു ഹരിതവിപ്ലവത്തിന്റെ ഫലമായി കൂടുതൽ ഉത്പാദിപ്പിച്ചത്. കൃഷി ഒരു പരിവർത്തനത്തിന് വിധേയമായ കാലഘട്ടമായിരുന്നു ഹരിതവിപ്ലവം കാലഘട്ടം. സാങ്കേതികവിദ്യ, സുതാര്യത, നയ പിന്തുണ, ഡിജിറ്റൽ കണ്ടുപിടിത്തങ്ങൾ എന്നിവ സമന്വയിപ്പിക്കുന്ന ഒരു സമഗ്രമായ പ്രവർത്തനമാണ് കാർഷിക മേഖലയിലെ ഈ പരിവർത്തനത്തിന് കാരണമായത്.

ഇന്ത്യ ഒരു ആഗോള കാർഷിക ശക്തി കേന്ദ്രമാണ്. ലോകത്തിലെ ഏറ്റവും വലിയ പാൽ, പയറു വർഗ്ഗങ്ങൾ, സുഗന്ധദ്രവ്യങ്ങൾ എന്നിവയുടെ ഉത്പാദക രാജ്യമാണ് ഇന്ത്യ. ലോകത്തിലെ ഏറ്റവും വലിയ കന്നുകാലി കൂട്ടവും, ഗോതമ്പ്, അരി, പരുത്തി എന്നിവയ്ക്ക് കീഴിലുള്ള ഏറ്റവും വലിയ പ്രദേശവും ഇന്ത്യയിലാണ് സ്ഥിതി ചെയ്യുന്നത്. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ അടിസ്ഥാനശിലയാണ് കൃഷി. ഇന്ത്യയുടെ ആകെ ആഭ്യന്തര ഉൽപാദനത്തിലേക്ക് (GDP) കാർഷിക മേഖലയുടെ സംഭാവന 26.8% ആണ്. ഇന്ത്യയിലെ തൊഴിൽ മേഖലയിലേക്ക് കാർഷിക മേഖലയുടെ സംഭാവന 58 % ആണ്. കാർഷിക മേഖല കളുടെ കയറ്റുമതി മൂല്യം 37.3 ബില്യൻ ഡോളറാണ്. ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ കാർഷിക മേഖലയുടെ പ്രാധാന്യം വളരെ കൂടുതലാണെങ്കിലും ഭൂരിഭാഗം കർഷകരുടെ അവസ്ഥയും ദുരിത പൂർണ്ണമാണ്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാർഷിക അനുബന്ധ മേഖലകളുടെ പുരോഗതിക്കും പ്രസ്തുത മേഖലകളിൽ ഉദയസൂര്യ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനും അനവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

## എന്താണ് ഉദയസൂര്യ വ്യവസായം

**(What is Sunrise Industries)**

ഉയർന്ന വളർച്ചാ നിരക്ക് കൈവരിക്കുന്ന വ്യവസായത്തെയാണ് ഉദയസൂര്യ വ്യവസായം എന്ന് വിളിക്കുന്നത്. നൂതന സാങ്കേതിക വിദ്യയുടെ സഹായത്താൽ അതിവേഗത്തിൽ ഉയർന്നുവരുന്ന വ്യവസായമാണ് ഉദയസൂര്യ വ്യവസായം. സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുന്നതും ഭാവി വികസനത്തിന്റെ നാഴികക്കല്ലുകളുമാണ് ഉദയസൂര്യ വ്യവസായം. ഈ അടുത്ത കാലത്ത് ഇന്ത്യയിൽ അതിവേഗം വളർന്നു കൊണ്ടിരിക്കുന്ന ഉദയസൂര്യ വ്യവസായമാണ് ഭക്ഷ്യ- സംസ്കരണ

**ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ കാർഷിക മേഖലയുടെ പ്രാധാന്യം വളരെ കൂടുതലാണെങ്കിലും ഭൂരിഭാഗം കർഷകരുടെ അവസ്ഥയും ദുരിത പൂർണ്ണമാണ്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാർഷിക അനുബന്ധ മേഖലകളുടെ പുരോഗതിക്കും പ്രസ്തുത മേഖലകളിൽ ഉദയസൂര്യ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനും അനവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.**

വ്യവസായം. കൃഷിയും വ്യവസായ മേഖലയുമായി ഒരു നല്ല ശൃംഖല നിലനിർത്തുന്ന മേഖലയാണ് ഉദയസൂര്യ വ്യവസായം. പല വ്യവസായങ്ങൾക്കും അസംസ്കൃത വസ്തുക്കൾ പ്രദാനം ചെയ്യുന്നത് കാർഷിക മേഖലയാണ്. കഴിഞ്ഞ 10 വർഷമായി ഇന്ത്യയിലെ ഭക്ഷ്യമേഖല 50,000 കോടി രൂപയുടെ വിദേശ നിക്ഷേപം ആകർഷിക്കുകയും ഭക്ഷ്യ- സംസ്കരണ വിപണനം 12 ലക്ഷം ടണ്ണിൽ നിന്ന് 200 ലക്ഷം ടണ്ണായി വർദ്ധിക്കുകയും ചെയ്തു. വളർച്ച, ഉൽപാദനം, കയറ്റുമതി എന്നീ കാര്യങ്ങളിൽ ഇന്ത്യയിലെ ഏറ്റവും വലിയ മേഖലയാണ് ഭക്ഷ്യ- സംസ്കരണം. മാംസം, പൗൾട്രി, മത്സ്യം, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, സുഗന്ധദ്രവ്യങ്ങൾ, പാലും പാൽ ഉൽപന്നങ്ങളും, നാണ്യവിളകൾ എന്നിവയുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉൽപന്നങ്ങളാണ് ഭക്ഷ്യമേഖലയിൽ ഉൾപ്പെടുന്നത്. ഇന്ത്യയിലെ മൊത്തം ഭക്ഷ്യ വിപണനത്തിന്റെ 32% ഭക്ഷ്യ- സംസ്കരണ മേഖലയിൽ നിന്നുമാണ്. ഉൽപാദനം, ഉപഭോഗം, കയറ്റുമതി എന്നിവയിൽ ഇന്ത്യൻ ഭക്ഷ്യ- സംസ്കരണ മേഖലയുടെ സ്ഥാനം അഞ്ചാമതാണ്. ചുരുക്കിപ്പറഞ്ഞാൽ ഇന്ത്യയിൽ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഒരു ഉദയസൂര്യ വ്യവസായമാണ് ഭക്ഷ്യ- സംസ്കരണം.




## സർക്കാർ പദ്ധതികൾ

ഇന്ത്യൻ കർഷകർ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് വിളവെടുപ്പിനു ശേഷമുള്ള (Post Harvest) കാലഘട്ടമാണ്. വിളവെടുപ്പിനു ശേഷം ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്തത് കൃഷിയെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നു. അതു മാത്രമല്ല വിളവെടുപ്പിനു ശേഷം ശരിയായ സംവിധാനങ്ങളോടെ ഉൽപന്നങ്ങളെ സംഭരിച്ച് (Store) വയ്ക്കാൻ അടിസ്ഥാന സൗകര്യങ്ങൾ വേണ്ടത്ര ലഭ്യമാകാത്തത് കർഷകർക്ക് അനുകൂലമായ വിലയിൽ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്താനുള്ള സാഹചര്യം ഇല്ലാതാക്കുന്നു. ഇത്തരത്തിലുള്ള കർഷകരുടെ ദുരിതങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ഏതാനും പദ്ധതികളെക്കുറിച്ച് ഇവിടെ വിശദീകരിക്കാം.

### 1. അഗ്രി ഇൻഫ്രാ സ്ട്രക്ചർ ഫണ്ട് (Agri Infrastructure Fund- AIF)

കാർഷിക വികസനത്തിന് പ്രതിബന്ധമായി നിൽക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിലൊന്ന് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. കാർഷിക വികസനത്തിനും ഉൽപാദന ചലനാത്മകതയെ അടുത്തഘട്ടത്തിലേക്ക് കൊണ്ടുപോകുന്നതിനും അടിസ്ഥാന സൗകര്യങ്ങളുടെ പങ്ക് നിർണായകമാണ്. വിളവെടുപ്പിന് ശേഷമുള്ള അടിസ്ഥാന സൗകര്യ വികസനത്തിലൂടെ മാത്രമേ കർഷകർക്ക് മൂല്യ വർദ്ധനയ്ക്കും (Value added) ന്യായമായ ഇടപാടിനും (Reasonable Sales) അവസരമൊരുക്കി ഉൽപ്പന്നങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയൂ.

കേന്ദ്ര കാർഷിക – കർഷക ക്ഷേമ മന്ത്രാലയം വിളവെടുപ്പിന് ശേഷമുള്ള ഇൻഫ്രാ സ്ട്രക്ചർ മാനേജ്മെന്റ്, കമ്മ്യൂണിറ്റി ഫാമിംഗ് ആസ്തികൾ എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകളിൽ നിക്ഷേപിക്കുന്നതിന് 15.05.2020– ൽ ഒരു ലക്ഷം കോടി രൂപയുടെ അഗ്രി ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF) എന്ന സ്കീം ആവിഷ്കരിച്ചു.

## സ്കീമിന്റെ സവിശേഷതകൾ

* കേന്ദ്ര സംസ്ഥാന സർക്കാരിന്റെ എല്ലാ പദ്ധതികളുമായും ഒത്തുചേരൽ (Convergence with all other schemes of Central or State Government)

* പങ്കാളിത്ത വായ്പ സ്ഥാപനങ്ങളുമായി സഹകരിച്ച് ഓൺലൈൻ ഏകജാലകസൗകര്യം
* രണ്ട് കോടി രൂപ വരെയുള്ള വായ്പകൾക്ക് ക്രെഡിറ്റ് ഗ്യാരണ്ടി
* 3 % പലിശ സബ്‌വെൻഷൻ
* വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, റീജിയണൽ റൂറൽ ബാങ്കുകൾ, ചെറുകിട ധനകാര്യബാങ്കുകൾ, എൻ.സി.ഡി.സി, മുതലായ ഒന്നിലധികം സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാണ്.
* കർഷകർ, കാർഷിക സംരംഭകർ, സ്റ്റാർട്ടപ്പ്സ് എന്നീ സ്വകാര്യമേഖലാ സ്ഥാപനങ്ങൾക്ക് പരമാവധി 25 പദ്ധതികളിൻമേൽ രണ്ടു കോടി രൂപ വീതം വായ്പ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കും
* സർക്കാർ ഏജൻസികൾ, സഹകരണ സംഘങ്ങളുടെ ദേശീയ – സംസ്ഥാന ഫെഡറേഷനുകൾ, എഫ് പി ഓ ഫെഡറേഷൻ, എസ് എച്ച് ജി ഫെഡറേഷൻ എന്നിവയ്ക്ക് 25 പദ്ധതികൾ എന്ന നിബന്ധന ബാധകമല്ല

## അർഹമായ പ്രോജക്ടുകൾ

* ഓർഗാനിക് ഇൻപുട്ട്
* ബയോ സ്റ്റിമുലന്റ് ഉത്പാദനം
* നഴ്സറി
* ടിഷ്യൂകൾച്ചർ
* സീഡ് സംസ്കരണം
* കസ്റ്റം ഹയറിങ് സെന്റർ
* യന്ത്രവത്കരണം, ഇന്റർനെറ്റ്, ഡ്രോൺ, ലോജിസ്റ്റിക്സ്, കോൾഡ് സ്റ്റോറേജ്, വെയർ ഹൗസിംഗ്, പാക്കേജിങ് സംരംഭങ്ങൾ, പ്രാഥമിക സംസ്കരണ പ്രവർത്തനങ്ങൾ മുതലായ അടിസ്ഥാന സൗകര്യങ്ങൾ, സ്മാർട്ട് ആൻഡ് പ്രിസിഷൻ കൃഷി ആരംഭിക്കുന്നതിനു വേണ്ടി ലഭ്യമാക്കുന്നു.

എഫ്. പി. ഒ/ പ്രാഥമിക കാർഷിക സംഘങ്ങൾ/ എസ് എച്ച് ജികൾ/ ജെ.എൻ.ജി കൾ മുതലായവയ്ക്ക് താഴെപ്പറയുന്ന പദ്ധതികൾ നിർവഹിക്കുന്നതിന് സഹായങ്ങൾ ലഭ്യമാകുന്നു.

* ഹൈഡ്രോഫോണിക് ഫാമിംഗ്
* മഷ്റൂം ഫാമിങ്ങ്
* വെർട്ടിക്കൽ ഫാമിങ്ങ്
* എയ്റോപോണിക് ഫാമിങ്ങ്
* പോളി ഹൗസ് /ഗ്രീൻ ഹൗസ്
* ഇസുലേറ്റഡ് വാഹനങ്ങൾ ഉൾപ്പെടെയുള്ള ലോജിസ്റ്റിക് സൗകര്യങ്ങൾ

## അപേക്ഷയ്ക്കുള്ള നടപടിക്രമങ്ങൾ

1 അപേക്ഷ പൂർണമായും ഓൺലൈൻ മുഖേന യാണ് സമർപ്പിക്കേണ്ടത്

2 AIF പോർട്ടൽ (agriinfra.dac.gov.in) മുഖേന രജിസ്റ്റർ ചെയ്യേണ്ടതും അതിനൊപ്പം പ്രോജക്ട് റിപ്പോർട്ട് അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

3. ബാങ്ക്, കൃത്യമായി AIF പോർട്ടൽ പരിശോധിക്കുന്നു

4. AIF പോർട്ടൽ അപേക്ഷ വെരിഫൈ ചെയ്തതിനുശേഷം അപേക്ഷ ബാങ്ക് ബ്രാഞ്ചിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു

5. ബാങ്കിന്റെ വെരിഫിക്കേഷനു ശേഷം സിജിറ്റിഎംഎസ്ഇ (CGTMSE) യിൽ രജിസ്റ്റർ ചെയ്ത് പ്രത്യേക സമയക്രമം പാലിച്ച് അപേക്ഷ അനുവദിച്ച് സഹായം നൽകുന്നു

6. പലിശ സബ്‌വെൻഷനും ക്രെഡിറ്റ് ഗ്യാരണ്ടി ഫീയും ലഭിക്കുന്നതിന് ബാങ്കുകൾ കേന്ദ്ര കൃഷി മന്ത്രാലയത്തിലേക്ക് ഓൺലൈനായി ത്രൈമാസ അപേക്ഷ നൽകുന്നു

7. കേന്ദ്ര കൃഷി മന്ത്രാലയം പലിശ സബ്‌വെൻഷനും ഗ്യാരന്റി ഫീയും ബാങ്കുകൾക്ക് ട്രാൻസ്ഫർ ചെയ്യുന്നു

## അപേക്ഷിക്കുന്നതിനുള്ള രേഖകൾ

1. പോർട്ടൽ രജിസ്ട്രേഷൻ രേഖകൾ
2. പാസ്പോർട്ട് സൈസ് ഫോട്ടോ (2 എണ്ണം)
3. ഐഡി പ്രൂഫ് /ആധാർ
4. മേൽവിലാസം തെളിയിക്കുന്ന രേഖ
5. ഇൻകം ടാക്സ് റിട്ടേൺ (ഉണ്ടെങ്കിൽ)
6. ബാലൻസ് ഷീറ്റ് (ഉണ്ടെങ്കിൽ)
7. ജി എസ് ടി സർട്ടിഫിക്കറ്റ് (ഉണ്ടെങ്കിൽ)
8. ഭൂമിയുടെ പ്രമാണം /പാട്ടക്കരാർ
9. കെ. വൈ. സി
10. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (കമ്പനി) (കമ്പനിക്ക് മാത്രം)
11. ബാങ്ക് സ്റ്റേറ്റ്മെന്റ്
12. പ്രോജക്ട് റിപ്പോർട്ട്
13. തദ്ദേശസ്വയംഭരണം അംഗീകരിച്ച പ്ലാനും എസ്റ്റിമേറ്റും

താഴെപ്പറയുന്ന പ്രാഥമിക കാർഷിക ഉത്പന്ന സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് കാർഷിക അടിസ്ഥാന സൗകര്യ ഫണ്ട് (AIF) ലഭിക്കുന്നതാണ്.

1. ധാന്യങ്ങളും ചെറുധാന്യങ്ങളും
2. ഫലങ്ങളും പച്ചക്കറികളും
3. എണ്ണ / ഓയിൽ പാമുകൾ
4. പയർ വർഗ്ഗങ്ങൾ
5. സുഗന്ധദ്രവ്യങ്ങൾ
6. നാണ്യവിളകൾ
7. പരിപ്പുകൾ
8. ഔഷധമൂല്യമുള്ള വിളകൾ
9. മുള
10. കിഴങ്ങുവർഗ്ഗങ്ങൾ
11. അടയ്ക്ക
12. കന്നുകാലി തീറ്റ വിളകൾ

## മൃഗസംരക്ഷണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് (Animal Husbendary Infrastructure Development Fund - AHIDF

വ്യക്തിഗത സംരംഭങ്ങൾ, സ്വകാര്യ കമ്പനികൾ, സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭങ്ങൾ, ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ, സെക്ഷൻ എട്ട് പ്രകാരമുള്ള കമ്പനികൾ എന്നിവയുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കേന്ദ്ര മൃഗസംരക്ഷണ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് എ. എച്ച്. ഐ. ഡി. എഫ്.




## ലക്ഷ്യങ്ങൾ

1. പാൽ മാംസം എന്നിവയുടെ സംസ്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും അസംഘടിത മേഖലയിലെ ഗ്രാമീണ പാൽ - മാംസം ഉൽപ്പാദകരെ സംഘടിത മേഖലയിലേക്ക് പരിവർത്തനം ചെയ്യുക
2. ഉത്പാദകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ഉയർന്ന വില ഉറപ്പുവരുത്തുക
3. ഗാർഹിക ഉപഭോക്താവിന് ഗുണനിലവാരമുള്ള പാലും മാംസവും ലഭ്യമാക്കുക
4. രാജ്യത്തെ ജനങ്ങൾക്ക് പ്രോട്ടീൻ സമ്പുഷ്ടമായതും ഗുണനിലവാരം ഉള്ളതുമായ ഭക്ഷണം ലഭ്യമാക്കുക 5. സംരംഭകത്വം പ്രോത്സാഹിപ്പിക്കുവാനും തൊഴിലവസരങ്ങൾ വർധിപ്പിക്കാനും

**പാൽ മാംസം എന്നിവയുടെ സംസ്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും അസംഘടിത മേഖലയിലെ ഗ്രാമീണ പാൽ – മാംസം ഉൽപ്പാദകരെ സംഘടിത മേഖലയിലേക്ക് പരിവർത്തനം ചെയ്യുക**

സഹായകരമാക്കുക

6. പാൽ മാംസം മേഖലകളിലെ കയറ്റുമതി വർധിപ്പിക്കുക
7. ഗുണനിലവാരമുള്ള കന്നുകാലി തീറ്റകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുക

## നേട്ടങ്ങൾ

* ഗുണഭോക്തൃ വിഹിതം 10% ബാക്കി 90% ബാങ്ക് ലോൺ
* മൂന്ന് ശതമാനം വാർഷിക പലിശ ഇളവ്
* രണ്ടുവർഷം മൊറട്ടേറിയം
* അതിനുശേഷം ആറുവർഷം വരെ തിരിച്ചടവ് കാലാവധി
* CGTMSME കവറേജ്

## എങ്ങനെ അപേക്ഷിക്കാം ?

ഡയറി, മാംസം, സംസ്കരണം, മൂല്യ വർദ്ധിതം, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവ ചെയ്യാൻ ഉദ്ദേശിക്കുന്ന ഗുണഭോക്താക്കൾക്ക് SIDBI ഉദ്യമിമിത്ര (Udyamimitra) പോർട്ടൽ മുഖേന ബാങ്കുകളിലേക്ക് അപേക്ഷ നൽകാവുന്നതാണ്.

## പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് സ്കീം (Pradanamanthri Formalisation of Micro- Food processing Enterprises Scheme (PMFME)

ഭക്ഷ്യ സംസ്കരണ മേഖലയിലെ അസംഘടിത വിഭാഗത്തെ സംഘടിത വിഭാഗമാക്കി മാറ്റുന്നതിന് വേണ്ടി കേന്ദ്ര ഭക്ഷ്യ മന്ത്രാലയം ആവിഷ്കരിച്ച പദ്ധതിയാണിത്

## ആർക്കെല്ലാം സഹായം കിട്ടും?

* പുതിയതും നിലവിലുള്ളതുമായ വ്യക്തിഗത സംരംഭങ്ങൾക്കും, ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ, ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി, ഉൽപാദക സഹകരണ സ്ഥാപനങ്ങൾ, എസ് എച്ച് ജി എന്നിവർക്ക് സഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

## അപേക്ഷിക്കുന്നതിനുള്ള അർഹത മാനദണ്ഡങ്ങൾ

* 18 വയസ്സ് പൂർത്തീകരിക്കണം
* വിദ്യാഭ്യാസ യോഗ്യത വേണ്ട
* പ്രായപരിധി ഇല്ല
* വരുമാനപരിധി ഇല്ല
* ഒരു കുടുംബത്തിലെ ഒരംഗത്തിന് മാത്രം അർഹത

## സബ്സിഡിയും ധനസഹായവും

* ഭക്ഷ്യ- സംസ്കരണ ഉത്പാദന യൂണിറ്റുകൾക്ക് വായ്പ സഹായം ലഭിക്കുന്നതിനും സബ്സിഡി നേടുന്നതിനും അർഹതയുണ്ട്
* നിലവിലുള്ളതും പുതിയതുമായ വ്യക്തിഗത യൂണിറ്റുകൾക്ക് അർഹതപ്പെട്ട സ്ഥിരനിക്ഷേപ ത്തിന്റെ 35% പരമാവധി പത്ത് ലക്ഷം രൂപ വരെ ലഭിക്കുന്നതാണ്
* ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ കമ്പനി, എസ് എച്ച് ജി, ഉത്പാതക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് അർഹമായ മൂലധന നിക്ഷേപത്തിൻറെ 35% പരമാവധി 3 കോടി രൂപ വരെ സബ്സിഡി ലഭിക്കുന്നതാണ്
* 10% സ്വന്തം വിഹിതം ഈ പദ്ധതിക്ക് നിയമപ രമായി ബാധകമാണ്. 90% ബാങ്ക് വായ്പ ലഭിക്കും
* എഫ്. പി. ഒ/ എഫ് പി സി/ എസ് എച്ച് ജി/ സഹകരണ സംഘങ്ങൾ/ സർക്കാർ ഏജൻസികൾ




എന്നിവയ്ക്ക് പൊതുവായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ധനസഹായം ലഭിക്കുന്നതാണ്. അതിനും പരമാവധി മൂന്ന് കോടി രൂപ/ 35% സബ്സിഡിക്ക് അർഹതയുണ്ട്

* AIF, AHIDF, NCDC മുതലായ മറ്റു പദ്ധതികളുമായി ഈ പദ്ധതിക്ക് ലിങ്കേജ് ഉണ്ട്. അതുവഴി 3% പലിശ സബ്വെൻഷൻ (Interest Subvention) പ്രാഥമിക കാർഷിക ഉൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾക്ക് അർഹതയുണ്ട്

## എങ്ങനെ അപേക്ഷിക്കാം

കേന്ദ്ര ഭക്ഷ്യ - സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള പി എം എഫ് എം ഇ പോർട്ടൽ മുഖേന അപേക്ഷ നൽകാവുന്നതാണ്. ആദ്യം പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. അതിനുശേഷം അപേക്ഷയും പ്രോജക്ടും പോർട്ടലിൽ തയ്യാറാക്കി ജില്ലാതല റിസോഴ്സ് പേഴ്സണിന് സമർപ്പിക്കണം. റിസോഴ്സ് പേഴ്സൺ അപേക്ഷ പരിശോധിച്ച് ജില്ലാതല നോഡൽ ഏജൻസിക്ക് സമർപ്പിക്കും. ജില്ലാതല നോഡൽ ഏജൻസി അപേക്ഷ വെരിഫൈ ചെയ്ത് ഗുണഭോക്താവ് നിർദ്ദേശിക്കുന്ന ബാങ്കിലേക്ക് സമർപ്പിക്കും. ബാങ്ക് അത് പരിശോധിച്ചു വായ്പ അനുവദിച്ച് നൽകുന്നതാണ്.

## അപേക്ഷിക്കാൻ ആവശ്യമായ സാധാരണ രേഖകൾ

1. ആധാർ
2. പാൻ കാർഡ്
3. റേഷൻ കാർഡ്
3. മെഷിനറി കൊട്ടേഷൻ
4. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ
5. ഉദ്യം (നിലവിലുള്ളവർക്ക് ബാധകം)

ഗ്രൂപ്പ് അപേക്ഷ നൽകുമ്പോൾ അതുമായി ബന്ധപ്പെട്ട നിക്ഷേപപരമായ രേഖകളും ആവശ്യമാണ്. അപേക്ഷ തയ്യാറാക്കുന്നതിന് ജില്ലാതല റിസോഴ്സ് പേഴ്സൺ സഹായിക്കും.

## കൃഷിയും ഉദയസൂര്യ വ്യവസായവും - കേരളം

കൃഷിയിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കാർഷികോല്പന്ന വർദ്ധനവിനും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കാർഷിക മേഖലയിലെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനത്തിന് വലിയ സാധ്യതകളാണുള്ളത്. ചക്കയിൽ നിന്നും ഏകദേശം 150ൽ പരം ഉൽപ്പന്നങ്ങളാണ് ഉല്പാദിപ്പിക്കുന്നത്. ചെറുകിട സംരംഭകർ മുതൽ വൻകിട കമ്പനികൾ വരെ ചക്കയിൽ നിന്നും മൂല്യ വർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു .ഇതിനോടകം തന്നെ കേരളത്തിലെ ചക്ക ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര പ്രശസ്തി നേടി കഴിഞ്ഞു. പാലക്കാട് ജില്ലയിലെ മുതലമട കേരളത്തിന്റെ മാംഗോ സിറ്റി എന്നാണ് വിളിക്കുന്നത്. ഇവിടെ മാങ്ങയിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണിയിലെത്തിക്കുന്നു. ഇടുക്കിയിൽ ഫാഷൻ ഫ്രൂട്ടിൽ നിന്നും മൂല്യ വർധന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ ഊർജിതമായി നടന്നുവരുന്നു. കേരളത്തിൽ കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ കൂണിൽ നിന്നും മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. മുകളിൽ പരാമർശിച്ച ഉൽപ്പന്നങ്ങളിൽ നിന്നുമുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നത് കൂടാതെ നാളികേരം, നെല്ല്, മരച്ചീനി, ഏത്തയ്ക്ക, കുരുമുളക്, കശുവണ്ടി മുതലായവയിൽ നിന്നും

സമ്പുഷ്ടമായ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. ചിപ്സുകൾ, അച്ചാറുകൾ, ജാമുകൾ, സ്ക്വാഷുകൾ, കൊണ്ടാട്ടം തുടങ്ങിയ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ കേരളത്തിലെ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടന്നുവരുന്നു

## മൂല്യ വർദ്ധിത കാർഷിക മിഷൻ (VAAM)

കൃഷിക്കാരുടെ വരുമാനം, കാർഷിക ഉത്പാദന ക്ഷമത, ഉൽപ്പന്ന സംസ്കരണം, ഉൽപ്പന്നങ്ങളുടെ വില, മൂല്യ വർദ്ധിത പ്രവർത്തനങ്ങളിൽ നിന്നും മറ്റ് അനുബന്ധ മേഖലകളിൽ നിന്നുമുള്ള വരുമാനം എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിന് കേരളത്തിൽ മൂല്യ വർദ്ധിത കാർഷിക മിഷൻ രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. സമാഹരണ പ്രവർത്തനങ്ങൾ, സ്റ്റാൻഡേർഡൈ സേഷൻ, ഗുണനിലവാര നിയന്ത്രണം, ലേബലിങ്ങ് എന്നിവ ഉറപ്പുവരുത്തുന്ന മികച്ച ആഭ്യന്തര വിദേശ വിപണിക്ക് വേണ്ടിയുള്ള ആസൂത്രണങ്ങൾ എന്നിവ ഈ മിഷന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. വ്യവസായ വകുപ്പിന്റെയും നോർക്കയുടെയും സഹായത്തോടെ കേരളത്തെ ഗൾഫിലെ അടുക്കളയായും മിഡിൽ ഈസ്റ്റ് രാജ്യങ്ങളുടെ ഫ്രൂട്ട് പ്ലേറ്റായും വിഭാവനം ചെയ്ത് കേരളത്തിന്റെ തനതുൽപന്നങ്ങൾ അന്തർദേശീയ അടിസ്ഥാനത്തിൽ ബ്രാൻഡ് ചെയ്യാൻ ഈ മിഷൻ പ്രവർത്തിക്കുന്നു.

## കേരള ബ്രാൻഡ് (Kerala Brand)

പുതിയ വ്യവസായ നയത്തിൽ ആഗോള വിപണിയെ ലക്ഷ്യം വെച്ചുകൊണ്ട് കേരളം ബ്രാൻഡ് സൃഷ്ടിച്ച് കേരളത്തിന്റെ ഉൽപ്പന്നങ്ങൾക്ക് വിപണിമൂല്യം വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സംസ്ഥാന വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ തുടക്കം കുറിച്ചുകഴിഞ്ഞു. പുതിയ വാണിജ്യനയം രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും തുടങ്ങി കഴിഞ്ഞു. കേരളത്തിൽ ആദ്യം ബ്രാൻഡ് ചെയ്ത ഉൽപ്പന്നം വെളിച്ചെണ്ണയാണ്. വെളിച്ചെണ്ണ ഉത്പാദകർക്ക് ബ്രാൻഡ് ലഭിക്കണമെങ്കിൽ നിയമപരമായ രജിസ്ട്രേഷനുകളും ഗുണമേന്മ സർട്ടിഫിക്കറ്റുകളും ആവശ്യമാണ്. ഭക്ഷ്യസുരക്ഷ ലൈസൻസ്, ജി എസ് ടി രജിസ്ട്രേഷൻ, ഐ. എസ്. ഒ/ അഗ്മാർക്ക് സർട്ടിഫിക്കേഷൻ എന്നിവയുള്ളവരെ ബ്രാൻഡിംഗിന് പരിഗണിക്കാവുന്നതാണ്. കേരളത്തിലെ ആറ് വെളിച്ചെണ്ണ ഉൽപാദന യൂണിറ്റുകൾക്ക് ആദ്യഘട്ടത്തിൽ സംസ്ഥാന വ്യവസായ വകുപ്പ് കേരള ബ്രാൻഡ് നൽകിയിട്ടുണ്ട്.

കൃഷി ഒരു വ്യവസായ സംരംഭമായി ചെയ്താൽ മാത്രമേ അസംഘടിതരായ ചെറുകിട കർഷകർക്ക് അവരുടെ അധ്വാനത്തിന് ആനുപാതികമായ വരുമാനം ലഭ്യമാകുകയുള്ളൂ. ആധുനിക സാങ്കേതികവിദ്യയും കേരളത്തിന്റെ ഭൂപ്രദേശത്തിനും മണ്ണിനും അനുയോജ്യമായ നവീന കൃഷി രീതികൾ സ്വീകരിച്ച് കാർഷികോൽപാദനം വർദ്ധിപ്പിക്കണം. കൃഷിവകുപ്പും വ്യവസായ വകുപ്പും തമ്മിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ സമന്വിയിപ്പിക്കണം. പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് ശരിയായ രീതിയിൽ ആസൂത്രണം ചെയ്ത് കാർഷികോല്പന്നങ്ങളെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിലൂടെ കാർഷിക അനുബന്ധ മേഖലകളിലെ ഉൽപ്പന്നങ്ങളെ ഉദയസൂര്യ വ്യവസായമാക്കി പരിവർത്തനം ചെയ്യാനും കൃഷിയെ കൂടുതൽ ലാഭകരമാക്കാനും, അത് വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് സഹായകരമാക്കാനും കഴിയും.

## കേരള ബ്രാൻഡ് വെളിച്ചെണ്ണ യൂണിറ്റുകൾ (Kerala Branded Coconut Oil Manufacturing Units)

1. എം. ആർ. എൽ കുട്ടനാടൻ കോക്കനട്ട് ഓയിൽ, ആലപ്പുഴ
2. കെഡിസൺ എക്സപെല്ലേഴ്സ്, കോട്ടയം
3. വരാപട്ടി കോക്കനട്ട് ഓയിൽ, എറണാകുളം
4. കെ. എം ഓയിൽ ഇൻഡസ്ട്രീസ്, കണ്ണൂർ
5. സഹകാരി ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രോസസിംഗ് പ്ലാന്റ്, കണ്ണൂർ
6. കല്ലത്ര ഓയിൽ മിൽസ്, കാസർഗോഡ്

**(മുൻ വ്യവസായ വകുപ്പ് ഡപ്യൂട്ടി ഡയക്ടറാണ് ലേഖകൻ)**

എഴുമാവിൽ രവീന്ദ്രനാഥ്



# കരവിരുതിന്റെ ഊടും പാവും

ആയോധനകലയിൽ കളരിപ്പയറ്റ്, ആരോഗ്യ ശാസ്ത്രത്തിൽ ആയുർവേദം, നൃത്തകലയിൽ മോഹിനിയാട്ടം എന്ന പോലെ വസ്ത്ര നിർമ്മാണത്തിൽ കേരളം കൈയൊപ്പു ചാർത്തിയ മേഖലയാണ് കൈത്തറി. തമിഴകത്തെ ശാലിയത്തെരുവുകളിൽ നിന്നും രണ്ടു രാജകുടുംബാംഗങ്ങൾ കേരളത്തിലെത്തിച്ച വസ്ത്ര നിർമ്മാണ വിദഗ്ദ്ധരിൽ നിന്നുമാണ് കൈത്തറിയുടെ ചരിത്രമാരംഭിയ്ക്കുന്നത്. 1799 മുതൽ 1810 വരെ തിരുവിതാംകൂർ ഭരിച്ച ബാലരാമവർമ്മയും, ചിറയ്ക്കൽ കോവിലകത്തെ കോലത്തിരിയുമാണ് കേരളത്തിലെ കൈത്തറി മേഖലയ്ക്ക് ഊടും പാവുമിട്ടത്. തിരുനെൽവേലിയിലെ വള്ളിയൂരിൽ നിന്നാണ് തിരുവിതാംകൂർ ദിവാനായിരുന്ന ഉമ്മിണിത്തമ്പി 7 കുടുംബങ്ങളെ നെയ്യാറ്റിൻകരയ്ക്കു സമീപമുള്ള ഗ്രാമത്തിലേക്കു കൊണ്ടുവന്നത്. രാജകുടുംബങ്ങൾക്കുള്ള







വസ്ത്രനിർമ്മാണമായിരുന്നു ലക്ഷ്യം. ഇതോടൊപ്പം എണ്ണയാട്ട്, കരകൗശല വസ്തുക്കളുടെ നിർമ്മാണം, നിറങ്ങളുണ്ടാക്കൽ തുടങ്ങിയവയും ഇവർക്കായി മഹാരാജാവിന്റെ ഉത്തരവിൻപ്രകാരം അവിടെ ആരംഭിച്ചു. വീതിയേറിയ പാതയും ചെങ്കല്ലിൽ തീർത്ത വീടുകളും നിർമ്മാണശാലകളുമെല്ലാം രാജനിർദ്ദേശത്താൽ അവിടെ ഉയരുകയും ആ സ്ഥലത്തിന് ബാലരാമപുരം എന്ന നാമകരണം ചെയ്യുകയുമുണ്ടായി. കണ്ണൂരിലും ഏതാണ്ട് സമാന സംഭവ വികാസങ്ങളാണ് അരങ്ങേറിയത്. അങ്ങനെ കേരളത്തിന്റെ കൈത്തറിക്കണ്ണുകളായി തിരുവനന്തപുരവും കണ്ണൂരും മാറി. ഈ രണ്ടു ജില്ലകൾ കൂടാതെ കോഴിക്കോട്, പാലക്കാട്, തൃശൂർ, എറണാകുളം, കൊല്ലം, കാസർഗോഡ് തുടങ്ങിയ ജില്ലകളിലേയ്ക്കും കൈത്തറി വ്യവസായം പടർന്നു. സംസ്ഥാനത്തെ 96 ശതമാനം നിർമ്മാണ യൂണിറ്റുകളും സഹകരണ മേഖലയിലാണ്.

ഇനി ദേശീയ കൈത്തറി മേഖലയുടെ ചരിത്രത്തിലേക്കു കൂടി ഒന്നു കണ്ണോടിയ്ക്കാം. ഭാരതത്തിലെ വസ്ത്ര നിർമ്മാണത്തിന് സിന്ധു നദീതട നാഗരികതയോളം പഴക്കമുണ്ട്. ആര്യന്മാരാണ് ഇവിടെ വസ്ത്രനിർമ്മാണ കല വികസിപ്പിച്ചത്. ഇതിന്റെ ഭാഗമായി പരുത്തി, ചണം, പട്ടുനൂൽ ഇവയൊക്കെ അവർ വസ്ത്രനിർമ്മാണത്തിനുപയോഗിച്ചു. കൃഷിയും കാലിവളർത്തലിനും പുറമെ വസ്ത്ര നിർമ്മാണവും ഒരു തൊഴിലായി അവർ വളർത്തിയെടുത്തു. പ്രാചീനകാലം മുതൽക്കേ റോമുമായി വാണിജ്യബന്ധം സ്ഥാപിച്ചത് ആര്യവംശജരാണ്. പാശ്ചാത്യ നാടുകളിലേയ്ക്ക് പട്ടുവസ്ത്രങ്ങൾ ചൈന വഴി കയറ്റി അയച്ചത് അഭംഗുരം തുടർന്നു. അങ്ങനെ പട്ടുപാത അഥവാ സിൽക്ക് റൂട്ട് എന്നൊരു പുതിയ പദവും പിറന്നു. ക്രമേണ ഒട്ടുമിക്ക നാട്ടുരാജ്യങ്ങളിലേക്കും വസ്ത്രനിർമ്മാണം വ്യാപിച്ചു. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ

കമ്പനി വ്യാപാരത്തിനെത്തിച്ചേരും വരെ ലോക വസ്ത്ര നിർമ്മാണ മേഖലയിൽ സിംഹഭാഗവും കൈയാളിയിരുന്നത് ഭാരതമായിരുന്നു. എന്നാൽ ബ്രിട്ടീഷുകാർ തങ്ങളുടെ വസ്ത്രനിർമ്മാണ ഫാക്ടറികളുടെ അസംസ്കൃത വസ്തുക്കൾ ശേഖരിയ്ക്കുകയും, ഉൽപന്നങ്ങൾ വിപണനം ചെയ്യുകയും ചെയ്യുന്ന ഇടമാക്കി ഭാരതത്തെ മാറ്റി. ഇതോടെ നമ്മുടെ പരമ്പരാഗത വസ്ത്ര നിർമ്മാണ മേഖല പാടേ തകർന്നു. ഇതിനെതിരെയാണ് ഗാന്ധിജിയുടെ സ്വദേശി പ്രസ്ഥാനം ഉയർന്നു വന്നത്. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ 1953–ലാണ് ഖാദി, കൈത്തറി വികസന ആക്റ്റ് നിലവിൽ വന്നത്. ഇത് പരമ്പരാഗത മേഖലയ്ക്ക് പുത്തനുണർവ്വ് പകർന്നു. 1955–ൽ അഖിലേന്ത്യാടിസ്ഥാനത്തിൽ ഖാദി, കൈത്തറി കരകൗശല മേഖലയിൽ ഒരു സഹകരണ സംഘം സ്ഥാപിതമാവുകയും ഗ്രാമീണോൽപന്നങ്ങളുടെ പ്രോത്സാഹനാർത്ഥം നിർമ്മാണം, സംഭരണം, വിപണനം എന്നിവയ്ക്കായി നവീന പദ്ധതികൾ ആരംഭിയ്ക്കുകയും ചെയ്തു.

പതിനേഴു കുടുംബങ്ങളിൽ തുടങ്ങി ഒരു ലക്ഷത്തോളം പേർ പണിയെടുക്കുന്ന ഒരു മേഖലയായി കേരളത്തിൽ പടർന്നു പന്തലിച്ച കൈത്തറി വസ്ത്ര നിർമ്മാണം ഇന്ന് മന്ദഗതിയിലാണ് മുന്നോട്ടു പോകുന്നത്. ഈ അവസ്ഥ മാറ്റിയെടുക്കാനുള്ള സജീവ ശ്രമത്തിലാണ് സംസ്ഥാന വ്യവസായ വകുപ്പ്. പ്രകൃതി സൗഹൃദവും കാലാവസ്ഥയ്ക്ക് അനുയോജ്യവുമായ ഉൽപന്നമെന്ന നിലയിൽ കൈത്തറി വസ്ത്രങ്ങൾക്കുള്ള മേന്മ മറ്റൊന്നിനും അവകാശപ്പെടാനാവുകയില്ല. നിർമ്മാണ രംഗത്തെ സങ്കീർണതകളും പരിമിതികളും മൂലം സംരംഭകരും തൊഴിലാളികളും ഒരു കാലത്ത് ക്ലേശിച്ചിരുന്നു. തന്മൂലം ഉൽപന്നവില താരതമ്യേന കൂടുതലും ആയിരുന്നു. 1608 ആഗസ്റ്റ് 24 ന് സൂറത്തിൽ കരയ്ക്കടുത്ത ദി ഹെക്ടർ ആയിരുന്നു ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ആദ്യ കപ്പൽ. സർ വില്യം ഹോക്കിൻസ് ആയിരുന്നു കമ്പനി പ്രതിനിധിയായി ആദ്യമിവിടെത്തിയത്. വെറുമൊരു സോപ്പു പെട്ടിയ്ക്കുള്ളിൽ അടക്കം ചെയ്യാവുന്ന പട്ടുസാരി നെയ്തെടുത്ത ഇന്ത്യൻ നെയ്ത്തുകാരുടെ വൈഭവം കണ്ടു വായ് പിളർന്നു നിന്ന അദ്ദേഹത്തോട് ഒരു തീപ്പെട്ടി കൂടിൽ ഒതുക്കാവുന്ന സാരിയുമുണ്ടെന്ന് മറ്റൊരു നെയ്ത്തുകാരൻ പറഞ്ഞത്രേ. ഇത്രയും സങ്കീർണതകൾ നിറഞ്ഞ മനുഷ്യപ്രയത്നത്തിന് തക്ക പ്രതിഫലമോ അതിനു സഹായകമായ സാങ്കേതികവിദ്യകളോ അന്നുണ്ടായിരുന്നില്ല. ഒരു മികച്ച സാരി നിർമ്മിച്ചെടുക്കാൻ ആറു പേർ എട്ടു മാസം വരെ അദ്ധ്വാനിച്ചിരുന്നുവത്രേ. കേരളത്തിലെ തൊഴിലിടങ്ങളിലും ഇതൊക്കെത്തന്നെയായിരുന്നു ആദ്യകാല അവസ്ഥ. അദ്ധ്വാനമേറിയും പ്രതിഫലം കുറഞ്ഞുമുള്ള സാഹചര്യത്തിൽ മുമ്പോട്ടു പോകാൻ ആർക്കുമാവില്ലല്ലോ. ടെക്സ്റ്റൈൽ രംഗത്ത് പുതുതായി കടന്നു വന്ന നൈലോൺ, പോളിയസ്റ്റർ, അക്രിലിക് റയോൺ എന്നിവ പരമ്പരാഗത വസ്ത്ര നിർമ്മാണമേഖലയ്ക്കു തുരങ്കം വെച്ചു. പരുത്തി,




പട്ട്, രോമം, ചണം തുടങ്ങിയ പ്രകൃതിദത്ത നാരുകളെ ഒരു പരിധി വരെ പിന്തള്ളിയായിരുന്നു ഇവ വിപണി പിടിച്ചടക്കിയത്. കൈത്തറി മേഖലയുടെ തളർച്ചയ്ക്ക് ദേശീയ തലത്തിൽ തന്നെ ഇതു കാരണമായി.

പരമ്പരാഗത കൈത്തറി വ്യവസായ സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം, മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ട് സംസ്ഥാന ഹാന്റ്ലൂം ആന്റ് ടെക്റ്റയിൽസ് ഡയറക്ടറേറ്റ് നിരവധി ക്ഷേമ പരിപാടികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നത്. കൈത്തറി നിർമ്മാണ സഹകരണ സംഘങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയാണ് ഇതിൽ പ്രധാനം. നൂതന

സാങ്കേതിക വിദ്യകളിലൂടെ മികച്ച ഉൽപന്നങ്ങൾ കൂടുതൽ വേഗത്തിലും എണ്ണത്തിലും തയ്യാറാക്കുക, ആധുനിക നിർമ്മാണ പ്രക്രിയകളിൽ പരിശീലനം നൽകുക, വിപണനം പ്രോത്സാഹിപ്പിക്കുക ഇവയെല്ലാം ഇതിലുൾപ്പെടുന്നു.

44 അപ്പക്സ് സംഘങ്ങളും 15,926 പ്രാഥമിക സംഘങ്ങളും സജീവമായ ഇന്ത്യൻ കൈത്തറി മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ച ആർ ആർ ആർ (റിവൈവൽ, റിഫോം, റീസ്ട്രക്ചർ) പദ്ധതി ദേശീയതലത്തിൽ തന്നെ പ്രശംസനീയമായ

സംഘങ്ങളായ ഹാൻടെക്സ്, ഹാൻവീവ് എന്നിവ വഴി വിപണനം ചെയ്യുന്ന ഉൽപന്നങ്ങൾക്കുള്ള സർക്കാരിന്റെ ഉത്സവകാല റിബേറ്റ്, സർക്കാർ അർദ്ധ സർക്കാർ ജീവനക്കാർക്കുള്ള ഇൻസ്റ്റാൾമെന്റ് പദ്ധതി, യൂണിഫോം പദ്ധതി എന്നിവ സംസ്ഥാന വ്യവസായ വകുപ്പിന്റെ കൈത്തറി മേഖലയോടുള്ള പ്രതിബദ്ധതയുടെ ഉദാഹരണങ്ങളാണ്.

ഈ ഓണം കൈത്തറി വസ്ത്രങ്ങൾക്കൊപ്പം എന്ന ടാഗ്‌ലൈനോടെ തിരുവനന്തപുരം കനകക്കുന്നിലെ സൂര്യകാന്തി ഫെയർ ഗ്രൗണ്ടിൽ




നിലയിൽ മുന്നേറുന്നു. 18 നും 40 നും ഇടയ്ക്ക് പ്രായമുള്ള യുവതീ യുവാക്കളെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കുന്ന യുവാ വീവ് പദ്ധതി കേരളത്തിൽ മികച്ച പ്രകടനമാണ് കാഴ്ച വെച്ചത്. തെരഞ്ഞെടുക്കപ്പെടുന്ന കൈത്തറി വസ്ത്ര നിർമ്മാണ സഹകരണ സംഘങ്ങളിലെ അംഗങ്ങളാണ് ഇതിന്റെ ഗുണഭോക്താക്കൾ. തിരുവനന്തപുരം ജില്ലയിൽ ഉദയാ മഹിളാ സമാജം (എക്കോ ടെക്സ് കൺസോർഷ്യം) മഞ്ചവിളാകം, പെരിങ്ങമല കൈത്തറി നെയ്ത്ത് സഹകരണ സംഘം, ട്രാവൻകൂർ കൈത്തറി നെയ്ത്തു സഹകരണ സംഘം, നേമം എന്നിവയിലെ 60 അംഗങ്ങൾക്ക് സൗജന്യ തറി വിതരണം ചെയ്തു കൊണ്ടായിരുന്നു ഈ പദ്ധതി നിലവിൽ വന്നത്. സംസ്ഥാനത്തെ രണ്ട് അപ്പെക്സ് സഹകരണ

ആരംഭിച്ച ഹത്ത്ഖർഗാ മേള 2024- കൈത്തറി വസ്ത്ര പ്രദർശന വിപണന മേള കേന്ദ്ര ഹാന്റ്ലൂം ആന്റ് ടെക്സ്റ്റയിൽസ് ഡവലപ്മെന്റ് കമ്മീഷണറേറ്റും, സംസ്ഥാന ഹാന്റ്ലൂം ഡയറക്ടറേറ്റും സംയുക്തമായി സംഘടിപ്പിച്ച ഒരു വിപണനമേള ആയിരുന്നു. വി. കെ. പ്രശാന്ത് എം. എൽ. എയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. പൊതു വിതരണ വകുപ്പ് മന്ത്രി ജി. ആർ. അനിൽ ആദ്യവിൽപന നടത്തി. കൈത്തറി വസ്ത്ര ഡയറക്ടർ കെ. എസ്. അനിൽ കുമാർ സ്വാഗതവും, തിരു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ എ. എസ്. ഷിറാസ് കൃതജ്ഞതയും പറഞ്ഞ ഉദ്ഘാടന സമ്മേളനത്തിൽ നിരവധി വിശിഷ്ട വ്യക്തികൾ സന്നിഹിതരായിരുന്നു.

# റാംപ് (RAMP) എം.എസ്.എം.ഇകൾക്കുള്ള കേന്ദ്ര സർക്കാർ പദ്ധതി




വേൾഡ് ബാങ്ക് പിന്തുണയോടെ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് "റൈസിംഗ് ആൻഡ് ആക്സിലറേറ്റിംഗ് എംഎസ്എംഇ പെർഫോർമൻസ്'' (RAMP). 2022 ജൂൺ 30-ന് പദ്ധതിയുടെ ദേശിയ തല ഉദ്ഘാടനം നടക്കുകയുണ്ടായി. അഞ്ച് വർഷ കാലയളവിൽ ഈ പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്ര എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ (MoMSME) ആഭിമുഖ്യത്തിലാണ്.

## റാംപ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ:

- നിലവിലുള്ള ദേശിയ, സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്ന എംഎസ്എംഇ പദ്ധതികളുടെ impact വർദ്ധിപ്പിക്കുക
- MSME-കൾക്കിടയിൽ നവീന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുക

- എം.എസ്.എം.ഇ-കൾ തമ്മിലുള്ള ആശയ വിനിമയം വർദ്ധിപ്പിക്കുക
- നിലവിൽ എം.എസ്.എം.ഇ-കൾ പിന്തുടരുന്ന സമ്പ്രദായങ്ങളും പ്രക്രിയകളും മെച്ചപ്പെടുത്തുക
- എം.എസ്.എം.ഇ ഉത്പന്നങ്ങൾക്ക് വിപണി വർദ്ധിപ്പിക്കുക
- സംരംഭങ്ങൾക്കിടയിൽ ഹരിതവത്കരണ രീതികൾ പ്രോത്സാഹിപ്പിക്കുക

എന്നിവയിലൂടെ എം.എസ്.എം.ഇ-കളുടെ മത്സരക്ഷമതയും കാര്യശേഷിയും വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

റാംപ് പദ്ധതിയിലൂടെ ദേശിയ തലത്തിൽ ആകെ 5.55 ലക്ഷം എംഎസ്എംഇകളുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു. ദേശിയ തലത്തിൽ പദ്ധതിയുടെ മൊത്തം ചെലവ് 6,062.45 കോടി രൂപയാണ്. ഇതിൽ 3,750 കോടി രൂപ വേൾഡ് ബാങ്കിൽ നിന്ന് വായ്പയായി ലഭിക്കും, ബാക്കി 2,312.45 കോടി രൂപ കേന്ദ്ര സർക്കാർ നൽകും.

## വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ

റാംപ് പദ്ധതിയുടെ ഭാഗമാകാൻ താല്പര്യമുള്ള സംസ്ഥാനങ്ങൾ പ്രാഥമികമായി ഒരു സ്ട്രാറ്റജിക് ഇൻവെസ്റ്റ്മെന്റ് പ്ലാൻ (SIP) തയ്യാറാക്കുകയും, അത് കേന്ദ്ര MSME മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്. SIP രൂപീകരണത്തിനായി സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ ഗ്രാന്റ് ലഭിക്കുന്നതാണ്. സംസ്ഥാനങ്ങൾക്ക് SIP തയ്യാറാക്കുന്നതിനായി ഗ്രാന്റുകൾ നൽകുന്നതിലൂടെ കേന്ദ്ര-സംസ്ഥാന സഹകരണം പ്രോത്സാഹിപ്പിക്കുന്നതും ലക്ഷ്യമിടുന്നു.

SIP സംസ്ഥാന സർക്കാരിന്റെ എംഎസ്എംഇ മേഖലയുടെ വികസനത്തിനായി തയ്യാറാക്കിയ റോഡ് മാപ്പാണ്. തുടർന്ന്, കേന്ദ്ര MSME മന്ത്രാലയം അംഗീകരിക്കുന്ന SIP-യിൽ തിരഞ്ഞെടുക്കപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാനങ്ങൾക്ക് റാംപ് പദ്ധതിയിലൂടെ ഗ്രാന്റുകളും നൽകുന്നു.

2023 മെയ് മാസത്തിൽ റാംപ് SIP രൂപീകരിക്കുന്നതിനായി വ്യവസായ വകുപ്പ് കൺസൾട്ടന്റിനെ ഏർപ്പാടാക്കുകയും 2023 ഒക്ടോബർ മാസം SIP കേന്ദ്ര MSME മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി














സമർപ്പിക്കുകയും ചെയ്തു. ജനുവരി 2024-ൽ വ്യവസായ വകുപ്പ് സമർപ്പിച്ച SIPക്ക് കേന്ദ്ര അംഗീകാരം ലഭിക്കുകയും, SIPൽ പരാമർശിക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാകുന്നതിനായിട്ട് 107.71 കോടി രൂപയുടെ ഗ്രാന്റ് നൽകുന്നതിന് തീരുമാനം ആവുകയും ചെയ്തു. തുടർന്ന്, ജൂലൈ 2024-ൽ SIP നടപ്പിലാക്കുന്നതിനും, അതിന്റെ മോണിറ്ററിങ് ആൻഡ് റിവ്യൂവിനും വേണ്ടി കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

മിഷൻ 1000 യൂണിറ്റുകൾക്കുള്ള DPR സഹായം, എം.എസ്.എം.ഇ.കൾക്ക് ബിസിനസ് എക്സിക്യൂട്ടീവ്സ് വഴി ഹാൻഡ്ഹോൾഡിങ്, ഇറക്കുമതി ബദൽ പഠനവും സ്ട്രാറ്റജിക് പ്ലാൻ തയ്യാറാക്കലും, MSME ക്ലിനിക്കുകൾ, ടെക്നോളജി ക്ലിനിക്കുകൾ, ടെക്നോളജി സപ്പോർട്ട്സെന്റർ, സ്ത്രീകൾക്കും യുവാക്കൾക്കും പരിശീലന പരിപാടികൾ, എനർജി ഓഡിറ്റുകൾ, MSME അവാർഡുകൾ, ഐ.ടി ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തൽ, ബാങ്കേഴ്സ് മീറ്റ് (ലോൺ മേളകൾ), കേരള ബ്രാൻഡ് മാർക്കറ്റിംഗ് & പ്രമോഷൻ, വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികൾ, ഇ.ഡി.ഇ.മാർക്കും റിസോഴ്സ് പേഴ്സൺമാർക്കുമായുള്ള ശേഷി വികസന പരിപാടികൾ, മേഖലാ അധിഷ്ഠിത സർവേകളും പഠനങ്ങളും, മേഖല നിർദ്ദിഷ്ട പരിശീലനങ്ങൾ, സെമിനാറുകൾ, കോൺക്ലേവുകൾ, കയറ്റുമതി നടപടിക്രമങ്ങളെക്കുറിച്ചുള്ള ശില്പശാലകൾ, ക്വാളിറ്റി മാനേജ്മന്റ് സിസ്റ്റം എടുക്കുവാൻ MSME-കളെ പ്രോത്സാഹിപ്പിക്കൽ എന്നിവയാണ് കേന്ദ്ര MSME മന്ത്രാലയം സംസ്ഥാന തലത്തിൽ നടപ്പിലാക്കുവാൻ വേണ്ടി അംഗീകരിച്ച വിവിധ പദ്ധതികൾ.

മേൽ പറഞ്ഞ പദ്ധതികളുടെ ആസൂത്രണവും നടപ്പിലാക്കലും സംസ്ഥാന വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ആയിരിക്കും. ഇനിയുള്ള 3 വർഷ കാലയളവിലാണ് (2026-27 വരെ) ഈ പദ്ധതികൾ നടപ്പിലാക്കേണ്ടത്. RAMP SIP നടപ്പിലാക്കുന്നതിന്റെ ഓരോ ഘട്ടത്തിലും അത് വരെയുള്ള പുരോഗതി വ്യവസായ വകുപ്പ് കേന്ദ്ര MSME മന്ത്രാലയത്തെ അറിയിക്കേണ്ടതാണ്. പുരോഗതി വിലയിരുത്തിയ ശേഷം തുടർന്നുള്ള ഗ്രാന്റ് ഫണ്ട് MSME മന്ത്രാലയം നൽകുന്നതാണ്.

തിരുവനന്തപുരത്ത് റാംപ് പദ്ധതിയുടെ ഭാഗമായുള്ള സംസ്ഥാനതല റോൾ ഔട്ട് ശിൽപശാല ബഹു.വ്യവസായ കയർ നിയമ വകുപ്പ് മന്ത്രി ശ്രീ.പി.രാജീവ് സെപ്റ്റംബർ 4 ന് ഉദ്ഘാടനം ചെയ്തു.

RAMP പദ്ധതി കേരളത്തിലെ MSME കൾക്ക് മികച്ച വളർച്ച പ്രാപിക്കുവാനും, വിവിധ മേഖലക





ളിൽ അവയുടെ ശേഷി വികസിപ്പിക്കുവാനും സഹായകരമാകും. ഈ പദ്ധതിയുടെ ഭാഗമാകുവാനും, അതിനു വേണ്ട നടപടികൾ സ്വീകരിക്കുവാനും, ഈ പദ്ധതിയിൽ സംസ്ഥാന വ്യവസായ വകുപ്പിന്റെ മികച്ച പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും വേണ്ട എല്ലാ പിന്തുണയും നൽകണമെന്ന് ശിൽപശാലയിൽ പങ്കെടുത്ത കേരളത്തിലെ ജില്ലാ-താലൂക്ക്-ബ്ലോക്ക് തല വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരെ അദ്ദേഹം അറിയിച്ചു.

വൻകിട വ്യാവസായിക പദ്ധതികളേക്കാൾ സാമ്പത്തിക ചെലവ് കുറഞ്ഞതും പാരിസ്ഥിതിക ആഘാതമില്ലാത്തതും, വലിയ തോതിൽ ഭൂമി ആവശ്യമില്ലാത്തതുമായ പദ്ധതികൾക്ക് വലിയ സാധ്യതയാണുള്ളതെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ അദ്ധ്യക്ഷനായ ചടങ്ങിൽ വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാരായ ജി.രാജീവ്, കെ.എസ്.കൃപകുമാർ, കെ. എസ്.ഐ.ഡി.സി. എക്സിക്യൂട്ടീവ് ഡയറക്ടർ ആർ. ഹരികൃഷ്ണൻ എന്നിവർ സംസാരിച്ചു. എം. എസ്.എം.ഇ. മന്ത്രാലയം ഡയറക്ടർ ഡോ.കെ. ആർ.രാജേശ്വരി, റാംപ് ഇന്റർനാഷണൽ പി.എം.യു മേധാവി ഡോ.മിലൻ ശർമ എന്നിവർ റാംപ് പദ്ധതിയെക്കുറിച്ച് അവതരണം നടത്തി. കേരളത്തിലെ റാംപ് പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഡെപ്യൂട്ടി ഡയറക്ടർ എം.ഷബീറും, കേരള വ്യവസായ നയത്തെയും, ഇൻസെന്റീവുകളെയും കുറിച്ച് ഡെപ്യൂട്ടി ഡയറക്ടർ പി.പ്രേംരാജും അവതരണങ്ങൾ നടത്തി.




**റാമ്പ് പദ്ധതിയുടെ ഭാഗമായ റോൾ ഔട്ട് ശില്പശാലയുടെ സംസ്ഥാനതല ഉദ്ഘാടന വേദിയിൽ വ്യവസായ വാണിജ്യ ഡയറക്ടർ സ്ഥാനം ഒഴിയുന്ന എസ്. ഹരികിഷോർ ഐ.എ.എസ്സിന് മന്ത്രി പി. രാജീവ് ഉപഹാരം കൈമാറുന്നു.**



ലോറൻസ് മാത്യു



# ഓഗ്മെന്റഡ് റിയാലിറ്റിയും ബിസിനസ്സ് സാധ്യതകളും

ഒരു കാലത്ത് ക്ലാസിൽ നന്നായി പഠിക്കുന്നവർക്ക് ഉന്നത സർക്കാർ ഉദ്യോഗം, കുറച്ച് പേർക്ക് ഗൾഫ്, ഒട്ടും പഠിക്കാത്തവർക്ക് എന്തെങ്കിലും ബിസിനസ്സ് ഈ രീതിയിലായിരുന്നു നമ്മുടെ പൊതു സമൂഹം ചിന്തിച്ചിരുന്നത്. എന്നാലിന്ന് കഥ ഏറെ മാറി ഏറ്റവും നന്നായി പഠിക്കുന്നവർ, ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവർ എല്ലാം ബിസിനസിന്റെ ലോകത്തേക്ക് എത്തുന്നു, സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നു. സത്യത്തിൽ ഒന്നിനും കൊള്ളാത്തവരല്ല സംരംഭക ലോകത്തേക്ക് വരേണ്ടത്. ഒരു സർക്കാർ ജോലിക്കാരനേക്കാളേറെ കഴിവുകൾ മാനേജ്മെന്റ് തലത്തിൽ വേണ്ട വ്യക്തിയാവണം ഒരു സംരംഭകൻ. ഒപ്പം ആധുനിക കാലത്തെ ബിസിനസുകളുടെ പ്രത്യേകത അത് സാങ്കേതിക വിദ്യയിൽ ഏറെ അധിഷ്ഠിതമായിരിക്കുന്നുവെന്നത ാണ്. ഇക്കാലത്ത് ബിസിനസിനെ ഏറെ സ്വാധീനിക്കുന്ന 2 ടെക്നോളജികളാണ് വിർചൽ റിയാലിറ്റിയും (VR) ഓഗ്മെൻറഡ് റിയാലിറ്റിയും (AR).

ഇത് രണ്ടും രണ്ട് സാങ്കേതിക വിദ്യയാണ്. വെർചൽ റിയാലിറ്റി അഥവാ

സാങ്കല്പിക യാഥാർത്ഥ്യം എന്നത് കമ്പ്യൂട്ടർ സൃഷ്ടിക്കുന്ന മായിക ലോകമാണ്. സോഫ്റ്റ്‌വെയറുകളുടെ സഹായത്താൽ ത്രിമാന സാങ്കേതികത ഉപയോഗിച്ച് നിർമ്മിക്കുന്ന അയഥാർത്ഥ ലോകമാണ് വെർച്വൽ റിയാലിറ്റി. കമ്പ്യൂട്ടർ സ്ക്രീനിലോ, പ്രോജക്ടറിലോ, ശബ്ദ സന്നിവേശത്തോടെ യഥാർത്ഥ ലോകത്തിന്റെ പ്രതീതി ഉളവാക്കുന്ന ഈ സങ്കേതത്തിന് പ്രസക്തിയേറുകയാണ്. കമ്പ്യൂട്ടർ ഇമേജിംഗ്, ഇൻഫോഗ്രാഫി എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ദൃശ്യ-ശ്രാവ്യമാധ്യമങ്ങൾ മനുഷ്യശരീരത്തിൽ സ്ഥാപിച്ച് ത്രിമാനതലത്തിൽ അയഥാർത്ഥ ലോകത്തിനെ പുന:സൃഷ്ടിക്കുകയാണ് ഇതിന്റെ പ്രവർത്തന തത്വം. കൽപിത യാഥാർത്ഥ്യങ്ങൾ തലയിലെ തൊപ്പി പോലെ സ്ഥാപിച്ചിരിക്കുന്ന ഉപകരണത്തിൽ എത്തുന്നു. യഥാർത്ഥ ലോകത്തിന് സമാനമായ ലോകത്തിലൂടെ കാഴ്ചക്കാരൻ സഞ്ചരിക്കുന്നു. ഒരേ സമയം മിഥ്യയും എന്നാൽ യാഥാർഥ്യമാണെന്ന അനുഭവം തരുന്ന സാങ്കേതിക വിദ്യയാണ് ഇത്. ഒരു പ്രത്യേക തരത്തിലുള്ള അന്തരീക്ഷത്തിലേക്ക് ചില ഉപകരണങ്ങൾ വഴി പ്രൊജക്റ്റ് ചെയ്യപ്പെടുന്ന രൂപങ്ങളാണ് നമുക്ക് വിർച്വൽ റിയാലിറ്റി എന്ന അനുഭവം നൽകുന്നത്. വേഗം എത്താൽ കഴിയാത്ത ഒരു സ്ഥലത്തിൽ മനുഷ്യന് വിർച്വൽ കോൺഫറൻസിംഗ് എന്ന സാങ്കേതിക വിദ്യയിലൂടെ ചെന്നു ചേരാൻ കഴിയുന്നിടം വരെ എത്തി നിൽക്കുകയാണ് കാര്യങ്ങൾ.

## എന്താണ് ഓഗ്മെൻറഡ് റിയാലിറ്റി

എന്നാൽ ഓഗ്മെന്റഡ് റിയാലിറ്റി (AR) എന്നത് ഒരു യഥാർത്ഥ ലോക പരിതസ്ഥിതിയുടെ ഒരു സംവേദനാത്മക അനുഭവമാണ്, അവിടെ യഥാർത്ഥ ലോകത്ത് വസിക്കുന്ന വസ്തുക്കൾ കമ്പ്യൂട്ടർ സൃഷ്ടിച്ച പെർസെപ്ചൽ വിവരങ്ങളാൽ മെച്ചപ്പെടുത്തുന്നു. അതായത് യഥാർത്ഥ ലോകവും കമ്പ്യൂട്ടറിൽ സൃഷ്ടിച്ചെടുക്കുന്ന ഇമേജും ഒരുമിച്ച് ചേരുകയാണിവിടെ. വിർച്വൽ ലോകത്തെ യഥാർത്ഥ ലോകത്തേക്ക് കൊണ്ട് വരികയാണിവിടെ.

ചിലപ്പോൾ വിഷ്വൽ, ഓഡിറ്ററി, ഹാപ്റ്റിക്, സോമാറ്റോസെൻസറി, ഓൾഫാക്ടറി എന്നിവയുൾപ്പെടെ ഒന്നിലധികം സെൻസറി രീതികൾ ഉപയോഗപ്പെടുത്തുന്നു. മൂന്ന് അടിസ്ഥാന സവിശേഷതകൾ ഉൾക്കൊള്ളുന്ന ഒരു സിസ്റ്റമായി എ ആറിനെ നിർവചിക്കാം: യഥാർത്ഥ, വെർച്വൽ ലോകങ്ങളുടെ സംയോജനം, തത്സമയ ഇടപെടൽ, വെർച്വൽ, യഥാർത്ഥ വസ്തുക്കളുടെ കൃത്യമായ 3 ഡി രജിസ്ട്രേഷൻ മുതലായവ. യഥാർത്ഥ ലോകത്തെക്കുറിച്ചുള്ള ഒരു വ്യക്തിയുടെ ധാരണയുമായി ഡിജിറ്റൽ ലോകത്തിന്റെ ഘടകങ്ങൾ കൂടിച്ചേരുന്ന രീതിയാണ് ഓഗ്മെന്റഡ് റിയാലിറ്റിയുടെ പ്രാഥമിക മൂല്യം എന്ന് പറയുന്നത്. വെർച്വൽ റിയാലിറ്റിയിൽ (VR), യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഉപയോക്താക്കളുടെ ധാരണ പൂർണ്ണമായും വെർച്വൽ വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ഓഗ്മെന്റഡ് റിയാലിറ്റിയിൽ (AR) ഉപയോക്താവിന് യഥാർത്ഥ ജീവിതത്തിൽ നിന്ന് ശേഖരിക്കുന്ന ഡാറ്റയ്ക്കുള്ളിൽ കമ്പ്യൂട്ടർ സൃഷ്ടിച്ച അധിക വിവരങ്ങൾ നൽകുന്നു, അത് യാഥാർത്ഥ്യത്തെക്കുറിച്ചുള്ള അവരുടെ ധാരണ വർദ്ധിപ്പിക്കുന്നു. ഉദാഹരണത്തിന്, ആർക്കിടെക്ചറിൽ, ഒരു പുതിയ കെട്ടിടത്തിന്റെ ഉള്ളിൽ ഒരു വാക്ക്-ത്രൂ സിമുലേഷൻ സൃഷ്ടിക്കാൻ വി ആർ (VR) ഉപയോഗിക്കാം; ഒരു യഥാർത്ഥ ജീവിത കാഴ്ചയിൽ ഒരു കെട്ടിടത്തിന്റെ ഘടനകളും സിസ്റ്റങ്ങളും സൂപ്പർ-ഇംപോസ് ചെയ്തിരിക്കുന്നത് കാണിക്കാൻ എ ആർ (AR) ഉപയോഗിക്കാനാകും.

**ഒരു പ്രത്യേക തരത്തിലുള്ള അന്തരീക്ഷത്തിലേക്ക് ചില ഉപകരണങ്ങൾ വഴി പ്രൊജക്റ്റ് ചെയ്യപ്പെടുന്ന രൂപങ്ങളാണ് നമുക്ക് വിർച്വൽ റിയാലിറ്റി എന്ന അനുഭവം നൽകുന്നത്. വേഗം എത്താൽ കഴിയാത്ത ഒരു സ്ഥലത്തിൽ മനുഷ്യന് വിർച്വൽ കോൺഫറൻസിംഗ് എന്ന സാങ്കേതിക വിദ്യയിലൂടെ ചെന്നു ചേരാൻ കഴിയുന്നിടം വരെ എത്തി നിൽക്കുകയാണ് കാര്യങ്ങൾ.**

## അടിസ്ഥാന ഘടകങ്ങൾ

AR, ഉപകരണങ്ങളുടെ ക്യാമറകൾ, സെൻസറുകൾ എന്നിവയുടെ സഹായത്തോടെ, യാഥാർത്ഥ്യ ലോകത്തെ സജീവമായി നിരീക്ഷിക്കുന്നു. ക്യാമറയും സെൻസറുകളും ശേഖരിച്ച വിവരങ്ങളെ പ്രോസസ്സ് ചെയ്ത്, യഥാർത്ഥ ലോകത്തിന് നേരെ ഡിജിറ്റൽ ലെയറുകൾ ചേർക്കുന്നു. തുടർന്ന് സ്ക്രീൻ, ഹെഡ്സെറ്റുകൾ, ഗ്ലാസുകൾ, മറ്റ് ഡിസ്പ്ലേ സാങ്കേതികവിദ്യകൾ വഴി, ശേഖരിച്ച വിവരങ്ങൾ, ഗ്രാഫിക്സ്, ആനിമേഷനുകൾ ആയി പ്രദർശിപ്പിക്കുന്നു.

## ബിസിനസ്സ് സാധ്യതകൾ

ആധുനിക ബിസിനസ്സിൽ ഓഗ്മെൻറഡ് റിയാലിറ്റിയുടെ സാധ്യതകൾ നിരവധിയാണ്. റീടെയിൽ മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട കസ്റ്റമർ സേവനം ഇതിലൂടെ സാധ്യമാണ്. ഉദാഹരണത്തിന് തുണിത്തരങ്ങൾ അത് ഇട്ട് നോക്കുന്നതിന് മുന്നേ ധരിച്ചാൽ എങ്ങനെയാകുമെന്ന് മുൻകൂട്ടി അറിയുവാൻ സാധിക്കും. ഫർണീച്ചറുകളൊക്കെ അത് വീട്ടിൽ ഇട്ട് നോക്കുന്നതിന് മുന്നേ തന്നെ അത് ഇട്ടാൽ എങ്ങനെ ഉണ്ടാകുമെന്ന് അറിയുവാൻ



ഇത് വഴി കഴിയും. അതായത് ഒരുൽപ്പന്നം അത് വാങ്ങുന്നതിന് മുന്നേ ഉപയോഗിച്ചാൽ എങ്ങനെ ആകുമെന്ന് ഉപഭോക്താവിന് മനസ്സിലാക്കുവാൻ ഇത് വഴി സാധ്യമാണ്.

വിദ്യാഭ്യാസം ടീച്ചിങ്ങിൽ നിന്ന് ലേണിങ്ങിലേക്ക് മാറിയിരിക്കുന്ന ഇക്കാലഘട്ടത്തിൽ ഈ സാങ്കേതിക വിദ്യക്ക് ഏറെ പ്രസക്തിയുണ്ട്. 3 ഡി മോഡലുകളു പയോഗിച്ച് പഠനം ഏറെ ആസ്വാദ്യകരമാക്കി മാറ്റുവാൻ കഴിയും. മാത്രമല്ല ചരിത്രം പഠിക്കുന്നവർക്ക് ഈജിപ്ഷ്യൻ പിരമിഡോ, താജ്മഹലോ എന്തായാലും നേരിട്ട് കാണുന്ന രീതിയിൽ കണ്ട് മനസ്സിലാക്കുവാൻ ഇത് വഴി സാധ്യമാണ്. AR ടെക്നോളജി ഉപയോഗിച്ച്, വിജ്ഞാനപരമായ വിവരങ്ങൾ സത്യം പോലെ അനുഭവപ്പെടുത്താം. വിദ്യാർത്ഥികൾക്ക് ശാസ്ത്രപരമായ പരീക്ഷണങ്ങൾ, ഭൗതിക സംഭവങ്ങൾ തുടങ്ങിയവ യാഥാർത്ഥ്യമായി കണ്ടു പഠിക്കാം. ഇത് വിദ്യാഭ്യാസ മേഖലയിൽ നൂതനമായ സ്റ്റാർട്ടപ്പുകൾക്ക് വഴിമരുന്നിടുവാൻ സഹായകരമാകും.

പ്രോഡക്ട് ഡിസൈൻ മേഖലയിൽ ഏറെ മാറ്റങ്ങൾ വരുത്തുവാൻ കഴിയുന്നയൊരു സാങ്കേതിക വിദ്യയാണ് ഓഗ്മെൻറഡ് റിയാലിറ്റി. AR സാങ്കേതിക

**വിദ്യാഭ്യാസം ടീച്ചിങ്ങിൽ നിന്ന് ലേണിങ്ങിലേക്ക് മാറിയിരിക്കുന്ന ഇക്കാലഘട്ടത്തിൽ ഈ സാങ്കേതിക വിദ്യക്ക് ഏറെ പ്രസക്തിയുണ്ട്. 3 ഡി മോഡലുകളു പയോഗിച്ച് പഠനം ഏറെ ആസ്വാദ്യകരമാക്കി മാറ്റുവാൻ കഴിയും. മാത്രമല്ല ചരിത്രം പഠിക്കുന്നവർക്ക് ഈജിപ്ഷ്യൻ പിരമിഡോ, താജ്മഹലോ എന്തായാലും നേരിട്ട് കാണുന്ന രീതിയിൽ കണ്ട് മനസ്സിലാക്കുവാൻ ഇത് വഴി സാധ്യമാണ്.**

വിദ്യ പ്രോട്ടോടൈപ്പുകൾക്ക് രൂപം നൽകാൻ സഹായിക്കുന്നു, ഇത് നിർമ്മാണത്തിന് മുമ്പ് ഡിസൈനിലെ പിഴവുകൾ കണ്ടെത്തുവാൻ സഹായകരമായി വർത്തിക്കുന്നു. ഇത് ഡിസൈൻ പ്രൊസസ്സ് കൂടുതൽ യാഥാർത്ഥ്യപദം ആയി മാറ്റുന്നു. ഉപഭോക്താക്കൾക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ AR ഉപയോഗിച്ച് കസ്റ്റമൈസ് ചെയ്യുവാൻ കഴിയും.

ലോജിസ്റ്റിക് രംഗത്ത് ഈ സാങ്കേതിക വിദ്യക്ക് ഏറെ പ്രാധാന്യമുണ്ട്. AR ഉപയോഗിച്ച്, സ്റ്റോക്ക് ഇനങ്ങൾ, ലേബലുകൾ, തുടങ്ങിയവ യഥാർത്ഥത്തിൽ കൂടുതൽ വ്യക്തമായി കാണാൻ കഴിയും. AR ഹെഡ്സറ്റുകൾ അല്ലെങ്കിൽ മൊബൈൽ ഡിവൈസുകൾ വഴി, ഉദ്യോഗസ്ഥർക്ക് സ്റ്റോക്ക് ലൊക്കേഷനുകൾ, ക്വാളിറ്റി, സ്റ്റോറേജ് വിവരങ്ങൾ തുടങ്ങിയവ എളുപ്പത്തിൽ ആക്സസ് ചെയ്യാവുന്നതാണ്. വലിയ ഗോഡൗണുകൾ, ചരക്കിടങ്ങൾ, തുടങ്ങിയവയിൽ വസ്തുക്കൾ എളുപ്പത്തിൽ കണ്ടെത്താൻ അത സാങ്കേതിക വിദ്യ ഉപയോഗിക്കാം. AR മാർക്കറുകൾ, arrows, സിഗ്നൽസ് എന്നിവ ഉപയോഗിച്ച്, ജീവനക്കാർക്ക് വസ്തുക്കളുടെ സ്ഥാനം എളുപ്പത്തിൽ കണ്ടുപിടിക്കാനും അവിടെ എത്തുവാനും സഹായിക്കും.

ആരോഗ്യ മേഖലയിൽ ഈ സാങ്കേതിക വിദ്യക്ക് ഏറെ സാധ്യതകളുണ്ട്. ഇന്നിപ്പോൾ റോബോട്ടിക് സർജറിയുടെ കാലഘട്ടമാണ്. AR ഗ്ലാസ്സ് അല്ലെങ്കിൽ ഹെഡ്സെറ്റുകൾ ഉപയോഗിച്ച് ശസ്ത്രക്രിയയുടെ അനന്തര അവലോകനം, അവയവങ്ങളുടെ സ്ഥാനം, രക്തവാഹിനികൾ എന്നിവയെ കുറിച്ച് സംവേദനാത്മകമായ വിവരങ്ങൾ നൽകുന്നു. ഇത് ശസ്ത്രക്രിയയുടെ കൃത്യതയും സുരക്ഷിതത്വവും മെച്ചപ്പെടുത്തുന്നു. AR, എക്സ്റേകളെ, CT സ്കാനുകൾ, MRI ഫോട്ടോകൾ എന്നിവയെ 3D മോഡലുകളിലേക്കും വളർന്നിരിക്കുന്ന ഈ ഫോട്ടോകളുടെ സങ്കേതാത്മകമായ വിശകലനത്തിലേക്കും മാറ്റുന്നു. AR ടെക്നോളജിയുടെ സഹായത്തോടെ, സാംപിളുകൾ പരിശോധിക്കൽ, ഓൺലൈൻ കണക്ഷനുകൾക്കൊപ്പം വിവരങ്ങൾ ശേഖരിക്കൽ എന്നിവ എളുപ്പത്തിലാക്കാം. ചുരുക്കത്തിൽ ഈ സാങ്കേതിക വിദ്യയുടെ സഹായത്തോടെ, മെഡിക്കൽ രംഗത്ത് കൂടുതൽ സത്യസന്ധമായ, എളുപ്പത്തിൽ പ്രയോഗിക്കാവുന്ന, അത്യാധുനികമായ പരിചരണം നൽകാൻ കഴിയും. ഇത്, രോഗികളുടെ ചികിത്സയും, ഡോക്ടർമാരുടെ






പ്രവർത്തനങ്ങളും കൂടുതൽ കൃത്യമായും കാര്യക്ഷമമായും നിർവ്വഹിക്കാൻ സഹായിക്കുന്നു.

ഭക്ഷ്യ സംസ്കരണ വ്യവസായ മേഖലയിലും ഈ സാങ്കേതിക വിദ്യക്ക് ഏറെ സാധ്യതകളുണ്ട്. ഫുഡ് പ്രോസസിങ്ങിന്റെ വിവിധ ഘട്ടങ്ങളിൽ കാര്യക്ഷമത, കൃത്യത, സുരക്ഷിതത്വം എന്നിവ മെച്ചപ്പെടുത്താൻ ഇത് മൂലം കഴിയും. AR, ബ്ലോക്ക്ചെയിൻ സാങ്കേതികവിദ്യ എന്നിവയുടെ സഹായത്തോടെ, ഫുഡ് സപ്ലൈ ചെയിൻ, ട്രാക്കബിലിറ്റി, ക്വാളിറ്റി അനലിസിസ് എന്നിവയെ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുവാൻ കഴിയും.

ഏതൊരു സ്ഥാപനത്തിന്റെയും മാർക്കറ്റിങ്ങും സെയിൽസും കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുവാൻ ഈ സാങ്കേതിക വിദ്യ വഴി സാധ്യമാണ്. ഉപഭോക്താക്കളിലേക്ക് തങ്ങളുടെ ഉൽപ്പന്നങ്ങളുടെ കൂടുതൽ വിവരങ്ങൾ എത്തിക്കുവാൻ കഴിയുന്നത് വിൽപ്പനയെ ഏറെ സഹായിക്കുന്ന ഒന്നാണല്ലോ. AR വഴി, പ്രൊഡക്റ്റുകളുടെ 3D മോഡലുകൾ, ഡെമോ വീഡിയോ, വെർച്വൽ ടൂറുകൾ എന്നിവ ഉപഭോക്താക്കൾക്ക് മുന്നിൽ പ്രദർശിപ്പിക്കുവാൻ സാധിക്കുന്നതാണ്. ഇത്, പ്രൊഡക്റ്റുകൾ കൂടുതൽ വിറ്റ് പോകുവാൻ സഹായിക്കും.

വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സുരക്ഷാ പരിശോധനകൾ ഏറെ കാര്യക്ഷമമായി നിർവ്വഹിക്കുവാൻ ഈ സാങ്കേതിക വിദ്യക്കാവും. സ്ഥാപനത്തിലെ സുരക്ഷാ നിർദ്ദേശങ്ങൾ, അപകടസാധ്യതകൾ, പ്രോട്ടോകോളുകൾ എന്നിവ ദൃശ്യമായി പ്രദർശിപ്പിക്കുന്നത് വഴി ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കുവാൻ കഴിയുന്നതാണ്.

ബിസിനസ്സ് പ്രോസസ്സ്, എക്സ്പ്ലോറേഷൻ, ഉപയോഗം, വെർച്വൽ ഡാറ്റാ സമാഹരണം എന്നിവ കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കുവാൻ ഇത് വഴി സാധ്യമാണ്.

ഗവേഷണ രംഗം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഈ സാങ്കേതിക വിദ്യക്കാവും. ഗവേഷകർക്ക് തങ്ങളുടെ പരീക്ഷണങ്ങൾ 3 ഡി മോഡലുകളായി കിട്ടുന്നത് ഏറെ ഫലപ്രദമാണ്. ലാബ് ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ, പ്രവർത്തനം, മെക്കാനിക്കൽ പ്രോസസ്സ് എന്നിവയെ ദൃശ്യവൽക്കരിക്കുവാൻ ഇതിലൂടെ സാധ്യമാണ്. ശാസ്ത്രവിദ്യാഭ്യാസത്തിനായി 3D മോഡലുകൾ, ആനിമേഷനുകൾ, യഥാർത്ഥ-ലോക സിംഗുലേഷനുകൾ എന്നിവ ഉപയോഗിക്കുന്നു. ഇത്, ശാസ്ത്രം എളുപ്പത്തിൽ പഠിക്കാൻ, സിദ്ധാന്തങ്ങൾ വ്യാഖ്യാനിക്കാൻ ഏറെ സഹായകരമാണ്. AR, വ്യത്യസ്ത ശാസ്ത്ര മേഖലയിലെ ഗവേഷകർ തമ്മിലുള്ള സഹകരണത്തെ

മെച്ചപ്പെടുത്തുന്നു, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ, വർത്തമാന വിവരങ്ങൾ, സജ്ജീകരണങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നു. ഫീൽഡ് സർവ്വേയും വിവര ശേഖരണവും കൂടുതൽ മികവോടെ നിർവ്വഹിക്കുവാൻ ഇത് വഴി സാധ്യമാണ്.

കലാരംഗത്തും ഈ സാങ്കേതിക വിദ്യക്ക് ഏറെ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. AR ഉപയോഗിച്ച് ശിൽപങ്ങളിൽ ആനിമേഷൻ, ഓഡിയോ, മോഷൻ ഗ്രാഫിക്സ് എന്നിവ ചേർക്കുവാൻ കഴിയും. AR, മ്യൂസിയം ഗാലറികൾക്ക് പ്രേക്ഷകർക്ക് വെർചൽ ടൂറുകൾ അനഭവേദ്യമാക്കുവാൻ കഴിയും. വീഡിയോകൾ, സിനിമകൾ തുടങ്ങിയവയുടെ സൃഷ്ടിയിൽ പുതിയ ഇന്ററാക്റ്റീവ് അനുഭവങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്നതാണ്. പ്രേക്ഷകർക്ക് ഇവയിൽ ഇടപെടാം, ചലനങ്ങൾ, ഓഡിയോ എന്നിവ നിയന്ത്രിക്കാം. കലാകാരന്മാർക്ക് അവരുടെ സൃഷ്ടികൾ പുതിയ രീതിയിൽ പ്രദർശിപ്പിക്കാൻ, പ്രേക്ഷകരുമായി നേരിട്ട് ബന്ധപ്പെടാൻ കഴിയുന്നതാണ്. AR മീഡിയം ഉപയോഗിച്ച്, എങ്ങനെ പ്രേക്ഷകർ അവരുടെ കലയെ അനുഭവിക്കുന്നതെന്ന് കണ്ടെത്താൻ കഴിയും.





വിനോദ വ്യവസായ മേഖല എന്നയൊന്ന് തന്നെ വ്യപകമായത് ഇത്തരം സാങ്കേതിക വിദ്യയുടെ കടന്ന് വരവോട് കൂടിയാണ്. യഥാർത്ഥ ലോകത്തെ ഡിജിറ്റൽ വസ്തുക്കൾക്കൊപ്പം ചേർക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന ഇത് വിനോദ വ്യവസായത്തിൽ പുത്തൻ വാതയാനങ്ങളെ തുറക്കുന്നു. വീഡിയോ ഗെയിം കളിക്കുന്നവർക്ക് യഥാർത്ഥ ലോകത്തെ ഡിജിറ്റൽ വസ്തുക്കൾക്കൊപ്പം ചേർക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന ഈ സാങ്കേതിക വിദ്യ മെച്ചപ്പെട്ട അനുഭവം പ്രദാനം ചെയ്യുന്നുണ്ട്. ചലച്ചിത്രങ്ങളിലെ ഡിജിറ്റൽ എഫക്റ്റുകൾ പ്രേക്ഷകർക്ക് ആകർഷകമായ ഒരു അനുഭവം ലഭിക്കുവാൻ സഹായപ്രദമാണ്. അത് സിനിമയിലെ കഥാപാത്രങ്ങൾക്കൊപ്പം പ്രേക്ഷകർക്കും ചേരുവാൻ സാധിക്കുന്ന രീതിയിലായിരിക്കും ഇനിയുള്ള സിനിമകൾ.

ചുരുക്കത്തിൽ ഈ സാങ്കേതികവിദ്യയുടെ ഉപയോഗം, ബിസിനസ്സ് പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താൻ, പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാൻ, ഉപഭോക്തൃ അനുഭവം ഏർപ്പെടുത്താൻ, ജീവനക്കാരുടെ പരിശീലനവും ഉത്തമവുമായ പ്രവർത്തനങ്ങളും മെച്ചപ്പെടുത്താൻ തുടങ്ങിയവയിലൊക്കെ സഹായിക്കുന്നതാണ്. അന്തിമമായി, augmented reality എന്നത് ഒരു വൈശിഷ്ട്യമായ സാങ്കേതിക മുന്നേറ്റം ആണ്. വിദ്യാഭ്യാസം, ആരോഗ്യം, വിനോദം, കച്ചവടം എന്നിവയുൾപ്പെടെയുള്ള വ്യത്യസ്ത മേഖലകളിൽ അതിന്റെ പ്രയോഗങ്ങൾ വ്യാപകമാകുന്നുണ്ട്. ആയതിനാൽ ത്തന്നെ ഈ രംഗത്ത് കൂടുതൽ സ്റ്റാർട്ടപ്പുകളുമായി യുവാക്കൾ രംഗത്ത് വരേണ്ടതുണ്ട്. ഇന്ന് ശൈശവ ദശയിലായ ഈ സാങ്കേതിക വിദ്യക്ക് ഏറെ ദൂരം മുന്നോട്ട് പോകുവാനുണ്ട്. അത് ഇത് വരേയും നമ്മൾ കാണാത്ത പുത്തൻ ബിസിനസുകൾ ഉടലെടുക്കുവാനും ഒപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും പര്യാപ്തമാവും.

ഡോ. സുധീർ ബാബു





# അപ്സെല്ലിംഗും ക്രോസ് സെല്ലിംഗും, റേസർ ആന്റ് ബ്ലേഡ്സ് പിന്നെ ഡീകൊയ് ഇഫെക്റ്റും

## അപ്സെല്ലിംഗും ക്രോസ് സെല്ലിംഗും

മസാലദോശ ഓർഡർ ചെയ്യുമ്പോൾ എന്തുകൊണ്ട് വടയും നിങ്ങൾക്ക് കിട്ടുന്നു?

നിങ്ങൾ ഒരു കാർ വാങ്ങുവാൻ ഷോറൂമിൽ എത്തിയിരിക്കുകയാണ്. പോക്കറ്റിന്റെ കനം വെച്ച് നിങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്നത് കാറിന്റെ ബേസ് മോഡലാണ്. സെയിൽസ് എക്സിക്യൂട്ടീവ് നിങ്ങൾക്ക് കാർ കാണിച്ചു തന്ന് അതിന്റെ സവിശേഷതകൾ വിശദീകരിക്കുന്നു. അതിനുശേഷം അയാൾ നിങ്ങളോട് പറയുന്നു "സർ, ഇതിന്റെ അടുത്ത വേരിയന്റ് (വകഭേദം) കൂടിയൊന്ന് കണ്ടു നോക്കാം.'' നിങ്ങളെ അയാൾ കാറിനടുത്തേക്ക് ആനയിക്കുകയും അതിനെക്കുറിച്ച് വാചാലനാകുകയും ചെയ്യുന്നു. താൻ വാങ്ങാൻ ഉദ്ദേശിച്ചു വന്ന കാറിനേക്കാൾ മികച്ചതാണ് ഇതെന്ന് നിങ്ങൾക്ക് തോന്നുകയും അത് കരസ്ഥമാക്കുവാൻ തീരുമാനിക്കുകയും ചെയ്യുന്നു.

സെയിൽസ് എക്സിക്യൂട്ടീവ് ഇവിടെ പ്രയോഗിച്ച തന്ത്രമാണ് "അപ്പ്സെല്ലിംഗ്.'' നിങ്ങൾ വാങ്ങാൻ തീരുമാനിച്ചിരുന്ന കാറിൽ നിന്നും കൂടുതൽ വിലയുള്ള ഒന്നിലേക്ക് വിൽപ്പന അയാൾ തിരിച്ചുവിട്ടു. തീരുമാനിച്ചതിൽ നിന്നും കൂടുതൽ പണം നിങ്ങൾ ചിലവഴിക്കുകയും ചെയ്തു. ആപ്പിൾ ഐഫോൺ 15 വാങ്ങാൻ പോകുന്ന കസ്റ്റമർ ആപ്പിൾ ഐഫോൺ 15 പ്രോമാക്സ് വാങ്ങി തിരികെ വരുന്നതിനു കാരണവും മറ്റൊന്നല്ല. ചെറിയ (Small) പിസ്സ കഴിക്കുവാൻ കയറുന്ന നിങ്ങൾ ഇടത്തരം (Medium) പിസ്സയോ വലിയ (Large) പിസ്സയോ കഴിച്ച് തിരിച്ചിറങ്ങുന്നതും അപ്പ്സെല്ലിംഗിന്റെ അനന്തര ഫലമാണ്.

ഭക്ഷണം കഴിക്കുവാൻ റെസ്റ്റോറന്റിൽ കയറുന്ന നിങ്ങൾ മസാലദോശ ഓർഡർ ചെയ്യുന്നു. വെയ്റ്റർ മസാലദോശ കൊണ്ടുവരുമ്പോൾ അതിനൊപ്പം ഒരു വടയും കൂടി പ്ലേറ്റിലുണ്ട്. വിശപ്പുള്ള നിങ്ങൾ ദോശയും വടയും കഴിച്ച് പണം നൽകി പുറത്തേക്കിറങ്ങുന്നു. വടയില്ലെങ്കിൽ പോലും ദോശ കഴിക്കാമെന്നിരിക്കെ തങ്ങളുടെ മറ്റൊരുൽപ്പന്നം കൂടി നിങ്ങൾക്ക് വിൽക്കുവാൻ റെസ്റ്റോറന്റിന് സാധിച്ചിരിക്കുന്നു.

ക്രോസ് സെല്ലിംഗ് എന്ന തന്ത്രമാണ് റെസ്റ്റോറന്റ് ഇവിടെ നടപ്പിലാക്കിയത്. ഒരു ഉല്പ്പന്നം വാങ്ങുവാൻ വരുന്നൊരാൾക്ക് മറ്റ് ഉൽപ്പന്നങ്ങൾ കൂടി വിൽക്കുന്നു. ആമസോൺ ഓൺലൈൻ പോർട്ടലിൽ നിന്ന് നിങ്ങൾ ഒരുൽപ്പന്നം ഓർഡർ ചെയ്യുകയാണ്. അപ്പോൾ തൊട്ടു താഴെ ഒരു സന്ദേശം കാണുന്നു "ഈ ഉൽപ്പന്നം വാങ്ങിച്ചവർ താൽപ്പര്യപ്പെട്ട മറ്റുൽപ്പന്നങ്ങൾ'' കൂടെ ആ മറ്റുൽപ്പന്നങ്ങളുടെ ചിത്രങ്ങളും. ആമസോൺ നിങ്ങളിൽ ഈ തന്ത്രം പരീക്ഷിക്കുകയാണ്.

വിൽപ്പനയുടെ മനോഹരങ്ങളായ രണ്ട് തന്ത്രങ്ങളാണിവ. കട്ടിൽ വാങ്ങാൻ വരുന്നൊരാൾക്ക് ബെഡ്റൂം സെറ്റ് വിൽക്കുവാനും മൊബൈൽ ഫോൺ വാങ്ങാൻ വരുന്നൊരാൾക്ക് അതിന്റെ കൂടെ പൗച്ചും മറ്റ് അനുബന്ധ സാമഗ്രികളും (Acceossries) വിൽക്കുവാനും വ്യാപാരിക്ക് സാധിക്കും. ഒരു ടൈൽ ഷോറൂമിൽ സാനിട്ടറി ഉൽപ്പന്നങ്ങളും ഹാർഡ്‌വെയറും ഇലക്ട്രിക് ഫിറ്റിംഗ്സുകളും വിൽക്കുന്നതിന്റെ ഉദ്ദേശവും മറ്റൊന്നല്ല. ഒരേ ഉപഭോക്താവിനെക്കൊണ്ട് കൂടുതൽ ഉൽപ്പന്നങ്ങൾ വാങ്ങിപ്പിക്കുകയും വിൽപ്പന വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതു തന്നെ ലക്ഷ്യം.



അപ്സെല്ലിംഗും ക്രോസ് സെല്ലിംഗും ഏത് ബിസിനസിലും പ്രയോഗിക്കാം. ജീവനക്കാർക്ക് ഈ രണ്ട് തന്ത്രങ്ങളിലും പരിശീലനം നൽകേണ്ടതുണ്ട്. ആകർഷകമായ വാഗ്ദാനങ്ങളും (Offers) കിഴിവുകളും (Discounts) ഉപഭോക്താക്കൾക്ക് നൽകാം. 600 രൂപ വിലയുള്ള ഒരു ടീഷർട്ട് വാങ്ങുന്നതിന് പകരം 1500 രൂപക്ക് വ്യത്യസ്ത നിറങ്ങളിൽ അതേ മൂന്ന് ടീ ഷർട്ടിന്റെ ഓഫർ ഉപഭോക്താവിനെ ആകർഷിക്കും. വിൽപ്പന ഉയർത്താൻ നമുക്കീ തന്ത്രങ്ങൾ പരീക്ഷിച്ചു തുടങ്ങാം.

## റേസർ ആൻഡ് ബ്ലേഡ്സ്

ബാർബർ ഷോപ്പുകളിൽ ഉപയോഗിക്കുന്ന ഷേവിംഗ് കത്തികൾ കണ്ടിട്ടില്ലേ? ഓരോ തവണയും ഷേവ് ചെയ്യേണ്ട ആവശ്യം വരുമ്പോൾ ബാർബർ അതിൽ പുതിയൊരു ബ്ലേഡ് ഇടും. ദിവസം അമ്പത് പേർക്ക് ഷേവ് ചെയ്യുന്ന ബാർബർ ഷോപ്പിൽ അമ്പത് ബ്ലേഡുകൾ വേണം. ഷേവിംഗ് കത്തി മാറുന്നില്ല. പകരം ബ്ലേഡുകൾ മാറിക്കൊണ്ടിരിക്കുന്നു. കത്തിയിലെ ആദ്യ നിക്ഷേപം ചെറുതും ദീർഘ കാലത്തേക്കുമാണ്. എന്നാൽ അതിൽ ഉപയോഗിക്കുന്ന ബ്ലേഡുകളുടെ ഉപഭോഗം കൂടുതലാണ്.

കിംഗ് കാംപ്ഗില്ലറ്റ് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് "ഗില്ലറ്റ്'' (Gillette) എന്ന ബ്രാൻഡ് അവതരിപ്പിക്കുന്നത്. ഉപഭോക്താവിന് സ്വയം ഷേവ് ചെയ്യാവുന്ന ഡിസ്പോസിബിൾ ബ്ലേഡുകളുമായി ഗില്ലറ്റിന്റെ റേസറുകൾ വിപണിയിലെത്തി. റേസറുകൾക്ക് വില വളരെ കുറവായിരുന്നു എന്നാൽ അതിൽ ഉപയോഗിക്കുന്ന ബ്ലേഡുകൾക്ക് ഉയർന്ന വിലയായിരുന്നു ഈടാക്കിയിരുന്നത്.

ഒരു തവണ ഗില്ലറ്റ്റേസർ വാങ്ങുന്ന ഉപഭോക്താവ് അതിൽ ഉപയോഗിക്കുന്ന ബ്ലേഡുകൾ വാങ്ങിക്കൊണ്ടേയിരിക്കും. ഉപഭോക്താവ് റേസർ വലിച്ചെറിഞ്ഞ് പുതിയൊരെണ്ണം വാങ്ങുവാൻ ശ്രമിക്കുകയില്ല. പകരം അതിന് അനുരൂപമായ (Compatible) ബ്ലേഡ് വാങ്ങി ഉപയോഗിക്കും. ഗില്ലറ്റ് റേസറിൽ ഗില്ലറ്റ് ബ്ലേഡുകൾ മാത്രമേ പാകമാകുകയുള്ളൂ. മറ്റൊരു ബ്രാൻഡിന്റെ ബ്ലേഡ് അതിന് യോജിക്കുകയില്ല. ബൗദ്ധിക സ്വത്തുക്കളുടെ സംരക്ഷണം ഉള്ളത് കൊണ്ട് മറ്റാർക്കും അത് അനുകരിക്കുവാനും കഴിയുകയില്ല. റേസറിന്റെ വിൽപ്പനയിലൂടെ അതിൽ ഉപയോഗിക്കുന്ന ബ്ലേഡുകളുടെ നിരന്തരമായ വിൽപ്പന കമ്പനി ഉറപ്പുവരുത്തുന്നു.




ഈ ബിസിനസ് തന്ത്രമാണ് "റേസർ ആന്റ് ബ്ലേഡ്സ്'' (Razor and Blades). വളരെ വില കുറച്ച് അല്ലെങ്കിൽ ചിലപ്പോൾ നഷ്ടത്തിൽ പോലും പ്രാഥമിക ഉൽപ്പന്നം വിൽക്കുന്നു. പ്രാഥമിക ഉൽപ്പന്നത്തിന്റെ വിൽപ്പന അതിൽ ഉപയോഗിക്കുന്ന കൺസ്യൂമബിളിന്റെ നിരന്തരമായ വിൽപ്പന ഉറപ്പുവരുത്തുന്നു. പ്രാഥമിക ഉൽപ്പന്നത്തിൽ വരുന്ന നഷ്ടം അല്ലെങ്കിൽ ലാഭമില്ലായ്മ കൺസ്യൂമബിളിന്റെ വിൽപ്പനയിലൂടെ കമ്പനി നികത്തുന്നു. ഉയർന്ന ലാഭം തുടർച്ചയായി നൽകുന്ന വിൽപ്പന കൺസ്യൂമബിളിൽ നിന്നും കമ്പനിക്ക് ലഭിക്കുന്നു.

ഇത് ഉപഭോക്താവിനെ പ്രലോഭിപ്പിക്കുന്ന ഇര കോർത്ത ചൂണ്ടയാണ് (Bait and Hook). ചെലവ് കുറഞ്ഞ അല്ലെങ്കിൽ സൗജന്യമായി ലഭിക്കുന്ന ആദ്യ ഉൽപ്പന്നത്തിൽ ഉപഭോക്താവ് ആകൃഷ്ടനാകുന്നു. യഥാർത്ഥത്തിൽ കമ്പനി ലക്ഷ്യം വെക്കുന്ന വിൽപ്പന അതിൽ ഉപയോഗിക്കുന്ന മറ്റ്

അനുബന്ധ ഉൽപ്പന്നങ്ങളുടെതാണ്. ഇങ്ക് ജെറ്റ് പ്രിന്റർ വിലക്കുറവിൽ ലഭിക്കുമ്പോൾ ഉപഭോക്താവ് സന്തോഷിക്കുന്നു. എന്നാൽ കമ്പനിയുടെ ലാഭം ഉപഭോക്താവ് തുടർച്ചയായി അതിൽ ഉപയോഗിക്കുവാൻ പോകുന്ന ഇങ്ക് കാട്രിഡ്ജിൽ നിന്നാണ് ലഭ്യമാകുന്നത്.

അമേരിക്കയിലെ സ്റ്റാൻഡേർഡ് ഓയിലിന്റെ ഉടമസ്ഥനായ ജോൺ ഡേവിസൺ റോക്ക്ഫെല്ലർ തന്റെ ബിസിനസ് ചൈനയിലേക്ക് വിപുലീകരിച്ചപ്പോൾ ഏകദേശം 80 ലക്ഷം മണ്ണെണ്ണ വിളക്കുകൾ (Kerosene Lamps) സൗജന്യമായും വിലകുറച്ചും വിതരണം ചെയ്തു. റോക്ക്ഫെല്ലർ തന്റെ ലാഭം മണ്ണെണ്ണവിളക്കുകളിൽ നിന്നല്ല പ്രതീക്ഷിച്ചത് മറിച്ച് മണ്ണെണ്ണയുടെ ഉപഭോഗം വർദ്ധിപ്പിക്കുകയും അതുവഴി മണ്ണെണ്ണ വിറ്റഴിക്കുകയും ചെയ്യുവാനാണ് അദ്ദേഹം ശ്രമിച്ചത്.

പ്രാഥമികഉൽപ്പന്നം (ഉദാഹരണങ്ങളായി ചൂണ്ടിക്കാണിച്ച റേസർ, ഇങ്ക്ജെറ്റ് പ്രിന്റർ, മണ്ണെണ്ണവിളക്ക് എന്നിവ) ചൂണ്ടയിൽ കോർത്ത ഇര മാത്രമാണ്. ഉപഭോക്താവിനെ പ്രലോഭിപ്പിക്കുവാനും ആകർഷിക്കുവാനുമുള്ള തന്ത്രം മാത്രം. ലക്ഷ്യം കൺസ്യൂമബിളുകളുടെ വിൽപ്പനയാണ്. ബിസിനസിൽ ലാഭത്തിന്റെ സ്രോതസ്സ് അതാകുന്നു.

## ഡീകോയ് ഇഫെക്റ്റ് (Decoy Effect)

നാഷണൽ ജിയോഗ്രാഫിക് ഒരു പരീക്ഷണം നടത്തുകയാണ്. ആദ്യ കൂട്ടം ഉപഭോക്താക്കൾക്ക് അവർ താഴെ പറയുന്ന ഓഫർ നല്കി.

| | |
|---|---|
| പോപ്പ്കോൺ ചെറിയ (Small) ബക്കറ്റ് | 3 ഡോളർ |
| പോപ്പ്കോൺ വലിയ (Large) ബക്കറ്റ് | 7 ഡോളർ |

സ്വാഭാവികമായി ഭൂരിഭാഗം ഉപഭോക്താക്കളും പോപ്പ്കോൺ ചെറിയ ബക്കറ്റ് തിരഞ്ഞെടുത്തു. അതിനു ശേഷം അവർ രണ്ടാമത്തെ കൂട്ടം ഉപഭോക്താക്കൾക്ക് വ്യത്യസ്തമായ മറ്റൊരു ഓഫർ നൽകി.

| | |
|---|---|
| പോപ്പ്കോൺ ചെറിയ (Small) ബക്കറ്റ് | 3 ഡോളർ |
| പോപ്പ്കോൺ ഇടത്തരം (Medium) ബക്കറ്റ് | 6.5ഡോളർ |
| പോപ്പ്കോൺ വലിയ (Large) ബക്കറ്റ് | 7 ഡോളർ |

അത്ഭുതമെന്ന് പറയട്ടെ ഈ സമയത്ത് കൂടുതൽ ഉപഭോക്താക്കൾ പോപ്പ്കോൺ വലിയ (Large) ബക്കറ്റ് തിരഞ്ഞെടുത്തു.






എന്താണ് ഇവിടെ സംഭവിച്ചത്? പോപ്പ്കോണിന്റെ ചെറിയ ബക്കറ്റും വലിയ ബക്കറ്റും തമ്മിൽ വിലയിൽ സാരമായ വ്യത്യാസമുണ്ട്. അവ തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ ഉപ ഭോക്താക്കൾക്ക് ചെറിയ ബക്കറ്റ് ആകർഷയകമായി തോന്നുന്നു. എന്നാൽ ഇടത്തരം (Medium) ബക്കറ്റ് അവതരിപ്പിച്ചതോടെ ഗെയിം മാറുകയാണ്. ഇടത്തരം ബക്കറ്റും വലിയ ബക്കറ്റും തമ്മിൽ വിലയിൽ വലിയ അന്തരമില്ല. വെറും 0.5 ഡോളറിന്റെ വ്യത്യാസത്തിൽ വലിയ ബക്കറ്റ് ലഭ്യമാകുന്നതിന്റെ ആകർഷണം ഉപഭോക്താക്കൾക്ക് തടുക്കുവാനായില്ല.

**ചെറുതും വലുതും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഉപഭോക്താക്കൾ ചെറുത്തിരഞ്ഞെടുക്കുന്നു. എന്നാൽ ഡീകൊയ് കടന്ന് വരുന്നതോടെ വലിയ ബക്കറ്റ് മികച്ച ഓഫർ ആയി അനുഭവപ്പെടുന്നു. ചെലവേറിയ ഓഫർ തിരഞ്ഞെടുക്കാൻ ഡീകൊയ് ഉപ ഭോക്താവിനെ പ്രലോഭിപ്പിക്കുന്നു.**

ഇതാണ് ഡീകൊയ് ഇഫെക്റ്റ് (Decoy Effect). പോപ്പ്കോൺ ഇടത്തരം (Medium) ബക്കറ്റിനെ ഡീകൊയ് എന്ന് വിശേഷിപ്പിക്കാം. കൂടുതൽ വിൽക്കാൻ ഉദ്ദേശിക്കുന്ന ഉൽപ്പന്നം ഏതാണോ അതിന്റെ വിൽപ്പനയെ ത്വരിതപ്പെടുത്തുന്ന ഡീകൊയ് അവതരിപ്പിക്കപ്പെടുന്നു. ചെറുതും വലുതും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഉപ ഭോക്താക്കൾ ചെറുത് തിരഞ്ഞെടുക്കുന്നു. എന്നാൽ ഡീകൊയ് കടന്ന് വരുന്നതോടെ വലിയ ബക്കറ്റ് മികച്ച ഓഫർ ആയി അനുഭവപ്പെടുന്നു. ചെലവേറിയ ഓഫർ തിരഞ്ഞെടുക്കാൻ ഡീകൊയ് ഉപ ഭോക്താവിനെ പ്രലോഭിപ്പിക്കുന്നു. പ്രധാനപ്പെട്ട ഉൽപ്പന്നത്തിന്റെ (Key Product) വിൽപ്പന വർദ്ധിപ്പിക്കുവാൻ ഡീകൊയ് തന്ത്രം ഉപ യോഗപ്പെടുത്താം.

സ്റ്റാർബക്സിന്റെ ഫ്രാപ്പുസിനോ (Frappuccino) കോഫിയുടെ വില പരിശോധിച്ചാലോ?

ചെറിയ കപ്പ് കോഫി 220 രൂപ

വലിയ കപ്പ് കോഫി 370 രൂപ

വിലയിൽ വലിയ അന്തരമുണ്ട് എന്നതിനാൽ സ്വാഭാവികമായി ഉപഭോക്താവ് ചെറിയ കപ്പ് കോഫി തിരഞ്ഞെടുക്കും. എന്നാൽ സ്റ്റാർബക്സിന്റെ Key Product വലിയ കപ്പ് കോഫിയാണ്. അതെങ്ങിനെ കൂടുതൽ വിൽക്കും ?

ഇതാ ഇവിടെ ഡീകൊയ് കടന്നു വരുന്നു. രണ്ടിനും ഇടയിൽ ഇടത്തരം കപ്പ് കോഫി അവതരിപ്പിക്കപ്പെടുന്നു.

ചെറിയ കപ്പ് കോഫി 220 രൂപ

ഇടത്തരം കപ്പ് കോഫി 330 രൂപ

വലിയ കപ്പ് കോഫി 370 രൂപ

വലിയ കപ്പ് കോഫിആവശ്യമില്ലെങ്കിൽ കൂടി നിങ്ങൾ അത് വാങ്ങിക്കുന്നു. ഇടത്തരം കപ്പിനെക്കാൾ ആകർഷകകമായ ഓഫർ വലിയ കപ്പാണ്. വെറും 40 രൂപയുടെ വ്യത്യാസമേ വരുന്നുള്ളൂ. ഇവിടെ മികച്ച ഓഫർ വലിയ കപ്പ് കോഫിയായി മാറുന്നു.

നിങ്ങളുടെ Key Product നിശ്ചയിക്കുക. ഡീകൊയ് സൃഷ്ടിക്കുക. തിരഞ്ഞെടുക്കാൻ മൂന്ന് തരം വില നൽകുക. ഡീകൊയ് ഉൽപ്പന്നത്തിന്റെ വിലയും Key Product ന്റെ വിലയും തമ്മിൽ വലിയ വ്യത്യാസം പാടില്ല. ഡീകൊയ് തന്ത്രത്തിന്റെ മാജിക് നിങ്ങൾക്ക് ദർശിക്കാം.

ഇക്കോണമിസ്റ്റ് മാഗസിന്റെ ഓഫർ നോക്കുക.

1. ഇക്കോണമിസ്റ്റ്.കോം (വെബ്)
   വാർഷിക വരിസംഖ്യ 59 ഡോളർ

(1997 മുതലുള്ള എല്ലാ ലേഖനങ്ങളും കൂടെ ലഭ്യം)

2. പ്രിന്റഡ് കോപ്പി വാർഷിക
   വരിസംഖ്യ 125 ഡോളർ

3. പ്രിന്റ് & വെബ് വാർഷിക
   വരിസംഖ്യ 125 ഡോളർ

(1997 മുതലുള്ള എല്ലാ ലേഖനങ്ങളും കൂടെ ലഭ്യം)

നിങ്ങൾ ഏത് തിരഞ്ഞെടുക്കും?





റ്റി. എസ്. ചന്ദ്രൻ




# ആക്രി ബിസിനസ് ചെറുകിട സംരംഭകർക്ക് ധാരാളം അവസരങ്ങൾ

ആക്രി ബിസിനസ്  നല്ല ലാഭകരമായി ചെയ്യാൻ കഴിയുന്ന മികച്ച ഒരു ബിസിനസ് മേഖലയാണ്. ചെറുതും വലുതുമായ സംരംഭകർക്ക് ഇവിടെ അവസരങ്ങൾ ഉണ്ട്. ചെറിയ മുതൽമുടക്കിലും വലിയ മുതൽമുടക്കിലും ഇത്തരം ബിസിനസുകൾ ചെയ്യാം. മികച്ച ലാഭവിഹിതവും കുറഞ്ഞ കിടമത്സരവും ആക്രി ബിസിനസിന്റെ സവിശേഷതകളാണ്.ഇന്ത്യയിലെ ഏകദേശം 62 മില്യൺ ടൺ സ്ക്രാപ്പുകൾ പ്രതിവർഷം ഉണ്ടാകുന്നു എന്നാണ് കണക്ക്.  ഇതിൽ 45 മില്യൺ സ്ക്രാപ്പുകളും പുനരുപയോഗിക്കാൻ കഴിയുന്നവയാണ്. എന്നാൽ ഇവയുടെ 50% പോലും ഉപയോഗിക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. സാങ്കേതിക പ്രശ്നങ്ങൾ ഒന്നും ഇല്ലാതെ ആക്രി അടിസ്ഥാനമാക്കി ചെയ്യാൻ കഴിയുന്ന ഏതാനും ലഘു ബിസിനസ് ആശയങ്ങളെ പരിചയപ്പെടാം.

## 1. പെറ്റ് ബോട്ടിൽ ചിപ്സ്

നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന ഒരു ആക്രി വസ്തുവാണ് പെറ്റ് ബോട്ടിലുകൾ. ഉപയോഗശൂന്യമായി വലിച്ചെറിഞ്ഞു കളയുന്ന ഇവ ശേഖരിച്ച് കൃത്യമായി വിവിധ കേന്ദ്രങ്ങളിൽ നൽകി വരുമാനം നേടുന്ന ധാരാളം ആളുകളുണ്ട്. ഇത്തരം പെറ്റു ബോട്ടിലുകൾ പലരീതിയിലുള്ള ബിസിനസ്സുകളായി രൂപപ്പെടുത്താം. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ബിസിനസ് രീതിയാണ് പെറ്റ് ബോട്ടിൽ ചിപ്സ്. ഇതിന്റെ നിർമ്മാണ രീതി ലളിതമാണ്. പെറ്റ് ബോട്ടിലുകൾ ശേഖരിക്കുകയും അവ ബെയിലിംഗ് (പരത്തൽ) (Bailing) നടത്തി ചെറിയ മെഷീനിൽ വച്ച് കട്ട് ചെയ്ത് ചിപ്സ് ആക്കി രൂപപ്പെടുത്തിയെടുക്കുക എന്നുള്ളത് മാത്രമാണ് പ്രവർത്തന രീതി. ഇത് മറ്റു വ്യവസായങ്ങൾക്കുള്ള അസംസ്കൃത വസ്തുവായി ഉപയോഗിച്ചു വരുന്നതിനാൽ വിപണി തേടി അധികം അലയേണ്ട ആവശ്യമില്ല. ഒരു ലക്ഷം രൂപ മുടക്കിയാൽ ഒരു ബെയിലിങ് മെഷീൻ വാങ്ങാൻ കിട്ടും. ചിപ്സ് ആക്കുന്ന മെഷീൻ ആകട്ടെ ഏകദേശം രണ്ടരലക്ഷം രൂപയോളം വിലയും വരുന്നുണ്ട്. 5 ലക്ഷം രൂപ ആകെ മുടക്കാമെങ്കിൽ എല്ലാം ചേർന്ന് നല്ല ഒരു പദ്ധതി നടപ്പിലാക്കാം. പ്ലാസ്റ്റിക് ഗ്രാന്യൂളുകൾ നിർമ്മിക്കുന്നതിനാണ് പ്ലാസ്റ്റിക് ചിപ്സുകൾ ഉപയോഗിക്കുന്നത്. ആർ പി (റീപ്രോസസ്ഡ് പ്ലാസ്റ്റിക്) ഉൽപ്പന്നങ്ങൾ, പ്ലാസ്റ്റിക് ഗാർമെന്റ് ഉൽപ്പന്നങ്ങൾ,പ്ലാസ്റ്റിക് ബ്രിക്സുകൾ, എന്നിവ നിർമ്മിക്കുന്നതിനെല്ലാം അസംസ്കൃത വസ്തുവായി ഗ്രാന്യൂളുകൾ ഉപയോഗിച്ചു വരുന്നു. പ്ലാസ്റ്റിക് ചിപ്സുകൾക്ക് നാട്ടിൽസ്ഥിരം ആവശ്യക്കാരുണ്ട് എന്നതാണ് യാഥാർത്ഥ്യം.

## 2. പെറ്റ് ബോട്ടിൽ ഗ്രാന്യൂളുകൾ

പ്ലാസ്റ്റിക് ഗ്രാന്യൂളുകൾ പോലെ ഉപയോഗിക്കാവുന്ന ഒന്നാണ് പെറ്റു ബോട്ടിലിന്റെ ഗ്രാന്യൂളുകൾ. ഈ ഗ്രാന്യൂളുകൾ ഉപയോഗിച്ചുകൊണ്ട് പലരീതിയിലുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും നിർമ്മിച്ചു വരുന്നു. ഈ ഗ്രാന്യൂളുകൾ ഉണ്ടാക്കുക എന്നത് വളരെ ലളിതമായ ഒരു പ്രക്രിയയാണ്. ആക്രി പ്ലാസ്റ്റിക് ഉപയോഗിച്ചുകൊണ്ടുള്ള ചിപ്സ് ആണ് ഗ്രാനൂളുകൾ ആയി രൂപപ്പെടുത്തുന്നത്. ഇതിന് ആവശ്യമെങ്കിൽ കളറും നൽകാം. ഈ പ്രോസസിംഗ് ഒരുമിച്ച് നടത്താനാവും. ബെയിൽ ചെയ്ത പ്ലാസ്റ്റിക് ബോട്ടിലുകൾ ചിപ്സ് ആക്കുക, ഈ ചിപ്സിനെ ഗ്രാന്യൂൾസ് ആക്കുക' ഈ ഗ്രാന്യൂൾസ് ഉപയോഗിച്ചുകൊണ്ട് ആർ.പി. (റീ പ്രോസസ് പ്ലാസ്റ്റിക്) ഉൽപ്പന്നങ്ങൾ നിർമ്മിക്കുക. പ്ലാസ്റ്റിക് ബോട്ടിൽ ഗ്രാന്യൂൾസ് ഉണ്ടാക്കുന്ന മെഷീന് ഏകദേശം 6 ലക്ഷം രൂപയോളം വില വരുന്നുണ്ട്. കൂളിംഗ് സംവിധാനം എല്ലാം ഇതിൽ ഏർപ്പെടുത്തേണ്ടതുണ്ട്. പെറ്റ് ബോട്ടിൽ ഗ്രാന്യൂൾ വ്യാപകമായി എടുക്കുന്ന കോർപ്പറേറ്റ് സ്ഥാപനങ്ങൾ നിലവിലുണ്ട്. അതുകൊണ്ട് വിപണനവും വളരെ എളുപ്പമാണ്.





## 3. ആർ പി ഗ്രാനൂൾസ്

എല്ലാത്തരം പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും ഗ്രാന്യൂളുകളായി രൂപപ്പെടുത്തി വാണിജ്യ അടിസ്ഥാനത്തിൽ വിൽപ്പന നടത്താം. നിരവധി ഉൽപ്പന്നങ്ങൾക്കുള്ള അസംസ്കൃത വസ്തുവാണ് ആർ പി ഗ്രാന്യൂൾസ്. വ്യത്യസ്തമായ പ്ലാസ്റ്റിക് മോൾഡഡ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുവാണ് ഇത്. ഉപ യോഗശൂന്യമായഎല്ലാത്തരം പ്ലാസ്റ്റിക് വസ്തുക്കളും ഇവിടെ ഉപയോഗപ്പെടുത്താം. പ്ലാസ്റ്റിക് ഷീറ്റുകൾ, കവറുകൾ, പാക്കിംഗ് സാമഗ്രികൾ, പ്ലാസ്റ്റിക് പാത്രങ്ങൾ, ഉപയോഗശൂന്യമായ വസ്തുക്കളുടെ പ്ലാസ്റ്റിക് ഭാഗങ്ങൾ ഇവയെല്ലാം തന്നെ നമുക്ക് പൊടിച്ച്, ചൂടാക്കി (ഉരുക്കി) ഗ്രാന്യൂളുകളായി രൂപ പ്പെടുത്താം. വയറിങ് പൈപ്പുകൾ, പ്ലാസ്റ്റിക് മോൾഡഡ് ഉത്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് പ്ലാസ്റ്റിക് ഗ്രാന്യൂളുകൾ ഉപയോഗിച്ച് വരുന്നു. ക്ലീൻ ചെയ്ത്, (ആവശ്യമെങ്കിൽ) കരട് നീക്കി വേണം പ്ലാസ്റ്റിക് ഗ്രാന്യൂളുകൾ നിർമ്മിക്കാൻ. 10 ലക്ഷം രൂപയുടെ മൊത്തം നിക്ഷേപം നടത്തുകയാണ് എങ്കിൽ പ്ലാസ്റ്റിക് ഗ്രാന്യൂളുകൾ ഉണ്ടാക്കുന്ന നല്ല ഒരു സംരംഭം തുടങ്ങാം. ഇങ്ങനെ തുടങ്ങുന്ന ഒരു സംരംഭത്തിന് പ്രതിമാസം അഞ്ചുലക്ഷം രൂപയുടെ കച്ചവടം നടത്താനും ഒന്നര ലക്ഷം രൂപ ലാഭമായി ഉണ്ടാക്കാനും കഴിയും.മൂന്നു തൊഴിലാളികളെ വച്ചുകൊണ്ട് ഇത്തരത്തിലുള്ള ചെറിയ ഒരു സംരംഭം വിജയകരമായി നടത്തി കൊണ്ടുപോകാൻ കഴിയും. 30 ശതമാനത്തിലേറെ അറ്റാദായം തീർച്ചയായും പ്രതീക്ഷിക്കാം.



## 4. എംഎസ് ഹാർഡ്വെയർ ഉൽപ്പന്നങ്ങൾ

പഴയ ഇരുമ്പ് വേസ്റ്റ് എടുത്തു കൊണ്ട് ചെയ്യാവുന്ന ഒരു മികച്ച ബിസിനസ് ആണ് ഹാർഡ് വെയർ ഉൽപ്പന്നങ്ങൾ . ബോൾട്ട്, വിചാഗിരി, ലോക്ക്, കുറ്റി, ടവർ ബോർട്ട്, ഓടാമ്പില, പോലുള്ള നിരവധി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഇരുമ്പ് സ്ക്രാപ്പ് ഉപയോഗിക്കാം. ഇത് നല്ല വിജയകരമായി നിരവധി സ്ഥലങ്ങളിൽ ചെയ്തുവരുന്നുണ്ട്. പഴയ ഇരുമ്പ് എടുത്ത് നിലവാരം ഉള്ളവ വേർതിരിച്ച് ഇത്തരം ഉത്പന്നങ്ങൾ നിർമ്മിക്കാം. ഒരു എൻജിനീയറിങ് വർക്ക്ഷോപ്പിന്റെ സഹായത്തോടുകൂടി ഇത്തരം ബിസിനസുകൾ ഏറ്റെടുത്തു ചെയ്യാം. മികച്ച ഒരു വിപണി ഹാർഡ്വെയർ ഉൽപ്പന്നങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഹാർഡ്വെയർ ഷോപ്പുകൾ വഴി ഇവ വിറ്റഴിക്കാൻ കഴിയും. 50% അറ്റാദായം ഉറപ്പുവരുത്താൻ കഴിയുന്ന ഒരു ബിസിനസ് ആണ് പഴയ ഇരുമ്പിൽ നിന്നുള്ള ഹാർഡ്വെയർ ഉൽപ്പന്നങ്ങൾ .

## 5. ഹൗസ് വയറിങ് പൈപ്പുകൾ.

വളരെ ലളിതമായി ചെയ്യാൻ കഴിയുന്ന ഒരു ബിസിനസ് ആണ് ഹൗസ് വയറിങ് പൈപ്പുകൾ .റീ പ്രോസസ് പ്ലാസ്റ്റിക് ഗ്രാനൂളുകളാണ് ഹൗസ് വയറിങ് പൈപ്പുകൾക്ക് ഉപയോഗിച്ചു വരുന്നത്. ആവശ്യമായ കളർ ചേർത്ത് പൈപ്പുകൾ നിർമ്മിക്കുന്നു. ഒരൊറ്റ മെഷീന്റെ സഹായത്തോടെ ഈ സംരംഭത്തിലേക്ക് കടക്കാം. പൈപ്പ് ഉണ്ടാക്കുന്ന മെഷീനും അനുബന്ധ സൗകര്യങ്ങളും കൂടി പത്തുലക്ഷം രൂപയുടെ നിക്ഷേപം മതിയാകും. വയറിങ് പൈപ്പുകളും അതുപോലെ വില കുറഞ്ഞ മറ്റു പൈപ്പുകളും ഈ സംവിധാനത്തിൽ നിർമിക്കാം. ചില ഹോസുകളും മണ്ണിനടിയിലൂടെ വിക്ഷേപിക്കുന്ന ചെറിയ പ്ലാസ്റ്റിക് പൈപ്പുകളും ഇവിടെ നിർമ്മിക്കുവാൻ ആകും. ഹൗസ് വയറിങ് പൈപ്പുകൾക്ക് രാജ്യത്ത് എമ്പാടും വിപണി ഉണ്ട്. നല്ല രീതിയിൽ വിറ്റഴിക്കാൻകഴിയും. 50% എങ്കിലും അറ്റാദായം ലഭിക്കാവുന്ന ഒരു മികച്ച ബിസിനസ് ആണ് പഴയ പ്ലാസ്റ്റിക്കിൽ നിന്നുള്ള ഗ്രാന്യൂളുകൾ



കളറുകളും ഉപയോഗിച്ച് ഉണ്ടാക്കുന്ന ഹൗസ് വയറിങ് പൈപ്പുകൾ.

## 6. പ്ലാസ്റ്റിക് മോൾഡെഡ് ഉൽപ്പന്നങ്ങൾ

പഴയ ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കിൽ നിന്നും രൂപപ്പെടുത്തിയെടുക്കുന്ന ഗ്രാന്യൂളുകളും കളറുകളും ചേർത്ത് വ്യത്യസ്തങ്ങളായ പ്ലാസ്റ്റിക് മോൾഡഡ് ഉൽപ്പന്നങ്ങൾ നിർമ്മിക്കാം. പ്ലാസ്റ്റിക് ബക്കറ്റുകൾ, പ്ലാസ്റ്റിക് മഗ്ഗുകൾ, പ്ലാസ്റ്റിക് പൂച്ചട്ടികൾ, പ്ലാസ്റ്റിക് പാത്രങ്ങൾ,ഫ്ളവർ ബേസുകൾ, ടോയ്സ്, ട്രേകൾ, ക്രേയ്റ്റുകൾ, പ്ലാസ്റ്റിക് ചെയറുകൾ അങ്ങനെ നിരവധി ആയിട്ടുള്ള ഉൽപ്പന്നങ്ങൾ ആർ.പി ഗ്രാന്യൂൾസിൽ നിന്നും ഉണ്ടാക്കാനാകും. ഇവ വളരെ കുറഞ്ഞ വിലയിൽ വിപണിയിൽ എത്തിക്കാനും കഴിയും. ഗ്രാന്യൂളുകൾ കളറുമായി മിക്സ് ചെയ്ത് എക്സ്ട്രൂഷൻ മെഷീനിൽ ഫിറ്റ് ചെയ്യുന്ന ഡൈ സെറ്റിലേക്ക് ഉരുക്കി ചേർക്കുകയാണ് ചെയ്യുന്നത്. അങ്ങനെ രൂപപ്പെടുത്തിയെടുക്കുന്ന പ്ലാസ്റ്റിക് മോൾഡഡ് ഉൽപ്പന്നങ്ങൾ കുറഞ്ഞ വിലയിൽ വിപണിയിൽ എത്തിക്കാനാകും. വലിയ ഡൈ സെറ്റുകൾ ഉപയോഗിച്ചുകൊണ്ട് വാട്ടർ ടാങ്കുകളും നിർമ്മിച്ചുവരുന്നുണ്ട്. പ്ലാസ്റ്റിക് ചെയറുകളും ഇങ്ങനെ നിർമ്മിക്കാനാകും. ആർ പി ഗ്രാന്യൂളുകളും, വെർജിൻ മെറ്റീരിയൽസും പ്രത്യേക അനുപാദത്തിൽ മിക്സ് ചെയ്തും പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വരുന്നുണ്ട്. 20 ലക്ഷം രൂപയുടെ നിക്ഷേപത്തിൽ ചെറിയ പ്ലാസ്റ്റിക് മോൾഡഡ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന മെഷീൻ, ഡൈസെറ്റ് എന്നിവ ലഭ്യമാണ്. മൊത്ത വിപണിയിൽ 50% വരെ അറ്റാദായം ലഭിക്കാവുന്ന മികച്ച ഒരു ഉത്പന്നമാണ് പ്ലാസ്റ്റിക് മോൾഡെഡ് (ആർ പി) ഉൽപ്പന്നങ്ങൾ.

## 7. ബിൽഡിംഗ് മെറ്റീരിയലുകൾ.

കെട്ടിട നിർമ്മാണത്തിൽ ഉപയോഗിക്കുന്ന കട്ടിള, ജനൽ, വെന്റിലേറ്ററുകൾ, ഗേറ്റുകൾ തുടങ്ങിയ നിരവധി കെട്ടിട നിർമ്മാണ സാമഗ്രികൾ ആക്രിവസ്തുക്കളിൽ നിന്നും രൂപപ്പെടുത്താം. ഗുണനിലവാരമുള്ള യോഗ്യമായവ മാത്രമേ ഇതിന് തെരഞ്ഞെടുക്കാവൂ. വളരെ കുറഞ്ഞ വിലയ്ക്ക് ഇവ ലഭ്യമാക്കാൻ കഴിയും. എം എസ്, ജി ഐ എന്നീ ആക്രി മെറ്റീരിയലുകൾ ശേഖരിച്ച് അവയുടെ തുരുമ്പെല്ലാം നീക്കം ചെയ്ത് (അതിന് പ്രത്യേക ലിക്വിഡുകൾ ലഭ്യമാണ്) കട്ട് ചെയ്ത്, വെൽഡ് ചെയതു്, പെയിന്റ് ചെയ്ത് കെട്ടിടം നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കി വിൽക്കാം. പഴയ ഇരുമ്പ്



ഉത്പന്നങ്ങളിൽ നിന്നും പുതുപുത്തൻ ഉൽപ്പന്നങ്ങൾ രൂപപ്പെടുത്തി കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ ആകും. പഴയ ഇരുമ്പിൽ നിന്നും വാർക്ക കമ്പികളും ഉണ്ടാക്കുന്ന വലിയ സ്ഥാപനങ്ങളും പ്രവർത്തിച്ചു വരുന്നുണ്ട്. ബിൽഡിംഗ് മെറ്റീരിയൽ നിർമ്മിക്കുന്ന ഒരു സ്ഥാപനത്തിന് ഒരു എൻജിനീയറിങ് വർക്ക്ഷോപ്പ് തുടങ്ങേണ്ട ആവശ്യമേ ഉള്ളൂ. അത്രയും മെഷീനറി സൗകര്യങ്ങൾ മതിയാകും. വീട് നിർമ്മിക്കുന്നവർക്ക് 40% വരെ വിലക്കുറവിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കാനും അതോടൊപ്പം മൊത്ത വിതരണത്തിൽ 40% അറ്റാദായം നേടാനും ആകും.

## 8. റീ കണ്ടീഷന്റ് ഫർണിച്ചറുകൾ

ഉപയോഗ ശൂന്യമായ ഫർണിച്ചർ ഉൽപ്പന്നങ്ങൾ ശേഖരിച്ച് റീ കണ്ടീഷൻ ചെയ്തു വിൽക്കുന്നത് ഒരു മികച്ച ബിസിനസ് ആണ്. പഴയ ഫർണിച്ചറുകൾ ധാരാളമായി ആളുകൾ ഉപേക്ഷിച്ചു കളയുന്നുണ്ട്. ആധുനിക മോഡലുകളല്ല ഇവ എന്നുള്ളതാണ് പലരുടെയും പരാതി. ഇതു പരിഹരിക്കാൻ ആധുനിക മോഡൽ രൂപത്തിലേക്ക് പഴയ ഫർണിച്ചർ സാമഗ്രികൾ മാറ്റിയെടുക്കുക എന്നുള്ളതാണ് ചെയ്യേണ്ട കാര്യം. ഫർണിച്ചറുകൾ റീ കണ്ടീഷൻ ചെയ്തു കഴിഞ്ഞാൽ കുറഞ്ഞ വിലയ്ക്ക് വിൽക്കുകയും ചെയ്യാം. പഴയ ഫർണിച്ചറുകൾ വിൽക്കുന്നവർക്ക് ചെറിയ ഒരു വില ലഭ്യമാവുകയും ചെയ്യും. മോഡേൺ ലുക്കിൽ, ആധുനിക ഡിസൈനിൽ ഫർണിച്ചറുകൾ ലഭ്യമാക്കാനും സാധിക്കും. ഇരുമ്പ്, മര ഫർണിച്ചറുകൾ ഇത്തരത്തിൽ രൂപാന്തരപ്പെടുത്തി ഉപയോഗിക്കാം. ഏറെ പഴക്കം ചെന്ന പ്ലൈവുഡ് ഇത്തരത്തിൽ റീ കണ്ടീഷൻ ചെയ്തെടുക്കുക ബുദ്ധിമുട്ടായിരിക്കും. അത് ഒഴിവാക്കുന്നതായിരിക്കും നല്ലത്. എന്നാൽ മര അധിഷ്ഠിതം ആയിട്ടുള്ള ഫർണിച്ചറുകൾക്ക് ദീർഘായുസ്സ് ഉണ്ട് അവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാവും ഉത്തമം. അല്പം ഫർണിച്ചർ നിർമ്മാണ പരിചയം കൂടി ഉണ്ട് എങ്കിൽ രംഗത്ത് മികച്ച വിജയം കൊയ്യാം. മരത്തിന്റെ കെട്ടിട നിർമ്മാണ സാമഗ്രികളും ഇത്തരത്തിൽ നിർമ്മിക്കാൻ ആകും. ഡോറുകൾ, ജനലുകൾ, ജനൽ പാളികൾ എല്ലാം തന്നെ ഈ റീ കണ്ടീഷൻ ചെയ്തു ഉപയോഗിക്കാം. മരത്തിന്റെ ക്വാളിറ്റി അനുസരിച്ച് വിലയും ഈടാക്കാം. ഡിസൈനിങ്ങിൽ ശ്രദ്ധിക്കുകയും വേണം. മികച്ച ഒരു നിക്ഷേപ സാധ്യതയുള്ള ലഘു സംരംഭമാണ് ഇത്. ഒരു ഫർണിച്ചർ നിർമ്മാണ യൂണിറ്റ് മൂന്നുലക്ഷം രൂപ

മുടക്കിയാൽ ചെറിയ രീതിയിൽ തുടങ്ങാം. പ്ലെയിനിങ് മെഷീൻ, ഗ്രൈൻഡർ, ഡ്രില്ല്, വൈസ്, വട്ടവാൾ എന്നിവയെല്ലാം സംഘടിപ്പിക്കാം. മൊത്ത വിതരണ നിലവാരത്തിൽ എടുത്തു കഴിഞ്ഞാൽ 40 ശതമാനത്തിൽ കുറയാത്ത അറ്റാദായം ലഭിക്കാവുന്ന ഒരു ബിസിനസ് ആണ് റീ കണ്ടീഷൻ ഫർണിച്ചറുകളുടേത്.

## 9. ആക്രി സ്റ്റോറുകൾ.

പഴയ ഉൽപ്പന്നങ്ങൾ നിരന്തരമായി സപ്ലൈ ചെയ്യുന്ന വ്യക്തികൾ നമുക്ക് ചുറ്റുമുണ്ട്. ഈ വ്യക്തികളിൽ നിന്നും ആക്രി സാധനങ്ങൾ ശേഖരിക്കുന്ന സംഭരണ കേന്ദ്രങ്ങൾ തുടങ്ങുക എന്നത് റിസ്ക് കുറഞ്ഞ ഒരു ബിസിനസ് ആണ്. പല സ്ഥലങ്ങളിലും ഇത്തരം സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇപ്പോഴും ഇത്തരം സൗകര്യങ്ങൾ ഇല്ലാത്ത പ്രദേശങ്ങളും ഉണ്ട്. പഴയ പ്ലാസ്റ്റിക്കുകൾ, ഇരുമ്പുകൾ, ഇലക്ട്രോണിക് വേസ്റ്റുകൾ, മറ്റ് ആക്രി സാധനങ്ങൾ എന്നിവയെല്ലാം ശേഖരിച്ച് മൊത്തമായി എടുക്കുന്ന വ്യാപാരികൾക്ക് നൽകുക എന്നുള്ള മാത്രമാണ് ഇവിടുത്തെ ഒരു ബിസിനസ് രീതി. കാര്യമായി നിക്ഷേപം ഒന്നുമില്ലാതെ തന്നെ ഇത്തരം സംരംഭങ്ങൾ ചെയ്യാം. മാത്രമല്ല പഴയ ഉൽപ്പന്നങ്ങൾ നിരന്തരമായി ശേഖരിക്കുകയാണ് എങ്കിൽ ആ പ്രദേശത്തിനും അത് ഗുണകരമായിരിക്കും.പാഴ്വസ്തുക്കൾക്ക് ഉപയോഗവും വിലയും ലഭ്യമാക്കാൻ ആവും. ഇവ മൊത്തമായി എടുക്കുന്ന ധാരാളം സ്വകാര്യ കച്ചവടക്കാർ എല്ലാ പ്രദേശത്തും തന്നെയുണ്ട്. അന്വേഷിച്ച് അവരുമായി ഒരു ധാരണയിൽ എത്തിയശേഷം ആക്രി സാധനങ്ങൾ സംഭരിക്കുകയും അവ കൃത്യമായി അവർക്ക് വിൽക്കുകയും ചെയ്യണം. 40 ശതമാനത്തിൽ കുറയാത്ത അറ്റാദായം ലഭിക്കുകയും ചെയ്യും. പറ്റിയ ഒരു സ്ഥലം കണ്ടെത്തുക എന്നുള്ളതാണ് സുപ്രധാനം.

## 10. മിക്സഡ് മെറ്റൽ പൗഡർ.

ഇലക്ട്രോണിക് വേയ്സ്റ്റ് (ഇ-വേയ്സ്റ്റ്) ഇന്ന് ധാരാളമായി ലഭ്യമാണ്. ലഭിക്കുന്ന ഇലക്ട്രോണിക് വേസ്റ്റ് ഉൽപ്പന്നങ്ങൾ സംസ്കരിച്ച് മിക്സഡ് മെറ്റൽ പൗഡർ ആയി രൂപപ്പെടുത്താം. പ്രിൻറഡ് സർക്യൂട്ട് ബോർഡ് ഉൾപ്പെടെയുള്ളവ ഇതേ രീതിയിൽ രൂപാന്തരം വരുത്താം. സെറാമിക് ഉൽപ്പന്നങ്ങൾ, ഷോക്ക് അബ്സോർബർ പിസ്റ്റൺസ്, ആട്ടോമോട്ടീവ് പമ്പ് ഗിയർസ് , ബെൽറ്റ്, പുള്ളി, അങ്ങനെ നിരവധി ആയിട്ടുള്ള ഉൽപ്പന്നങ്ങൾ മിക്സ്ഡ് മെറ്റൽ പൗഡർ കൊണ്ട് നിർമ്മിക്കാനാകും. മിക്സഡ് മെറ്റൽ പൗഡർ, ഫൈബർ പൗഡർ എന്നിവ ഇ- വേസ്റ്റിൽ നിന്നും നിർമ്മിക്കാം. സർക്യൂട്ട് ബോർഡ് റീസൈക്ലിംഗ് മെഷീൻ എന്ന ഒരു മെഷീൻ ആണ് ഇതിന് ഉപയോഗിക്കുന്നത്. ഇത് വിപണിയിൽ ലഭ്യമാണ്. ഏകദേശം 10 ലക്ഷം രൂപയോളം വില വരുന്നുണ്ട്. ഈ മെഷീന്റെ സഹായത്തോടു കൂടി ഇലക്ട്രോണിക് വേസ്റ്റുകൾ സംസ്കരിച്ച് മിക്സഡ് മെറ്റൽ പൗഡർ ഉണ്ടാക്കിയെടുക്കുകയും വാണിജ്യ അടിസ്ഥാനത്തിൽ വിറ്റഴിക്കുകയും ചെയ്യാം. മൊത്തം വിതരണം അടിസ്ഥാനത്തിൽ 50 ശതമാനത്തിലേറെ അറ്റാദായം ലഭിക്കാൻ കഴിയുന്ന ഒരു മികച്ച ബിസിനസ് ആണ് ഇ- വെസ്റ്റിൽ നിന്നുള്ള മിക്സഡ് മെറ്റൽ പൗഡർ നിർമ്മാണം.



**സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് മുൻ ഡപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ**

# അക്കാദവോ: അറിവിന്റെ ആകാശം



ബാല്യകാലത്ത് നാം കണ്ടിട്ടുണ്ട് ഓരോരോ സ്വപ്നങ്ങൾ. ആ സ്വപ്നങ്ങളെ മനസിലിട്ട് എത്ര നാൾ താലോലിച്ചിട്ടുണ്ടാകാം. എന്നാൽ, പ്ലസ്ടു കഴിയുന്നതോടെ ഈ സ്വപ്നങ്ങൾ പലർക്കും ഉപേക്ഷിക്കേണ്ടി വരുന്നു. സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ മനസിനു ഇഷ്ടപ്പെടാത്ത കോഴ്സുകളിൽ ചേരുന്നവരാണ് അധികവും. ഉള്ളിൽ ഉറഞ്ഞു കൂടി കിടക്കുന്ന ശാസ്ത്ര സാങ്കേതിക കഴിവുകൾ ഉപേക്ഷിക്കുകയും, കിട്ടുന്ന വിഷയങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കുകയാണ് ഇന്ന് പലരും. പ്ലസ് ടു കാലം വരെ മികച്ച അക്കാദമിക്ക് നിലവാരം പുലർത്തിയവർ എഞ്ചിനീയറിങ്ങിലും മെക്കാനിക്കലിലുമായി ശരാശരി നിലവാരത്തിൽ പഠനം പൂർത്തിയാക്കിയാണ് പുറത്തിറങ്ങുന്നത്. മികച്ചൊരു അക്കാദമിക് കഴിവ് നേടിയെടുക്കാൻ ഇവർക്കാവുന്നില്ല. കഴിവിന് അനുസരിച്ച് വിദ്യ നേടാൻ കഴിയാത്തവരിൽ പലരും ഈ മേഖല തന്നെ വിട്ടു പോകുന്നു. മറ്റു ചിലരാവട്ടെ, ഇഷ്ടപ്പെടാത്ത ജോലിയിൽ സ്വന്തം കഴിവിനെ ശപിച്ചു വർഷങ്ങളോളം ജോലി ചെയ്യുന്നു. കുട്ടികളിലെ ബാല്യകാലത്തെ കഴിവു മനസിലാക്കി അവരെ നേർദിവശയിലേക്കുള്ള വഴി വെട്ടിത്തുറന്നിടുകയാണ് ഡി. ദീപേഷ് 'അക്കാദവോ' എന്ന സംരംഭത്തിലൂടെ. ഒരു കൂട്ടം സുഹൃത്തുക്കൾ ചേർന്നാണ് അടുത്ത തലമുറയ്ക്കായി അറിവിന്റെ ജാലകം തുറന്നിട്ടത്. അറിവിന്റെ അക്കാദമിയായ 'അക്കാദവോ' തുറന്ന കൊല്ലം സ്വദേശിയായ ഡി. ദീപേഷിന്റെ കഥയിലൂടെ യാത്ര ചെയ്യാം.

## ബാല്യകാല സ്വപ്നങ്ങളിൽ നിന്നും സ്റ്റാർട്ടപ്പിലേക്ക് ഉള്ള യാത്ര

ഡി. ദീപേഷ്, അക്കാദവോ എന്ന കമ്പനിയുടെ അമരക്കാരൻ. ഒരു പൈലറ്റ് ആകുക എന്ന ബാല്യകാല സ്വപ്നങ്ങളിൽ നിന്നും ആരംഭിച്ച യാത്ര ഇപ്പോൾ എത്തിനിൽക്കുന്നത് കുട്ടി ശാസ്ത്രജ്ഞർക്ക് വിജ്ഞാനത്തിന്റെ പ്രപഞ്ചം തുറന്നിടുന്ന സംരംഭത്തിലാണ്. ആറ്റിങ്ങൽ ആലംകോട് രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ എയ്റോട്ടിക്കൽ ആന്റ് എയ്റോസ്പേസ് എഞ്ചിനീയറിങ്ങിൽ ബാച്ചിലർ ബിരുദം നേടിയ അദ്ദേഹത്തിന് ഓർക്കാനുള്ളത് കടുത്ത സാമ്പത്തിക

ബുദ്ധിമുട്ടുകൾക്കിടയിലും പൈലറ്റ് എന്ന സ്വപ്ന വുമായി സഞ്ചരിച്ച യാത്രയാണ്. അന്തരീക്ഷത്തിലെ ഈർപ്പത്തിൽ നിന്നും വെള്ളം ഉൽപാദിപ്പിക്കുന്ന യന്ത്രം മുമ്പ് പലരും നിർമ്മിച്ച് എടുത്തതാണെങ്കിലും ഇത്തരം യന്ത്രങ്ങളുടെ പോരായ്മയും പരിമിതകളും കണ്ടറിഞ്ഞ് പുതിയ മെഷീൻ വികസിപ്പിച്ചെടുക്കാൻ ഈ മൂന്നാം വർഷം ബിരുദ വിദ്യാർത്ഥിക്ക് കഴിഞ്ഞു. കേരള സർക്കാരിന്റെ ഇന്നവേറ്റീവ് പ്രോഗ്രാമിലേക്ക് സെലക്ഷൻ ലഭിച്ച ഈ ഉദ്യമം സ്റ്റാർട്ട് കമ്മീഷന്റെ ഡയറക്ടർ മാനേജർ അശോകനെ പരിച്ചയപ്പെടാൻ വഴിത്തിരിവായി. ഏറെ ശ്രദ്ധിക്കപ്പെട്ട മെഷീൻ മുന്നോട്ടുള്ള വളർച്ചയ്ക്ക് കാരണമായി. സ്റ്റാർട്ടപ്പ് ഇതിനിടയിൽ ഡി ആർ സി ഓയിൽ പ്രോജക്ട് ചെയ്യാൻ സെലക്ഷൻ ലഭിക്കുകയും ചെയ്തു. പ്രമുഖ ബിസിനസുകാരനും യൂട്യൂബറുമായ ഷാരിക്ക് ഷംസുദ്ദീനെ പരിചയപ്പെടുകയും അദ്ദേഹത്തോടൊപ്പം ബിസിനസിൽ പ്രവർത്തി ക്കുകയും മാർക്കറ്റിംഗ് മികച്ച രീതിയിൽ കൈകാര്യം ചെയ്യാൻ സാധിക്കുകയും ചെയ്തു. അങ്ങനെയാണ് സ്വന്തമായി ഒരു സംരംഭം തുടങ്ങുക എന്ന തീരുമാനത്തിലെത്തിയത്. ഒടുവിൽ കുട്ടികളെ ടെക്നോളജി തലത്തിലേക്ക് വളർത്തിയെടുക്കാനുള്ള സംരംഭം തുടങ്ങുക എന്ന ആശയത്തിൽ എത്തിച്ചേർന്നു. സ്കൂൾ തലത്തില ഒരേ ആശയവുമായി വളർന്നു വന്ന സഹോദരനും, ഷാരിക്ക് ഷംസുദ്ദീനും അടക്കം പലർക്കും ഇതിൽ താൽപര്യമുണ്ടായി. ഒടുവിൽ കൊല്ലം കേന്ദ്രമാക്കി 2019- ൽ ദീപേഷ് ഫൗണ്ടറും ഡയറക്ടറും സി ഇ ഒ യും ഷാരിക്ക് ഷംസുദ്ദീൻ മറ്റൊരു ഫൗണ്ടറും ഡയറക്ടറും ആയി അക്കാദമോ റിസർച്ച് ലാബ് പ്രൈവറ്റ് എന്ന കമ്പനിക്ക് തുടക്കമിട്ടു.

## അക്കാദവോ എന്ന സർവകലാശാല

ബി എസ് അക്കാദവോ ഒരു പരീക്ഷണശാല എന്നതിനുപരി മാറുന്ന ലോകത്തിലേക്കുള്ള ഒരു ചുവടുവയ്പാണ്. വിജ്ഞാനത്തിന്റെ മറ്റൊരു തലത്തിലേക്ക് കുരുന്നുകളെ എത്തിക്കാനും അവരുടെ കുഞ്ഞു മനസ്സിലെ സ്വപ്നങ്ങൾക്ക് ചിറക് നൽകാനും വർണ്ണക്കടലാസിൽ അവർ ചെയ്യുന്ന ചെറിയ പരീക്ഷണം ലോകത്തെ ഉയർത്തിക്കാട്ടാനും കുട്ടി ശാസ്ത്രജ്ഞരുടെ ലോകം വിശാലമാക്കാനും അക്കാദവോ ലക്ഷ്യമിടുന്നു. അക്കാദവോ പ്രാധാന്യം




നൽകുന്നത് ആറാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികളെയാണ്. പഠനമാണ് പ്രാധാന്യമെങ്കിലും ഇന്നവേഷൻ പ്രോഗ്രാമുകൾക്ക് കൂടി അവസരം നൽകി കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തിയെടുക്കുകയാണ് അക്കാദവോയുടെ മുഖ്യലക്ഷ്യം. കുട്ടികളിലെ ഈ കഴിവുകൾ കുറച്ചു കൂടി മെച്ചപ്പെടുത്താൻ സ്കൂളുകൾക്ക് ഒരു ലാബ് തുറുക്കാനുള്ള അനുവാദം കൂടി നൽകിയാൽ മതി. ബി ടെക്, എം. ടെക് ബിരുദധാരികൾ ഫാക്കൽറ്റിയായ ലാബുകൾ അക്കാദവോ സ്കൂളുകളിൽ നിർമ്മിച്ചു നൽകുന്നു. റോബോട്ടിക്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വെർച്ചൽ റിയാലിറ്റി, ഇന്റർനെറ്റ് ഓഫ് തിങ്ക്സ്, ഡ്രോൺസ്, സ്റ്റീം ലേണിംഗ്, കോഡിഡ്, മാത്തമാറ്റിക്സ് ബ്രെയ്ൻ ഡെവലപ്മെന്റ്, ക്രിട്ടിക്കൽ തിങ്കിങ്, അനലറ്റിക്കൽ പ്രോബ്ലം സോൾവിങ്, ഐക്യു, ലോജിക് ബിൽഡിങ്, സോഫ്റ്റ് സ്കിൽ ഡെവലപ്മെന്റ്, കരിയർ ഗൈഡൻസ്, കമ്മ്യൂണിക്കേഷൻ സ്കിൽസ് തുടങ്ങിയവ സിലബസിൽ ഉൾപ്പെടുത്തിയാണ് ലാബിന്റെ പ്രവർത്തനം. ഈ പ്രവർത്തനങ്ങൾ കുട്ടികളിലെ ചിന്താശേഷി വികസിപ്പിക്കാനും അവരുടേതായ ആശയങ്ങൾ ഉന്നയിക്കാനും വിഷയങ്ങൾ വേണ്ട രീതിയിൽ കൈകാര്യം ചെയ്യാനും അതോടൊപ്പം മികച്ച തീരുമാനങ്ങളിൽ എത്തിച്ചേരാനും കുട്ടികളെ പ്രാപ്തരാക്കുന്നു. കഴിവുകളിൽ മികവു പുലർത്തുന്ന കുട്ടികൾക്ക് രാജ്യത്തെ തന്നെ ഏറ്റവും മികച്ച ടെക്നോളജിക്കൽ സ്ഥാപനങ്ങൾ സന്ദർശിക്കാനുള്ള അവസരങ്ങളും അക്കാദവോ നൽകുന്നു. അക്കാദവോയിൽ നിന്ന് വിദ്യാഭ്യാസവും പരിശീലനവും ആർജിച്ച് പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ശാസ്ത്രലോകത്തെ അതിവേഗം അംഗീകരിക്കാനും ശാസ്ത്രമേഖലയിൽ പെട്ടെന്നുണ്ടാകുന്ന മാറ്റങ്ങളെ ഉൾക്കൊള്ളാനും സാധിക്കുന്ന തിനോടൊപ്പം ശാസ്ത്ര സാങ്കേതിക രംഗത്ത് അവരുടേതായൊരു ഭാവി പടുത്തുയർത്താൻ കഴിയുമെന്ന് നിസ്സംശയം പറയാം.

സ്കൂളുകളിൽ മികച്ച അവസരങ്ങൾ നൽകുന്ന അക്കാദവോ സ്കൂൾ ആക്റ്റിവിറ്റികളിൽ പുതിയ ഒരു ശാസ്ത്രലോകം തുറന്നിടുന്നത് ഒരു രൂപ പോലും ലാബിനായി സ്കൂൾ മുടക്കാതെയാണെന്നത് കൂടി അക്കാദവോയുടെ സവിശേഷതയാണ്. എക്സിബിഷൻ, ഇന്റർ സ്കൂൾ മത്സരങ്ങൾ, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവക്കെല്ലാം ആതിഥേയത്വം വഹിക്കാൻ കഴിയുന്നത് കുട്ടി ശാസ്ത്രജ്ഞർക്ക് കൂടുതൽ പ്രചോദനപരമാണ്.

നിലവിൽ ഒട്ടേറെ വിദ്യാലയങ്ങളിൽ അക്കാദവോയുടെ ലാബ് പ്രവർത്തിക്കുന്നുണ്ട്. വിദ്യാലയങ്ങൾ എന്ന് കേൾക്കാൻ തന്നെ എന്ത് രസമാണ്. നിഷ്കളങ്കതയും സന്തോഷങ്ങളും സൗഹൃദങ്ങളും ആടി തിമിർക്കുന്നിടം. അക്ഷരങ്ങളുടെ അറിവിനാൽ വിദ്യയുടെ കൊടുമുടി താണ്ടുക... അതാണ് മനസ്സിലേക്ക് ആദ്യം വരിക. എന്നാൽ കുഞ്ഞുങ്ങൾ സ്വതന്ത്രരായി പറന്നുയരാൻ എല്ലാ തരത്തിലുമുള്ള വിദ്യകൾ അഭ്യസിക്കേണ്ടതുണ്ട്. അഭ്യസിപ്പിക്കേണ്ടതുണ്ട്.

മഹാന്മാരായ പല ശാസ്ത്രജ്ഞരും ആദ്യ കവാടം തുറന്ന് വിദ്യാലയങ്ങളിൽ നിന്നാണ്. ഇനിയും ഒരുപാട് കുഞ്ഞു ശാസ്ത്രജ്ഞരും, മഹാന്മാരും ഓരോ പാഠമുറികളിലും ഒളിഞ്ഞിരിപ്പുണ്ട്. അക്ഷരമുറ്റത്തെ ബാല്യങ്ങളിൽ നിന്നും അത് കണ്ടെത്തി, വളർത്തി വലുതാക്കാൻ ഇന്ന് ഒരു കൂട്ടം അധ്യാപന ശീലമുള്ളവർ വിദ്യാലയങ്ങളിൽ കണ്ടുവരുന്നു. ഇതിലൊക്കെയും അറിവിന് ...... കുരുന്നുകൾക്ക് ...... അവസരമായി മാറുന്നത് പാഠശാലകളിലെ അക്കാദവോ ആണ്. തിന്മകൾ ഇല്ലാതെ മേന്മകൾ ഉയർത്തി അറിവിന്റെ കൊടുമുടിയിൽ കുരുന്നുകൾക്ക് പാറിപ്പറക്കാൻ ആ മായാലോകം തുറന്നിടാം...



ISO 9001:2015 | THE HOME DEPOT | Sedex | COSTCO WHOLESALE

Celebrating 50 Years

# Its time to choose the BEST QUALITY from the best manufacturer

www.aramats.com



**Arackathara Reclamations** is a professionally managed manufacturer & exporter of rubber & coir products based in kerala, India. Established in 1973. This company under Arackathara group has more than five decades of experience in this industry. We are specialized in the production of industrial rubber mats, rubber polypropylene mats, rubberized coir mats, recycled rubber mats and all types of door mats. The group expanded its product range to include rubber moulded mats, handloom mats, jute mats, rugs, carpets to fulfil the rising demand of organic flooring solution.

aramats

A Product from

arackathara RECLAMATIONS

**Call: +91 98470 41212 | +91 94477 13412**

Kurichy P. O., Kottayam 686 532, Kerala, India

Tel: +91 481 2322212, email: info@aramats.com

RNI NO.KERBIL/29441/1977 Registered No.KL/TV(N)/183/2024-26
Licence No.KL/TV(N)/WPP/182/2024-26 Licensed to post without pre-payment
Volume 56 Issue 12
September 2024

# Vyavasaya Keralam
MONTHLY

₹ 30
Date of publication-
16th September 2024


## വ്യവസായ വാണിജ്യ മേഖലയിലെ സ്പന്ദനങ്ങളറിയാൻ



## പരസ്യനിരക്ക്

| | കളർ | ബ്ലാക്ക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

നിങ്ങളുടെ ഉത്പന്നമോ സേവനമോ യഥാർത്ഥ ആവശ്യക്കാർക്കിടയിൽ കുറഞ്ഞ ചെലവിൽ പരസ്യപ്പെടുത്താൻ ഏറ്റവും യോജിച്ച മാസിക
**വ്യവസായ കേരളം**

**എഡിറ്റർ**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം - 695 033
ഫോൺ: 6238302158
Email: vyavasayakeralam@gmail.com

വാർഷിക വരിസംഖ്യ 300 രൂപ
ഒറ്റപ്രതി 30 രൂപ

VYAVASAYA KERALAM
**വ്യവസായ കേരളം**
സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം


Printed and published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
and printed atAkshara Offset, Vanchiyoor, Thiruvananthapuram. Ph.0471 2471174. and published at Thiruvananthapuram
Editor : Biju P.B.